

# മൊഴിമുത്തുകൾ

ഡോ. ബെന്നിച്ചൻ സ്കറിയ

വചനം ജീവദായകമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതാണ്. വചനം ഹൃദയത്തിൽ സ്പർശിക്കണമെങ്കിൽ അത് ജീവിതാനുഭവങ്ങളിൽ ചാലിച്ചെടുത്തതാകണം. ദൈവവചനത്തിന്റെ പൊരുൾ മനസ്സിലാക്കാനുള്ള ലളിതമായ ശ്രമമാണ് ഈ കൃതി. അനേകം സംഭവങ്ങളിലൂടെയും ജീവിതാനുഭവങ്ങളിലൂടെയും ഹൃദയത്തെ സ്പർശിക്കാനുള്ള വാക്കിന്റെ ശക്തി ഈ ഗ്രന്ഥത്തിൽ നിഴലിച്ചു കാണുന്നു

ABPL Publications

മൊഴിമുത്തുകൾ
ഡോ. ബെന്നിച്ചൻ സ്കറിയ



മൊഴിമുത്തുകൾ
ഡോ. ബെന്നിച്ചൻ സ്കറിയ

# മൊഴിമുത്തുകൾ

ഡോ. ബെന്നിച്ചൻ സ്കറിയ

*Malayalam*
**Mozhimuthukal**
*(Reflections)*

*Author*
Dr. Bennichen Scaria

*First Edition*
June 2020

*Cover Design*
Anupriya Manuel

*Pre Press*
Anulal Printers
Murickassery - 685604

*Printed at*
Central Press
Kattappana

*Published by*
ABPL Publications, Kerala
www.abplpublications.co.in

No part of the publication may be reproduced stored in a retrieval system or transmitted in any form or by any means without the prior permission from the publisher in writing.

ISBN : 978-81-945965-6-1 **Price ₹ 150**

# മൊഴിമുത്തുകൾ

ഡോ. ബെന്നിച്ചൻ സ്കറിയ

എബിപിഎൽ പബ്ളിക്കേഷൻസ്

# മുഖവുര

ഇരുതല വാളിനേക്കാൾ മൂർച്ചയേറിയ ദൈവവചനം മനുഷ്യ ഹൃദയത്തിൽ ആഴത്തിൽ പതിയുന്നത് ജീവിതാനുഭവങ്ങളിൽ തട്ടുമ്പോഴാണ്. ഗലീലിയയുടെ തീരങ്ങളിലൂടെ നടക്കുമ്പോഴും ജറുസലേമിലെ പാതയോരങ്ങളിലൂടെ പ്രസംഗിക്കുമ്പോഴും മല മുകളിലിരുന്ന് പഠിപ്പിക്കുമ്പോഴും തച്ചന്റെ മകന്റെ അധരങ്ങളിൽ നിന്ന് മൊഴിയുന്ന ദൈവീകസത്യങ്ങൾ സാധാരണക്കാരുടെ ജീവിതസാഹചര്യങ്ങളിൽ നിന്നടർത്തിയെടുത്ത സംഭവങ്ങൾ നിറഞ്ഞതായിരുന്നു. പ്രഘോഷിപ്പിക്കപ്പെടുന്ന വചനത്തിലേക്ക് ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിക്കാൻ ജീവിതാനുഭവങ്ങ ൾക്കും സംഭവങ്ങൾക്കുമുള്ള കഴിവ് അപരിമേയമാണ്. ഇതി നുള്ള എളിയശ്രമം പുസ്തകരൂപം പ്രാപിച്ചതാണ് മൊഴിമുത്തു കൾ.

മൊഴിമുത്തുകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കു മ്പോൾ മറക്കാനാകാത്ത പലരുമുണ്ട്. എന്റെ ചിന്തകൾ കാലാ കാലങ്ങളിൽ പ്രസിദ്ധീകരിച്ച ജീവജ്വാല, അമലോത്ഭവ, സ്നേ ഹത്താഴ്‌വര, ഗോതമ്പുമണി തുടങ്ങിയ മാസികകളുടെ എഡി റ്റർമാർ പ്രോത്സാഹനം നല്കിയ സഹപ്രവർത്തകർ, വിദ്യാർ ത്ഥികൾ, ബഹു.വൈദികർ, സിസ്റ്റേഴ്സ്, പ്രസിദ്ധീകരണം ഏറ്റെ ടുത്ത എ ബി പി എൽ പബ്ളിക്കേഷൻസ്, കവർ ഡിസൈൻ ചെയ്ത് അനുപ്രിയ മാനുവൽ, പ്രിന്റിംഗ് സഹായിച്ച അനുലാൽ, സെൻട്രൽ ഓഫ്സെറ്റ് എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി

**ഡോ.ബെന്നിച്ചൻ സ്കറിയ**

# ഉള്ളടക്കം


1. വെട്ടിയൊരുക്കുന്ന തമ്പുരാൻ ............ 9
2. കുടുംബം= സമർപ്പണം ............ 13
3. താലന്തുകൾ തിരിച്ചറിയുക ............ 18
4. ഉത്തമയായ ഭാര്യ ഭാഗ്യവതിയാണ് ............ 24
5. മരണം : പൂർണ്ണതയിലേക്കുള്ള യാത്ര ............ 31
6. ആധുനിക സിനിമയും ജീവിതവും ............ 37
7. ഒരു അവസരം കൂടി ............ 42
8. ഭോഷനായ ധനികൻ ............ 47
9. ധൂർത്തനാക്കിയത് ആരാണ് ? ............ 51
10. താലന്തുകൾ തിരിച്ചറിയുക ............ 55
11. പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടതല്ലേ? ............ 59
12. പ്രേമം സിനിമയെ വിലയിരുത്തുമ്പോൾ ............ 64
13. ഉറങ്ങുന്നവനെ ഉണർത്തണം ............ 68
14. ബാക്കി ഒൻപതുപേർ എവിടെപോയി ? ............ 72
15. ആരാണ് എന്റെ അയൽക്കാരൻ ............ 76
16. ആരുടെ പാപം നിമിത്തമാണ് ഈ ജന്മം? ............ 79
17. നിലവിളി കേൾക്കുന്ന ദൈവം ............ 83
18. മുമ്പന്മാർ പിൻപിലാകുമ്പോൾ ............ 87

# 1.

## വെട്ടിയൊരുക്കുന്ന തമ്പുരാൻ

**ഈ** പ്രാവശ്യം കാപ്പിക്ക് നല്ല വിളവാണല്ലോ. പതിവില്ലാത്ത ചോദ്യം കേട്ടാണ് തോമാച്ചേട്ടൻ ഉച്ചമയക്കത്തിൽ നിന്നുണ ർന്നത്. വികാരിയച്ചൻ വീടുസന്ദർശനത്തിന് എത്തിയതാണ്. തോമാച്ചേട്ടന്റെ കഠിനാധ്വാനത്തിന്റെ കർമ്മഭൂമിയാണ് നിറയെ പഴുത്ത് പാകമായി കിടക്കുന്ന കാപ്പിത്തോട്ടം. ഒരു ദീർഘ നിശ്വാ സത്തോടെ തോമാച്ചേട്ടൻ എഴുന്നേറ്റ് വികാരിയച്ചന് സ്തുതി ചൊല്ലി. ഭാര്യ സൂസമ്മ കാപ്പിയുമായി അച്ചന്റെ അടുക്കലെത്തി. മക്കളെക്കുറിച്ചും കൃഷിയെക്കുറിച്ചും തോമാച്ചേട്ടൻ വാചാ ലനായി. മണ്ണിൽ പണിയുന്ന ഒരു സാധാരണ മനുഷ്യന്റെ ആത്മ സംതൃപ്തിയുടെ നിശ്വാസങ്ങൾ തോമാച്ചേട്ടനിൽ കാണാൻ അച്ചനു കഴിഞ്ഞു. വിടർന്നു നിൽക്കുന്ന കണ്ണുകളിൽ ജ്വലിച്ചു നിൽക്കുന്ന ഒരു കർഷക മനസ്സിന്റെ സംതൃപ്തിയുടെ തിളക്കം കണ്ടപ്പോൾ അച്ചനോർത്തു, ഫലം തരുന്നതിനെ അവിടുന്ന് കൂടുതൽ കായ്ക്കാനായി വെട്ടിയൊരുക്കുന്നു (യോഹ.15:2)

വികാരിയച്ചൻ പടിയിറങ്ങിയപ്പോൾ ഭാര്യ സൂസമ്മ തോമാച്ചേട്ടന്റെ അടുക്കൽ വന്നിരുന്നു. ഈ പ്രാവശ്യം നമ്മൾ രക്ഷപ്പെട്ടെന്നാണ് എല്ലാവരും പറയുന്നത്. തോമാച്ചേട്ടന്റെ പറമ്പിലേക്ക് കണ്ണോടിക്കുന്ന ഏതൊരുവനും ആദ്യം വായിൽ വരുന്നത് ഈ നല്ല വിളവിനെപ്പറ്റിയാണ്. പശുവിന്റെ അമറൽ കേട്ട സൂസമ്മ പശുവിനെ അഴിക്കാൻ പറമ്പിലേക്ക് ഇറങ്ങിപ്പോകുന്നത് കണ്ടുകൊണ്ടാണ് തോമാച്ചൻ കസേരയിൽ ഇരുന്നത്. പെട്ടെന്ന് മയക്കത്തിലേക്ക് വഴുതിവീണ തോമാച്ചൻ സെഹിയോനിൽ ധ്യാനത്തിന് പോയതാണ് ഓർക്കുന്നത്. മൈക്കിന്റെ സ്റ്റാൻഡിൽ കൈവച്ചുകൊണ്ട് ധ്യാനഗുരു പറയുന്നു. എല്ലാം വെട്ടിയൊരുക്കപ്പെടണം കൂടുതൽ ഫലം ഉണ്ടാകണമെങ്കിൽ ഫലം തന്നതിനെ വെട്ടിക്കളയണം. ഉറച്ച തീരുമാനവുമായാണ് അയാൾ തിരിച്ചു വന്നത്. നന്നായി വിളഞ്ഞുകിടന്ന തന്റെ തോട്ടത്തിലെ കാപ്പിക്കുരു മുഴുവൻ പറിച്ചു തീർന്നപ്പോൾ വീണ്ടും അയാളുടെ മനസ്സിൽ വചനം ഉണർന്നുവന്നു. കൂടുതൽ കായ്ക്കാനായി വെട്ടിയൊരുക്കണം.

കാപ്പിക്കമ്പുകൾ ഓരോന്നോരോന്നായി തോമാച്ചേട്ടൻ തന്നെ കവാത്തു നടത്താൻ തുടങ്ങി. ഓരോ മരത്തിന്റെ അടുക്കലെത്തുമ്പോഴും മൂർച്ചയുള്ള വാക്കത്തി കാണുമ്പോൾ കാപ്പിക്ക് തന്നോട് എന്തോ പറയാനുള്ളതുപോലെ തോമാച്ചന് തോന്നിയിരുന്നു. ഞാൻ നന്നായി കായ്ച്ചിട്ടും എന്റെ കമ്പുകൾ നിർദയമായി അങ്ങ് വെട്ടിക്കളയുകയാണല്ലോ. ഫലം തന്നതിനെ ഇങ്ങനെ വെട്ടിവിടേണ്ട കാര്യമുണ്ടായിരുന്നോ? വീണ്ടും സെഹിയോൻ ധ്യാനകേന്ദ്രം മനസ്സിലേക്ക് വരുന്നു. വചനം വീണ്ടും പറയുന്നു. "ഫലം ചൂടണമെങ്കിൽ വെട്ടിയൊരുക്കപ്പെടണം"

തന്റെ മനസ്സിന്റെ ദുഃഖഭാരങ്ങൾ ഇറക്കിവെയ്ക്കാനാണ് തോമാച്ചനും സൂസമ്മയും അട്ടപ്പാടി ധ്യാനകേന്ദ്രത്തിലെത്തിയത്. അപ്രതീക്ഷിതമായാണ് ആ ദുരന്തം നടന്നത്. തങ്ങളുടെ ഏക മകൻ സൈക്കിളിൽ വീട്ടിലേക്ക് വന്ന വഴിക്കാണ് ലോറിവന്ന് അവനെ ഇടിച്ചിട്ട് അവന്റെ ശരീരത്തിലൂടെ ചക്രങ്ങൾ കയറിയിറങ്ങിയത്. അന്ത്യചുംബന സമയത്ത് പൊന്നുമകന്റെ മുഖം പോലും കാണാൻ കഴിയാത്തതിനാൽ തോമാച്ചായന്റെ ഹൃദയം നുറുങ്ങി. അത്രക്ക് ക്രൂരമായാണ് വിധി അദ്ദേഹത്തോട് പെരുമാറിയത്. കാരണം വീണുകിടന്ന തന്റെ മകന്റെ തലയിലൂടെ ലോറിയുടെ പിൻചക്രം കയറിപ്പോയെന്ന് ആരോ പറയുന്നത് ആ പിതാവ് കേട്ടിരുന്നു. ഇത്രമാത്രം പ്രാർത്ഥിക്കുന്നവനായിരുന്നിട്ടും, സമൂഹത്തിന് നന്മചെയ്യുന്നവനായിരുന്നിട്ടും തോമാച്ചനോട് ദൈവം എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. സൂസമ്മയാണെങ്കിൽ മാതൃദീപ്തിയുടെ സെക്രട്ടറിയുമാണ്. ഇടവകയുടെ എല്ലാ കാര്യങ്ങളിലും തോമാച്ചനും സൂസമ്മയും എപ്പോഴും മുൻനിരയിൽത്തന്നെയാണ്. എന്നിട്ടും എന്തുകൊണ്ടാണെന്റെ ദൈവമേ ഈ കുടുംബത്തിന്റെ ആൺതരിയെ നീ കൊണ്ടുപോയത്? ആളുകളുടെ അടക്കം പറച്ചിലുകൾ ഇപ്പോഴും മനസ്സിൽ മുഴങ്ങുന്നു.

ഇപ്പോൾ തോമാച്ചനും സൂസമ്മക്കും ഒന്നല്ല ഒൻപത് മക്കളാണുള്ളത്. ആർക്കും വേണ്ടാതെ തെരുവിലേക്ക് വലിച്ചെറിയപ്പെടുന്ന അനാഥ ബാല്യങ്ങളെ തോമാച്ചൻ സ്വന്തം മക്കളായി കരുതുന്നു. നഷ്ടപ്പെട്ടുപോയ തന്റെ പൊന്നുമോന്റെ മുഖം ഈ അനാഥബാല്യങ്ങളിൽ കണ്ട് സംതൃപ്തി അടയുന്ന ഒരു നല്ല കുടുംബം. ഈ ഒൻപതുപേരും ഇപ്പോൾ സ്കൂളിൽ പോയിരിക്കുകയാണ്. അവരുടെ പപ്പയും മമ്മിയുമായി തോമാച്ചനും

സൂസമ്മയും ഇന്ന് മാറിയിരിക്കുന്നു.ആ കുടുംബത്തിൽ നിന്ന് വൈകുന്നേരങ്ങളിൽ ഉയർന്നുകേൾക്കുന്ന പ്രാർത്ഥനാ ഗീതികൾ അസൂയയോടെയാണ് മറ്റുള്ളവർ കേട്ടുനിൽക്കുന്നത്. ഒൻപതുപേരും ഒന്നിനൊന്ന് മികച്ചു നിൽക്കുന്നു. ആളുകൾ പറയാൻ തുടങ്ങി തോമാച്ചൻ എത്ര ഭാഗ്യവാനാണ്.

സൂസമ്മ പശുവിനെയും കൊണ്ട് കയറിവരുന്നു. മക്കളെല്ലാം സ്കൂൾ വിട്ട് വരാറായി. തോമാച്ചൻ തന്റെ കണ്ണുകളിൽ നിന്നും ധാരയായി ഒഴുകിയ സന്തോഷത്തിന്റെ അശ്രുക്കൾ തുടച്ചതിനുശേഷം പുറത്തേക്കിറങ്ങി. വീണ്ടും ആ വചനം കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. "കൂടുതൽ ഫലം ചൂടണമെങ്കിൽ വെട്ടിയൊരുക്കേണ്ടിയിരിക്കുന്നു".

# 2.

## കുടുംബം= സമർപ്പണം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖയിൽ "മക്കൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണ് " എന്ന് വിവരിച്ചിരിക്കുന്നു. ദൈവത്തിന്റെ ഏറ്റവും വലിയ ഈ ദാനത്തെ സ്വന്തമാക്കിയ ഒരു നല്ല കുടുംബത്തെ പരിചയപ്പെടുത്താം. മണ്ണിനോടും മലമ്പാമ്പിനോടും മല്ലടിച്ച് മണ്ണിൽ പൊന്ന് വിളയിച്ചതോടൊപ്പം ദൈവത്തിന്റെ ദാനമായ ജീവനെ രണ്ടുകൈയ്യും നീട്ടി സ്വീകരിച്ച ഉത്തമ കുടുംബമാണ് ഇടുക്കി രൂപതാധ്യക്ഷനായ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ കുടുംബം. പതിനഞ്ച് മക്കളിൽ പത്തു പേരും ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ഇടയനടുത്ത ശുശ്രൂഷകളിൽ വ്യാപരിക്കുമ്പോൾ ദൈവത്തോട് വിശ്വസ്തത പുലർത്തിയ കുടുംബത്തെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നതിന്റെ നേർക്കാഴ്ചകളാണ് കാണുന്നത്.

ആധുനിക മനുഷ്യന്റെ ആദ്ധ്യാത്മിക ശുഷ്കതയെപ്പറ്റിയും മൂല്യശോഷണത്തെപ്പറ്റിയും ചിന്തിച്ച് വിലപിക്കാത്തവർ ഇന്ന് വിരളമാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ ചോർന്നൊലിച്ചു പോകാൻ പാടില്ലാത്ത പല മൂല്യങ്ങളും ചീട്ടുകൊട്ടാരംപോലെ തകർന്നടിയുന്ന കാഴ്ചയാണ് നാം കാണുന്നത്. നുണകൾ ആയിരംവട്ടമാവർത്തിച്ച് സത്യമാക്കാൻ പരിശ്രമിക്കുന്ന നീതി ന്യായാസനങ്ങളുടെ നെറിക്കേടുകളാണ് നമുക്കുചുറ്റും. ഈ ജീർണ്ണസംസ്കാരത്തിന്റെ മാറാപ്പേന്തിയവരുടെ കരങ്ങളിൽ സ്വസ്ഥതയും സമാധാനവും തേടുന്ന ആധുനിക മനുഷ്യന്റെ നോവിന്റെയും നൊമ്പരങ്ങളുടേയും കഥകളാണ് നാം കേൾക്കുന്നത്. ആണവ സംസ്കാരത്തിന്റെ അധിനിവേശ സ്വപ്നങ്ങൾ ജീവിതത്തിന്റെ മേൽ പാതകങ്ങളായി പെയ്തിറങ്ങുമ്പോൾ പകച്ച് നിൽക്കുകയാണിന്ന് മനുഷ്യൻ. അങ്ങാടിചന്തകളിൽ പ്രദർശനവസ്തുവാക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ ഇരുണ്ടുപോയ വർത്തമാനകാലത്തെ കൈയ്യടക്കുന്ന ആധുനിക മുതലാളിത്വത്തിന്റെ തത്ത്വശാസ്ത്രം ഈ നാടിന്റെ സിരകളിൽ നൊന്തുനീറുന്നു. മനുഷ്യവ്യക്തികളുടെ ധാർമ്മിക ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ തേടിയുള്ള പ്രയാണം നമ്മെ കൊണ്ടെത്തിക്കുന്നത് ആടിയുലഞ്ഞ ദുർബലങ്ങളായ കുടുംബങ്ങളിലാണ്. വ്യക്തികളെ വാർത്തെടുക്കുന്ന മൂശയായ കുടുംബങ്ങളുടെ തകർച്ച സമൂഹത്തിന്റെ അടിത്തറ തന്നെ ഇളക്കുന്നു.

## മക്കൾ ദൈവത്തിന്റെ താലന്തുകൾ

പരിശുദ്ധപിതാവ് 11-ാം പീയൂസ് പാപ്പയുടെ "ക്രൈസ്തവവിവാഹം" എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ***"മാതാപിതാക്കളെ ദൈവം ഏൽപ്പിച്ചിരിക്കുന്ന താല***

*ന്തുകളാണ് അവരുടെ മക്കൾ. വിധിദിവസത്തിൽ പലിശ സഹിതം അവരെ ദൈവത്തിന് തിരിച്ചേൽപ്പിക്കുകയാണ് അവരുടെ കടമ. അതുകൊണ്ട് തങ്ങളുടെ മക്കളെ ദൈവത്തിനായി സമർപ്പിക്കാനുള്ള വിശ്വാസദാർഢ്യവും ആദ്ധ്യാത്മികചൈതന്യവും മാതാപിതാക്കൾക്കുണ്ടാകണം".* തന്റെ ഏക മകനായ ഇസഹാക്കിനെ ബലിയർപ്പിക്കാൻ സന്നദ്ധനായ അബ്രാഹം വഴി അതാണ് ദൈവം നമ്മെ പഠിപ്പിക്കുന്നത്. വർഷങ്ങൾക്കുമുമ്പ് പാലാരൂപതയിലെ കൊഴുവനാൽ ഇടവകയിൽ നിന്ന് കുഞ്ചിത്തണ്ണിയിലേക്ക് കുടിയേറിയ ആനിക്കുഴിക്കാട്ടിൽ ലൂക്ക-ഏലി ദമ്പതികൾക്ക് ഇതിനെക്കുറിച്ച് ഉത്തമബോധ്യമുണ്ടായിരുന്നു. ദൈവം തന്ന താലന്തുകളെ ദൈവത്തിനായി വളർത്താൻ അവർ പരിശ്രമിച്ചതിന്റെ അടയാളങ്ങളാണ് സഭയിൽ ഇന്ന് ശോഭിച്ചു നിൽക്കുന്ന അഭിവന്ദ്യപിതാവും മറ്റു തിരഞ്ഞെടുക്കപ്പെട്ടവരും.

### നീ ഒരു അനുഗ്രഹമായിരിക്കും.

സൃഷ്ടിയുടെ പുസ്തകത്തിൽ അബ്രഹാത്തെ വിളിച്ച ദൈവം അവനെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞത് ഏതു ദേശത്തും നീ ഒരു അനുഗ്രഹമായിരിക്കും എന്നാണ്. ദൈവം തന്ന തന്റെ ഏക മകനെ ദൈവത്തിനായി സമർപ്പിക്കാൻ തയ്യാറായ അബ്രഹാത്തിനെയാണ് ദൈവം അനുഗ്രഹിക്കുന്നത്. ഇതുപോലെ ദൈവം കൊടുത്ത മക്കളെ ദൈവത്തിനായി സമർപ്പിക്കാൻ തയ്യാറായ ആനിക്കുഴിക്കാട്ടിൽ കുടുംബം ദൈവത്തിന്റെ അനുഗ്രഹം സ്വന്തമാക്കി മറ്റുള്ളവരുടെ മുമ്പിൽ ദൈവകൃപയുടെ അടയാളങ്ങളായി മാറുന്നു. അതുകൊണ്ട് തന്നെയാണ് സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത, ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മാതാവിന്റെ ശവസംസ്കാര ശുശ്രൂഷ

യിൽ ഇപ്രകാരം പറഞ്ഞത്: ''സീറോ മലബാർ സഭ ഈ വലിയ അമ്മയുടെ മുമ്പിൽ ശിരസ്സു നമിക്കുന്നു. കാരണം ദൈവം തന്ന താലന്തുകൾ എങ്ങനെ വർദ്ധിപ്പിക്കാമെന്നും അതിനെ എത്ര മാത്രം ശോഭയുള്ളതാക്കാമെന്നും തന്റെ ജീവിത സാക്ഷ്യം കൊണ്ടു കാണിച്ചുതന്ന വലിയൊരു വ്യക്തിയെയാണ് നമ്മളിന്ന് യാത്രയാക്കുന്നത്''. ആകുലതകളുടെയും അസ്വസ്ഥതകളുടെയും അധ്വാനത്തിന്റെയും മദ്ധ്യേ അചഞ്ചലമായ ദൈവവിശ്വാസവും അർപ്പണമനോഭാവവുമാണ് ഈ കുടുംബത്തെ ദൈവസന്നിധിയിൽ വിലയുള്ളതാക്കി മാറ്റിയത്.ചെറിയ കുടുംബങ്ങളിലെ വലിയ ഭാരങ്ങളായി ഇന്ന് മാതാപിതാക്കൾ മാറുന്ന ദയനീയ കാഴ്ചയാണ് നാം കാണുന്നത്. ജീവിതത്തിന്റെ നല്ല കാലത്ത് വിയർപ്പുചിന്തി അധ്വാനിച്ച് വളർത്തിയ മക്കൾ പ്രായമായ മാതാപിതാക്കളെ കുടുംബത്തിന്റെ മൂലയിലേക്കും വൃദ്ധസദനങ്ങളിലെ ഏകാന്തതയിലേക്കും വലിച്ചെറിയുന്നതിന്റെ കാരണം തന്നെ സ്വാർത്ഥതയുടെ വക്താക്കളായി ഇവരെ വളർത്തുന്നതാണ്.

## കുടുംബം ഒരു ബലിപീഠം

കാലചക്രത്തിന്റെ തിരിയലുകൾക്കനുസരിച്ച് ആധുനികതയിൽ നിന്നും ആധുനികതയിലേക്ക് കുതിക്കുന്ന ഒരു ലോകത്തിലാണ് നാമോരോരുത്തരും ജീവിക്കുന്നത്. ഉദരത്തിൽ ഉരുവായ കുഞ്ഞിന് ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കുന്ന മാതാപിതാക്കൾ. ഉപയോഗശൂന്യമായ ജീവിതത്തെ 'കാരുണ്യപൂർവ്വം' വധിക്കുന്ന മക്കൾ. കാണാത്ത കണ്ണിനെ പിഴുതെറിയുന്ന ധാർമ്മികതയുടെ പുതിയ മാനങ്ങൾ തേടി ഇനിയും യാത്ര തുടരുന്ന മനുഷ്യൻ. സ്നേഹം എന്തെന്നുപോലുമറിയാത്ത,

സ്നേഹിക്കാൻ മറന്നുപോയ, ഒന്നു പുഞ്ചിരിക്കാൻപോലും കഴിയാത്ത ഈ യുഗത്തിലെ മനുഷ്യരുടെ മുമ്പിൽ കുടുംബ മാകുന്ന ബലിവേദിയിൽ യാഗമായി മാറിയ ബലിവസ്തുക്ക ളാണ് ആനിക്കുഴിക്കാട്ടിൽ കുടുംബം. മണ്ണിന്റെ മണവും വിയർ പ്പിന്റെ ഉപ്പുരസവും സ്വന്തമാക്കിയ കുടുംബം. അകാലത്തിൽ വേർപിരിഞ്ഞുപോയ സഹോദരങ്ങളുടെ ഓർമ്മകൾക്കു മുമ്പിൽ ദൈവത്തിന്റെ പദ്ധതികളോട് പൂർണ്ണമായി സഹകരിച്ച ഒരു കുടുംബം. 'ഇതാ കർത്താവിന്റെ ദാസി' എന്ന മനോഭാവ ത്തോടെ ജീവിച്ച ഒരു നല്ല അമ്മയുടെ കുടുംബം. നീതിമാനായ യൗസേപ്പിനെപ്പോലെ തന്റെ ഉത്തരവാദിത്വങ്ങൾ ശരിയായി നിർവ്വഹിച്ച ഒരു അപ്പച്ചൻ നേതൃത്വം കൊടുത്ത കുടുംബം. "ഇതാ ഞാൻ എന്നെ അയച്ചാലും" എന്ന തീക്ഷ്ണതയോടെ കർത്താവിന്റെ മുന്തിരിത്തോട്ടത്തിലേക്ക് വേലക്കിറങ്ങിയ പത്ത് പ്രേക്ഷിതരുടെ കുടുംബം. "കർത്താവിനോട് നന്ദി പറയു വിൻ, എന്തെന്നാൽ അവിടുന്ന് നല്ലവനാണ് ". എന്ന ചിന്ത യോടും വിശ്വാസത്തോടും കൂടെ ജീവിക്കുന്ന കുടുംബങ്ങൾ ഉള്ള ഭവനം. അതുകൊണ്ടുതന്നെ ദൈവം ഈ കുടുംബത്തെ സമൃദ്ധമായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. "എന്തെ ന്നാൽ ഉള്ളവനു പിന്നെയും നൽകപ്പെടും; ഇല്ലാത്തവ നിൽ നിന്ന് ഉണ്ടെന്ന് അവൻ വിചാരിക്കുന്നതുകൂടെയും എടു ക്കപ്പെടും"(ലൂക്ക.8:18).

# 3.

# താലന്തുകൾ തിരിച്ചറിയുക

ഹൈറേഞ്ചിന്റെ മലമടക്കുകളിലൂടെയുള്ള ആ യാത്രയിൽ ഞാൻ പലപ്രാവശ്യം ചിന്തിച്ചു. ചാക്കോചേട്ടന് ഇതിന്റെ ആവശ്യം ഉണ്ടായിരുന്നോ? കെ.കെ റോഡിനോട് ചേർന്ന്കിടന്ന നിരപ്പായ സ്ഥലവും വീടും നിസ്സാരവിലയ്ക്ക് വിറ്റതിനുശേഷം എട്ടുംപൊട്ടും തിരിയാത്ത ആറ് മക്കളേയും ഭാര്യ അന്നാമ്മയേയും കൂട്ടി ഈ മലമുകളിലേക്ക് എന്തിനാണ് പോന്നത് ? ഹൈറേഞ്ചിലെ കാലാവസ്ഥയുടെ രൂക്ഷതയും വന്യമൃഗങ്ങളുടെ ക്രൂരതയും കൊടുംപട്ടിണിയുടെ കഥകളും മറ്റ് പലരിൽ നിന്നും മനസ്സിലാക്കിയിട്ടും ഈ സാഹസത്തിന് മുതിർന്നത് എന്തുകൊണ്ടാണ്? വൈകുന്നേരം 4 മണി ആയപ്പോഴേക്കും ചാക്കോച്ചേട്ടന്റെ കൊച്ചുഗ്രാമത്തിൽ ഞാൻ വണ്ടിയിറങ്ങി. എന്നെ സ്വീകരിക്കാൻ എന്നപോലെ നിറപുഞ്ചിരിയുമായി ചാക്കോച്ചേട്ടനും ഭാര്യ അന്നാമ്മയും ഓടിയെത്തി. നീണ്ട വിശാലമായ പാടം,കരയിൽ മുഴുവൻ കറുത്തപൊന്ന് വിളഞ്ഞുകിട

ക്കുന്നു. മുറ്റത്ത് ചാടിക്കളിക്കുന്ന ആട്ടിൻ കുട്ടികളും പശു ക്കിടാങ്ങളും തലയെടുപ്പോടെ ഉയർന്നുനിൽക്കുന്ന രണ്ടുനില വീട്. ഞാനറിയാതെ ഉള്ളിൽ പറഞ്ഞു ഇതുതന്നെ ദൈവത്തിന്റെ സ്വന്തം നാട്.

വൈകുന്നേരത്തെ പ്രാർത്ഥനകൾക്ക് ശേഷം ചാക്കോ ച്ചേട്ടന്റെ കൈകളിൽ കരംപിടിച്ചിരുന്ന എനിക്ക് ഒരു തലമുറ യുടെ കണ്ണുനീരിന്റെയും കഷ്ടപ്പാടിന്റെയും നൊമ്പരങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞു. ജീവിതത്തിന്റെ നല്ലപ്രായത്തിൽ സ്വന്ത മെന്നു കരുതിയ പലതിനേയും ബോധപൂർവ്വം ഉപേക്ഷിച്ച തിന്റെ നെടുവീർപ്പുകൾ കേൾക്കാൻ കഴിഞ്ഞു. കഷ്ടപ്പാടിന്റെ നാട്ടിലേക്ക് വഴിയറിയാതെ അലഞ്ഞുനടന്നതിന്റെ ചരിത്രം അറിയാൻ കഴിഞ്ഞു. വണ്ടിയും വള്ളവുമില്ലാതെ നീണ്ടമൈലു കൾ കുഞ്ഞുങ്ങളെ തോളിലേറ്റി നടന്നതിന്റെ സന്തോഷം അനുഭവിക്കാൻ കഴിഞ്ഞു. കട്ടൻകപ്പയും കാന്താരിമുളകും കൂട്ടി ഒരുമിച്ചിരുന്നു ഭക്ഷിച്ചതിന്റെ സുഖം എന്താണെന്ന് കേൾക്കാൻ കഴിഞ്ഞു. മതിലുകളും അതിരുകളുമില്ലാതെ രാമനും കൃഷ് ണനും ചാക്കോയും വറീതും ഒരുമിച്ചു ജീവിച്ചതിന്റെ പൊരുൾ മനസ്സിലാക്കാൻ കഴിഞ്ഞു. കാരണം ഇത് ഇല്ലായ്മകളുടെ നാട്ടി ലേക്കുള്ള പലായനം ആയിരുന്നു.

പിറ്റേന്നു രാവിലെ ഇടവകപ്പള്ളിയിൽ ബലിയർപ്പിക്കാൻ ചെന്നപ്പോൾ അംബരചുംബിയായ ദേവാലയം മനസ്സിൽ അത്ഭു തങ്ങൾ വിരിയിച്ചു. കുർബാനക്കിടെ വായിച്ച വചനഭാഗം മത്തായി 25:14-30 വരെയായിരുന്നു. തമ്പുരാൻ എന്നെക്കൊണ്ട് ഇത് പറയിപ്പിക്കുകയായിരുന്നോ എന്ന് ഉള്ളിൽ സംശയം തോന്നി. ഹൃദയം നിറയെ സംതൃപ്തിയുമായി ദൈവസന്നിധി യിൽ ബലിയർപ്പിക്കാൻ എത്തിയവരെ നോക്കി ഞാൻ ഉറക്കെ

വായിച്ചു. "കൊള്ളാം നല്ലവനും വിശ്വസ്തനുമായ ഭൃത്യാ അല്പകാര്യങ്ങളിൽ വിശ്വസ്തനായ നിന്നെ അനേകകാര്യങ്ങൾ ഭാരമേൽപ്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക". ദൈവം ദാനമായി തന്ന ഈ ജീവിതത്തിന്റെ അവസാനം യജമാനൻ എന്നോടും ഇപ്രകാരം പറയാൻ ഇടയാകണേ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കാനും ഞാൻ തുടങ്ങി. കാരണം താലന്തുകളുടെ ഉപമ നമ്മുടെ കണ്ണ് തുറപ്പിക്കും എന്തെന്നാൽ...

## 1. കഴിവനുസരിച്ചാണ് താലന്തുകൾ ലഭിക്കുക

ഓരോ വ്യക്തിയുടേയും കഴിവ് തിരിച്ചറിയാൻ തമ്പുരാന് കഴിയും. ഈ തിരിച്ചറിവ് കഴിവനുസരിച്ചുള്ള ദാനങ്ങളാണ് അവിടുന്ന് ഓരോരുത്തരേയും ഏൽപ്പിക്കുന്നത്. പഠിക്കാൻ കഴിവുള്ളവന് പഠനത്തിന്റെ താലന്തും പടം വരക്കാനറിയുന്നവന് കലയുടെ താലന്തും പ്രസംഗിക്കാൻ കഴിവുള്ളവന് പ്രസംഗകന്റെ താലന്തും യജമാനൻ നൽകുന്നു. ഈ കഴിവ് തിരിച്ചറിയാനുള്ള ഉദ്യമമായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ കഴിവ് തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടാണ് മാതാപിതാക്കൾ പലപ്പോഴും എടുക്കാൻ വയ്യാത്ത ഭാരവും ചുമലിലേറ്റി ഇംഗ്ലീഷ് മീഡിയത്തിന്റെ പടിവാതിൽക്കലേക്ക് തങ്ങളുടെ മക്കളെ അയക്കുന്നത്. അതുകൊണ്ട് കഴിവുകൾ തിരിച്ചറിയാൻ ആദ്യം മനുഷ്യൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു.കഴിവ് കൂടുതൽ ഉള്ളവന് അഞ്ചും കഴിവ് കുറഞ്ഞവർക്ക് രണ്ടും ഒന്നും താലന്തുകൾ നൽകിയ യജമാനന്റെ മുമ്പിലാണ് ജീവിക്കുന്നതെന്ന തിരിച്ചറിവ് ഉണ്ടാകണം.

## 2. കണക്ക് തീർക്കേണ്ടവരാണ് നമ്മൾ.

ജീവിതത്തിന്റെ ഏത് നിമിഷവും യജമാനൻ എത്തി കണക്ക് ചോദിക്കുമെന്നത് ഒരു യാഥാർത്ഥ്യമാണ്. കാരണം മനുഷ്യന്റെ ഈ ഭൂമിയിലെ ജീവിതം കിനാവുപോലെ കടന്നുപോകുന്നതാണ്. ദാനമായി സ്വീകരിച്ചിരിക്കുന്ന നാണയങ്ങളുടെ വരവ് ചെലവ് കണക്ക് ചോദിക്കുമെന്ന് സൂചിപ്പിക്കാനായിരിക്കും താലന്തുകളുടെ ഉപമ അന്ത്യവിധിയുടെ വിവരണത്തിന് തൊട്ടുമുമ്പ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്.

## 3. ചെറിയകാര്യങ്ങളിൽ വിശ്വസ്തത പുലർത്തുക

ചെറിയ കാര്യങ്ങളിലെ വിശ്വസ്തതയാണ് വലിയ കാര്യങ്ങൾ ഏൽപ്പിക്കുന്നതിന്റെ അടിസ്ഥാന മാനദണ്ഡം. ഓരോ ദിവസവും ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നവർക്കാണ് പുരോഗതിയും ഐശ്വര്യവും ഉണ്ടാകുന്നത്. ഞാൻ അവിടെയായിരുന്നെങ്കിൽ ഇങ്ങനെ ചെയ്യുമായിരുന്നു എന്ന് പറയുന്നതിന് പകരം ആയിരിക്കുന്ന അവസ്ഥയോടും സാഹചര്യങ്ങളോടും വിശ്വസ്തത പുലർത്താനാണ് ദൈവം ആവശ്യപ്പെടുന്നത്. ചെറിയ കാര്യങ്ങളിൽ പോലും ആത്മാർത്ഥതയും വിശ്വസ്തതയും പുലർത്താൻ കഴിയാത്തവർക്ക് ജീവിതത്തിൽ വിജയം നേടാൻ കഴിയുകയില്ലായെന്ന് ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

## 4. ഉള്ളവന് വീണ്ടും നൽകപ്പെടും.

ഉള്ളവന് വീണ്ടും നൽകുന്നതാണ് തമ്പുരാന്റെ നീതി. ഇല്ല ഇല്ല എന്ന് പറയുന്നവന്റെ കൈയ്യിൽ നിന്നാണ് അവന് ഉണ്ടായിരുന്നതുപോലും എടുത്തുമാറ്റപ്പെടുന്നത്. എന്നും തകർച്ച

യുടേയും ദാരിദ്രത്തിന്റെയും കണക്കുകൾ മാത്രം പറയുന്നവ നുള്ള താക്കീതുകൂടിയാണ് ഈ ഉപമ. ഇല്ലായ്മകളുടെ വിവരം വീണ്ടും വീണ്ടും നാശത്തിലേക്കും തകർച്ചകളിലേക്കും മനു ഷ്യനെ എത്തിക്കും. ഞാൻ പഠിച്ചാൽ ശരിയാകില്ല എന്നുപറഞ്ഞ് പഠിക്കുന്ന കുട്ടിക്ക് ജീവിതത്തിൽ വിജയിക്കാൻ സാധിക്കില്ല. ഞാൻ നട്ടാൽ വളരില്ല എന്നു പറയുന്നവന് ഒരിക്കലും ഒരു നല്ല കർഷകനാകാൻ കഴിയില്ല. ഞാൻ പാടിയാൽ ശരിയാകില്ല എന്നു പറയുന്ന വ്യക്തി ഒരിക്കലും പാട്ടുകാരനാവുകയില്ല. എന്നാൽ കിട്ടിയ ചെറിയ താലന്തുകൾ പോലും വർദ്ധിപ്പിക്കാൻ ശ്രമം നടത്തുന്നവർക്ക് അടുത്തിരിക്കുന്ന കഴിവില്ലാ എന്നു പറ യുന്നവന്റെ നാണയം കിട്ടാനും സാധ്യതയുണ്ട്. കാരണം യജ മാനൻ നീതിമാനാണ്. ഉള്ളവന് അവിടുന്ന് വീണ്ടും നൽകി ക്കൊണ്ടിരിക്കുന്നു.

## 5. പ്രയോജനമില്ലാത്തവരാകാതിരിക്കുക

ദൈവം തന്ന ദാനങ്ങൾ തിരിച്ചറിയാതെയും വളർത്താതെയും ഇരിക്കുന്നവനെ യജമാനൻ പ്രയോജനമില്ലാത്തവനെന്നാണ് വിളിക്കുന്നത്. പ്രയോജനമല്ലാത്തവന്റെ സ്ഥാനം അന്ധകാരത്തി ലാണ്. കാരണം അവിടെ എപ്പോഴും വിലാപവും പല്ലുകടിയു മാണ് ഉള്ളത്. അപരന്റെ ഉയർച്ചയിൽ അസൂയപ്പെട്ടു കഴിയുന്ന വൻ പ്രയോജനമില്ലാത്ത ദാസനാണ്. തന്നെ ഏൽപ്പിച്ചിരിക്കുന്ന കടമകൾ നിർവ്വഹിക്കാത്തവൻ പ്രയോജനമില്ലാത്തവനാണ്. ലഭിച്ചിരിക്കുന്ന നാണയങ്ങൾ കുറഞ്ഞുപോയി എന്നുപറഞ്ഞ് പിറുപിറുക്കുന്നവൻ പ്രയോജനമില്ലാത്തവനാണ്. ദാനമായി സ്വീകരിച്ച കഴിവുകൾ മണ്ണിൽ കുഴിച്ചിടാൻ ഉദ്യമിക്കുന്നവരുടെ സ്ഥാനം അന്ധകാരത്തിലാണ്.

വിലാപവും പല്ലുകടിയുമില്ലാതെ നിറഞ്ഞമനസ്സോടും പരിപൂർണ്ണവിശ്വസ്തതയോടും കൂടി ഹൈറേഞ്ചിലെ ഈ ഗ്രാമത്തെ സ്വർഗ്ഗതുല്യമാക്കിയ ഇടവക ജനങ്ങളോട് ഞാൻ പറഞ്ഞു. ചെറിയകാര്യങ്ങളിൽ വിശ്വസ്തരായിരുന്ന നിങ്ങളെ വലിയകാര്യങ്ങൾ ഭാരമേൽപ്പിക്കും. യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക.

# 4.

## ഉത്തമയായ ഭാര്യ ഭാഗ്യവതിയാണ്

സമയം രാവിലെ 11.30 കൂടെയുള്ള കമ്മറ്റിക്കാരൻ പറഞ്ഞു, ഇന്ന് വീടുവെഞ്ചരിപ്പ് നേരത്തെ തീർക്കാൻ കഴിയും. ഇനി ഈ വാർഡിൽ 9 വീടുകൾ കൂടിയേ വെഞ്ചരിക്കാനുള്ളു. അപ്പോഴാണ് എന്റെ ഫോണിൽ ബെല്ലടിച്ചത്. ഫോൺ എടുത്തപ്പോൾ കുഞ്ഞേട്ടന്റെ പതറിയ സ്വരം. അച്ചാ വരാമെന്ന് പറഞ്ഞ അച്ചന്മാരാരും വരില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഞങ്ങൾ പള്ളിയിലെത്തി. അച്ചനെങ്കിലും എന്റെ മകന്റെ കല്യാണത്തിന് എത്തണം. ഉടൻതന്നെ വീട് വെഞ്ചരിപ്പ് നിർത്തി ഉച്ചകഴിഞ്ഞ് എത്താമെന്ന് പറഞ്ഞ് ഞാൻ കുന്നിൻ മുകളിലേക്ക് യാത്ര തിരിച്ചു. മലയുടെ മുകളിലേക്ക് ഇഴഞ്ഞുകയറുന്ന എന്റെ വാഹനത്തിലിരുന്ന് കുഞ്ഞേട്ടനെപ്പറ്റി ഞാൻ ഓർത്തു.35 വർഷങ്ങൾക്കു മുമ്പ് ഒറ്റ വികാരിയച്ചന്മാരുടേയും സഹായമോ നേതൃത്വമോ ഇല്ലാതെ ഇത്ര മനോഹരമായ ഒരാലയം പണിയാൻ കുഞ്ഞേട്ടന് എങ്ങനെ കഴിഞ്ഞു. വല്യപിതാവിന്റെ

അടുക്കൽ ചെന്നപ്പോൾ കുഞ്ഞേട്ടനോടും കൂട്ടുകാരോടും പിതാവു പറഞ്ഞു: പള്ളി പണിയുകയാണെങ്കിൽ ഞാനവിടെ അച്ചനെതരാം. അന്നുതുടങ്ങിയതാണ് കുഞ്ഞേട്ടന്റെ അലച്ചിലുകൾ. ഈ ആലയത്തിലെ ഓരോ കട്ടയിലും കുഞ്ഞേട്ടന്റെ കരസ്പർശമുണ്ട്. ഈ ആലയത്തിൽ കയറുമ്പോൾ കുഞ്ഞേട്ടന്റെ വിയർപ്പിന്റെ ഗന്ധം എത്രയോ പ്രാവശ്യം അനുഭവിച്ചിരിക്കുന്നു. എന്നിട്ടും ഇന്ന് ഒറ്റക്കായല്ലോ ജീവിതം.

പള്ളിമുറ്റത്തെ തിരക്കിനിടയിലൂടെ ഞാൻ സമയത്തുതന്നെ ആലയത്തിലെത്തി. അച്ചൻമാർ ആരും  എത്തിയിട്ടില്ല. വികാരിയച്ചൻ വിവാഹം ആശീർവ്വദിക്കും. രണ്ട് വാക്കുകൾ ആശംസ പറയണമല്ലോ. ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അൾത്താര ബാലൻ ലേഖനത്തിനു പകരം സുഭാഷിതം 31:10 മുതലുള്ള ഒന്നാം വായന വായിക്കുന്നു. ഉത്തമയായ ഭാര്യയെ കണ്ടുപിടിക്കാൻ ആർക്കും കഴിയുമെന്ന് അൾത്താരബാലന്റെ തൊണ്ടപൊട്ടുമാറുച്ചത്തിലുള്ള വായന കേട്ടപ്പോൾ ഞാൻ ഒന്നാലോചിച്ചു. ഇത് ആദ്യം കേൾക്കുകയാണല്ലോ. ബൈബിളിൽ ഇത്ര മനോഹരമായ ഭാഗങ്ങൾ ഉണ്ടായിട്ടും ഒരു പ്രാവശ്യംപോലും ശ്രദ്ധിക്കാതെ പോയതെന്തായിരിക്കും. ദൈവവിളി സ്വീകരിച്ച് പട്ടക്കാരനായതുകൊണ്ടായിരിക്കാം ഭാര്യയുടെ കാര്യം ശ്രദ്ധിക്കാതെ പോയത്. തമ്പുരാൻ ഉള്ളിന്റെ ഉള്ളിൽ നിന്ന് മന്ത്രിച്ചു. "ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ എന്റെ വചനങ്ങൾ കടന്നുപോവുകയില്ല".

ആശംസ അർപ്പിച്ചുകൊണ്ട് സംസാരം ആരംഭിച്ച ഞാൻ അൾത്താരബാലന്റെ പക്കൽ നിന്നും വായിച്ച വചനഭാഗം മേടിച്ചു പിടിച്ചു. ഉത്തമയായ ഭാര്യയെപ്പറ്റി വിശദമാക്കാൻ എന്റെ

തമ്പുരാൻ എന്നോട് ആവശ്യപ്പെട്ടു. അവൾ ആരാണ്? എന്താണ് അവളുടെ പ്രത്യേകത?

### 1. ഉത്തമയായ ഭാര്യ രത്നങ്ങളേക്കാൾ അമൂല്ല്യയാണ്

'അമൂല്യം' എന്ന വാക്കിന്റെ അർത്ഥം തന്നെ വില നിർണ്ണയിക്കാൻ കഴിയാത്തത് എന്നാണ്. നമ്മുടെ എല്ലാ രത്നങ്ങൾക്കും വില നിർണ്ണയിക്കാൻ നമുക്ക് കഴിയുന്നു. എന്നാൽ ഭാര്യ എന്ന രത്നത്തിന് ഭൂമിയിലാർക്കും വില നിശ്ചയിക്കാൻ കഴിയില്ല.വില നിശ്ചയിക്കാൻ കഴിയാത്ത ഈ രത്നത്തെ വീട്ടിലിരുത്തിയിട്ടാണോ നമ്മൾ സാമ്പത്തിക മാന്ദ്യത്തെപ്പറ്റിയും പട്ടിണിയെപ്പറ്റിയും ചർച്ച ചെയ്യുന്നത്. കോഹിനൂർ രത്നത്തിനുപോലും വില നിശ്ചയിക്കാൻ കഴിയുമ്പോൾ എന്റെ തമ്പുരാൻ പറയുന്നു നിന്റെ ഭാര്യ അമൂല്യമായ രത്നമാണെന്ന്. ഭാര്യയുടെ മുഖത്തേക്കു നോക്കുക അവൾ തിളങ്ങുന്ന രത്നമാണ്. നിന്റെ കുടുംബത്തിന്റെ ഐശ്വര്യമാണവൾ. നീ അവൾക്കൊരിക്കലും വില നിശ്ചയിക്കാൻ ഇടയാക്കരുത്.

### 2. നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നവളാണ് ഭാര്യ

ഉത്തമയായ ഭാര്യയുടെ സാന്നിധ്യം ഒരു കുടുംബത്തിന്റെ നേട്ടത്തിന്റെ അടിസ്ഥാനമാണ്. നേട്ടം ഉണ്ടാകണമെങ്കിൽ ഭർത്താവ് അവളെ വിശ്വസിക്കണം എന്നും വചനം വ്യക്തമാക്കുന്നു. ഭർത്താവ് ഭാര്യയെ വിശ്വസിച്ചാൽ ആ കുടുംബം അടിക്കടി ഉന്നതി പ്രാപിക്കും എന്നതിൽ സംശയമില്ല. അതുകൊണ്ട് വിവാഹത്തിനുശേഷം കുടുംബത്തിന് നേട്ടം ഉണ്ടാകണമെങ്കിൽ ഭാര്യയെ ഹൃദയം തുറന്ന് വിശ്വസിക്കുന്നവരായി മാറണം.

## 3. ആജീവനാന്തം ഭർത്താവിന് അവൾ നന്മ ചെയ്യുന്നു.

വിവാഹത്തിന്റെ ആദ്യദിനം മുതൽ മരണംവരെ ഭാര്യ എപ്പോഴും ഭർത്താവിന്റെ നന്മമാത്രം കാംക്ഷിക്കുന്നവളാണ്. അന്ധനായ ധൃതരാഷ്ട്രരുടെ കൈപിടിച്ചു ഹസ്തിനപുരത്തി ലേക്കു കടന്നുചെന്ന ഗാന്ധാരി ഭർത്താവ് അന്ധനായതുകൊണ്ട് മരണം വരെ അന്ധയായി ജീവിക്കാൻ തീരുമാനിച്ചതായി ഭാര തീയ പുരാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. സ്ത്രീ മരണംവരെ ഭർത്താവിന്റെ നന്മമാത്രം ആഗ്രഹിക്കുന്നവളാണ്. കുടിച്ചു ന്മത്തനായി ഇഴഞ്ഞുകയറുന്ന ഭർത്താവിനെ പാതിരാവരെ കാത്തിരിക്കാൻ ഭാര്യയ്ക്ക് സാധിക്കുന്നത് അവളുടെ ഈ ഗുണം കൊണ്ടാണ്. ചെറുപ്പത്തിൽ തന്നെ ഭർത്താവ് നഷ്ടപ്പെടുന്ന ഭാര്യ മറ്റൊരു വിവാഹത്തിന് താൽപര്യപ്പെടാത്തതും അവൾ ഉത്തമയായ ഭാര്യയായതുകൊണ്ടാണ്. കാരണം അവൾ ആജീ വനാന്തം ഭർത്താവിന്റെ നന്മ കാംക്ഷിക്കുന്നവളാണ്.

## 4. പുലർച്ചക്ക് മുമ്പേ അവൾ എഴുന്നേൽക്കുന്നു.

ഉത്തമയായ ഭാര്യ പുലർച്ചക്കു മുമ്പേ എഴുന്നേറ്റ് തന്റെ ജോലികൾ ആരംഭിക്കുന്നു. കുടുംബാംഗങ്ങൾക്ക് ഭക്ഷണം ഒരു ക്കേണ്ടത് അവളാണ്. അതുകൊണ്ട് അവൾ നേരത്തെ ഉണർന്ന് തന്റെ കർമ്മങ്ങൾ ആരും കാണാതെ ആരംഭിക്കുന്നു. നിനക്ക് എന്താണ് ഇവിടെ പണി? എന്നു ചോദിക്കുന്ന ഭർത്താവും അമ്മ എന്താണ് ഈ വീട്ടിൽ ചെയ്യുന്നത് എന്ന് ചോദിക്കുന്ന മകനും മറക്കരുത്; നിന്റെ ഭാര്യ, നിന്റെ അമ്മ പുലർച്ചക്ക് മുമ്പേ എഴു ന്നേറ്റ് കഷ്ടപ്പെടാൻ തുടങ്ങിയതാണ്. അവളുടെ ജോലിഭാരം കുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു യൂണിയനും പ്രവർ ത്തിക്കുന്നില്ല. രാത്രിയുടെ നിശബ്ദതയിൽ വീടിന്റെ ഇടനാ

ഴിയിൽ നിന്നുയരുന്ന അമ്മയുടെ, ഭാര്യയുടെ അദ്ധ്വാന ത്തിന്റെ മർമ്മശബ്ദം തിരിച്ചറിയണം.

## 5. അവൾ നല്ല നിലം നോക്കി വാങ്ങുന്നു.

സ്ത്രീ അമ്മയാണ്, ദേവിയാണ്. ഭൂമിയെപ്പറ്റിയും പറയുന്നത് ഭൂമീ ദേവിയെന്നാണ്. സ്ത്രീ എന്ന ദേവിക്ക് മാത്രമേ നല്ലനിലം തിരിച്ചറിയാൻ കഴിയൂ. അതുകൊണ്ട് ഇനിമുതൽ സ്ഥലം വാങ്ങാൻ പോകുന്നതിന് മുമ്പ് ആ സ്ഥലം ഭാര്യയെ കൊണ്ടു പോയി കാണിക്കുക. അവൾ നല്ലതെന്ന് പറഞ്ഞാൽ മാത്രം നീ അതു വാങ്ങിക്കുക. കാരണം ഉത്തമയായ ഭാര്യക്ക് നല്ല നിലം ഏതാണെന്ന് തിരിച്ചറിയാൻ കഴിയുമെന്നാണ് വചനം പഠിപ്പി ക്കുന്നത്.

## 6. വ്യാപാരം ലാഭകരമാണോ എന്നവൾ പരിശോധിക്കുന്നു.

ഉത്തമയായ ഭാര്യയുള്ളവന്റെ വ്യാപാരം അഭിവൃദ്ധിപ്പെടും. കാരണം നഷ്ടം എന്തെങ്കിലും ഉണ്ടായാൽ അത് തിരിച്ചറിയാൻ അവൾക്ക് കഴിയുന്നു. കുടുംബത്തിൽ പുതിയ ബിസിനസ്സ് ആരം ഭിക്കുമ്പോൾ ഭാര്യയുമായി ആലോചിക്കണം. കാരണം ഭർത്താ വിനെ സംബന്ധിച്ച് ലാഭം വന്നാലും നഷ്ടം വന്നാലും ആഘോ ഷം ഉണ്ടായിരിക്കും. എന്നാൽ ഭാര്യ ആഘോഷങ്ങൾ ഒഴിവാക്കു ന്നവളാണ്. അവൾ ലാഭനഷ്ടങ്ങളുടെ കണക്കുകൾ തിരിച്ചറി യുന്നവളാണ്. ഏതു പുരുഷന്റെയും വിജയത്തിനു പിന്നിൽ ഒരു സ്ത്രീ ഉണ്ടായിരിക്കും എന്നുപറയുന്നത് എത്രയോ ശരിയാണ്.

## 7. അവൾ പാവങ്ങളെ സഹായിക്കുന്നു.

കരുണയുടെ മനോഭാവം ഉള്ളവർക്ക് മാത്രമേ മറ്റുള്ളവരോട് കരുണ കാണിക്കാൻ കഴിയൂ. ഉത്തമയായ ഭാര്യ ദരിദ്രർക്ക് ദാനം

ചെയ്യുകയും പാവങ്ങളെ സഹായിക്കുകയും ചെയ്യുന്നവളാണ്. അമ്മയുടെ കൈകളിൽ പെരുന്നാളിന് ചെല്ലുമ്പോൾ കൊടുത്ത 500 രൂപാ നോട്ട് ആരും കാണാതെ അയൽപ്പക്കത്തുള്ള ക്യാൻസർ ബാധിച്ച കുഞ്ഞുമോന് കൊടുക്കുന്നതിലുള്ള രഹസ്യമെന്താണെന്ന് എന്റെ തമ്പുരാൻ എനിക്ക് വ്യക്തമാക്കുകയായിരുന്നു. സ്ത്രീയുടെ ഹൃദയം അലിവുള്ളതാണ്. അവൾ ദരിദ്രരെ സഹായിക്കട്ടെ. അത് നിന്റെ കുടുംബത്തിന്റെ ഐശ്വര്യത്തിന് കാരണമാകും.

## 8. നഗരകവാടത്തിൽ അവളുടെ ഭർത്താവ് ശ്രദ്ധിക്കപ്പെടും.

ഉത്തമയായ ഭാര്യയുടെ സാന്നിധ്യം ഭർത്താവിന്റെ ഐശ്വര്യമാണ്. നഗരകവാടത്തിൽ ശ്രേഷ്ഠന്മാരോടൊപ്പം അവൻ ശ്രദ്ധിക്കപ്പെടുന്നു എങ്കിൽ അതിനു കാരണം അവന്റെ ഭാര്യയാണ്. അമൂല്ല്യ രത്നമായ അവൾ നേരത്തെ ഉണർന്ന് പുതിയ നിലങ്ങൾ വാങ്ങിക്കൂട്ടി, ഭർത്താവിന്റെ ബിസിനസ്സിന്റെ ലാഭനഷ്ടങ്ങൾ തിരിച്ചറിഞ്ഞ് പാവപ്പെട്ടവരോട് ദയയോടുകൂടി പെരുമാറുമ്പോൾ ആദരിക്കപ്പെടുന്നത് ഭാര്യയല്ല. മറിച്ച് ഭർത്താവാണ്.നിന്റെ കുടുംബത്തിന്റെ കർട്ടനു പിന്നിൽ നിന്നുകൊണ്ട് അവൾ നിനക്കായി ഉരുകുകയാണെന്ന് നീ തിരിച്ചറിയണം.

## 9. അവൾ വായ് തുറന്നാൽ ജ്ഞാനം സംസാരിക്കുന്നു.

ഉത്തമയായ ഭാര്യ വായ് തുറക്കുമ്പോൾ ജ്ഞാനം സംസാരിക്കുന്നു. കുടുംബത്തിൽ അമ്മയുടെ മൊഴികളും ഭാര്യയുടെ വാക്കുകളും ശ്രദ്ധയോടെ ചെവികൊടുക്കുക. കാരണം അത് അനുഭവത്തിന്റെ വെളിച്ചത്തിലുള്ള അറിവിന്റെ സുവർണ്ണരേഖകളാണ്. കാതോർത്തിരുന്ന് ഈ ജ്ഞാനമൊഴികൾ സ്വന്തമാക്കുക.

## 10. അവൾ ഭാഗ്യവതിയെന്ന് വിളിക്കപ്പെടുന്നു.

ഭർത്താവും മക്കളും നാട്ടുകാരും അവളെ നോക്കി ഭാഗ്യവതി എന്നു വിളിക്കും. കാരണം അവൾ വന്നതിനു ശേഷമാണ് ഈ കുടുംബത്തിൽ അനുഗ്രഹം ചൊരിയപ്പെടാൻ തുടങ്ങിയത്. ഐശ്വര്യത്തിന്റെ നേർക്കാഴ്ച്ചകൾ അവർ കാണാൻ തുടങ്ങിയതും അവൾ വന്നതിനു ശേഷമാണ്. പ്രസംഗം അവസാനിപ്പിച്ചപ്പോൾ കുഞ്ഞേട്ടന്റെ കണ്ണിൽ നിന്നും പൊടിയുന്ന കണ്ണുനീർ കാണാതിരിക്കാൻ ഞാൻ പലതുഭാഗത്തേക്ക് തിരിഞ്ഞു. അതാ രൂപക്കൂട്ടിൽ ഉത്തമയായ ഒരു ഭാര്യയുടെ രൂപം ഇരിക്കുന്നു. എലിസബത്ത് അവളെ അഭിവാദനം ചെയ്തുകൊണ്ട് പറഞ്ഞു:“നീ ഭാഗ്യവതിയാണ് ”(ലൂക്കാ.1:45)കുഞ്ഞേട്ടന്റെ മരുമകളെ നോക്കി ഞാനും അവസാനം പറഞ്ഞു: മകളേ നീ ഭാഗ്യവതിയാണ്.

# 5.

## മരണം : പൂർണ്ണതയിലേക്കുള്ള യാത്ര

തിലേദിവസം തന്നെ ഒപ്പീസ് ചൊല്ലുന്നതിനായി ഞാൻ ആ വീട്ടിൽ ചെന്നു. വീടിനടുത്ത് എത്തിയപ്പോൾ മൈക്കിൽക്കൂടി ഒരു കുഞ്ഞിന്റെ ശബ്ദം "മമ്മാ ഷെയിം, ഷെയിം മമ്മാ" വീട്ടിൽ ചെന്നപ്പോൾ കാര്യം മനസ്സിലായി എന്റെ സുഹൃത്തിന്റെ മകളുടെ മൂന്നുവയസ്സുള്ള കുട്ടി, അവളുടെ മമ്മിയുടെ എളിയിലിരുന്ന് വിളിച്ചുപറയുന്നതാണ്. അയർലണ്ടിൽ ജനിച്ചു വളർന്ന ഈ കുഞ്ഞിന് എന്റെ സുഹൃത്തിന്റെ ഭാര്യയുടെ അലമുറയിട്ടുള്ള കരച്ചിൽ കണ്ടപ്പോൾ മനസ്സിലായി ഇത് നാണക്കേടാണെന്ന്. കാരണമുണ്ട്. എട്ടുപ്രാവശ്യം ഞാൻ എന്റെ സുഹൃത്തിന്റെ വീട്ടിൽ പോയി ഈ ഭാര്യയോട് സംസാരിച്ചതാണ്. ഒരു നേരമമെങ്കിലും ഭർത്താവിന് ആഹാരം കൊടുക്കണമെന്ന് പറയാനാണ് ഞാൻ ചെന്നിരുന്നത്. ജീവിച്ചിരുന്ന കാലത്ത് ഭർത്താവിന് ഒരു പാത്രം വെള്ളം പോലും കൊടുക്കാൻ സാധിക്കാത്ത ഭാര്യ മരിച്ചു കിടക്കുന്ന ഭർത്താവിന്റെ മുഖത്ത് കെട്ടി

പ്പിടിച്ച് കരയുന്നതുകണ്ടപ്പോൾ തമ്പുരാൻ തന്നെയാണ് ഈ കുഞ്ഞിനെക്കൊണ്ട് മൈക്കിലൂടെ ഇത് നാണക്കേടാണ് എന്ന് വിളിച്ചു പറയിപ്പിച്ചത്.

മരണവീടുകളിലെ പൊള്ളത്തരങ്ങൾ തിരിച്ചറിയാൻ നിഷ് കളങ്ക ബാല്യങ്ങൾക്ക് പോലും ഇന്ന് കഴിയുന്നു. ജീവിതകാലത്ത് അപ്പന് ഒരു ജോഡി വള്ളിച്ചെരിപ്പുപോലും വാങ്ങിക്കൊടുക്കാത്ത മകൻ എന്തിനാണ് ഈ പാവത്തിന്റെ കാലിൽ അണിയിക്കാൻ ഷൂസും സോക്സും കൊണ്ടുവരുന്നത് ? ഭർത്താവിനെ സ്നേഹപൂർവ്വം നോക്കാൻ പറ്റാത്ത ഭാര്യ എന്തിനാണ് മരിച്ചുകിടക്കുന്ന ഭർത്താവിന്റെ മുഖത്ത് പൗഡറിട്ട് സെന്റ് പൂശി ആഞ്ഞ് ചുംബിക്കുന്നത്? കപടതയുടെ ആധുനിക ലോകത്ത് മുഖം മൂടി അണിഞ്ഞവരാകാതിരിക്കാൻ പരിശ്രമിക്കാം.

ഓരോ സംസ്ക്കാര ശുശ്രൂഷയിലും നാം പങ്കെടുക്കുമ്പോൾ ചില ചിതറിയ ചിന്തകൾ മനസ്സിൽ കൊണ്ടുവരുന്നത് നല്ലതാണ് എന്ന് തോന്നുന്നു. കാരണം മനുഷ്യജീവിതത്തിന്റെ പരിസമാപ്തി കുറിക്കപ്പെടുന്നത് മരണത്തിലൂടെയാണ്. അതുകൊണ്ട് മരണം ഒരു യാത്രചോദിക്കലാണ്.

മൃതസംസ്ക്കാര ശുശ്രൂഷയിൽ നാം പങ്കെടുക്കുമ്പോൾ ഓരോ മനുഷ്യനും തന്റെ മരണത്തിൽ മൂന്ന് യാത്രാവന്ദനം നടത്തുന്നതായി കാണാവുന്നതാണ്. ഒന്നാമതായി മനുഷ്യൻ തന്റെ ഭവനത്തോടും  ഭവനാംഗങ്ങളോടും യാത്ര ചോദിക്കുന്നു. കാരണം ഈ ഭവനം എന്റെ അഭയകേന്ദ്രമായിരുന്നു. ഈ അഭയകേന്ദ്രത്തിന് ശാശ്വതഭാഗ്യം നൽകാൻ കഴിവില്ലാത്തതുകൊണ്ടാണ് ഈ ഭവനത്തിൽ നിന്ന് യാത്ര പുറപ്പെടുന്നത്. വീണ്ടും സ്നേഹിതരോടും സഹോദരങ്ങളോടും യാത്ര ചോദിച്ചുകൊണ്ട്

പറയുന്നു: നിങ്ങൾക്ക് അലിവുണ്ടെങ്കിൽ എന്നെ വല്ലപ്പോഴും ഓർക്കണം. നശ്വരമായ ഈ ലോകത്തിൽ നിന്നും അനശ്വരമായ ലോകത്തിലേക്കുള്ള യാത്രയെപ്പറ്റി ഹൈന്ദവപുരാണം ഇങ്ങ നെയാണ് പഠിപ്പിക്കുന്നത്. "അർത്ഥം ഗൃഹേ നിവർത്തന്തേ, ശ്മശാനേ പുത്രബാന്ധവ സുകൃതം ച ദുഷ്കൃതം. ഗഛതമനുഗ ഛതി". സമ്പത്ത് വീടിന്റെ പടിവാതിൽക്കൽ വരെയും ബന്ധു ജനങ്ങൾ ശവകുടീരംവരെയും നിന്റെ കൂടെ കാണും. എന്നാൽ അതിന് ശേഷം നിന്നെ അനുഗമിക്കാനുള്ളത് നീ ചെയ്ത സദ് കർമ്മങ്ങളോ ദുഷ്കർമ്മങ്ങളോ ആയിരിക്കും.

ഭവനത്തിൽ നിന്ന് പടിയിറങ്ങിയ വ്യക്തിയുടെ മൃതശരീരം ദേവാലയത്തിൽ പ്രതിഷ്ഠിച്ചുവയ്ക്കുന്നു. പ്രാർത്ഥനകൾക്ക് ശേഷം രണ്ടാമത്തെ യാത്രാവന്ദനം ആരംഭിക്കുന്നു. ഇത് ദേവാലയത്തോടുള്ള യാത്ര ചോദിക്കലാണ്. മാമ്മോദീസ വഴി വിശുദ്ധീകരിച്ച സ്ഥലമാണ് ദേവാലയം. വിശുദ്ധ കൂദാശകൾ വഴി ആത്മാവിൽ കൃപാവരം ചൊരിയപ്പെടുന്ന ഇടമാണ് ദേവാലയം. അതുകൊണ്ട് തന്നെ ഒരു മനുഷ്യന്റെ ജീവിതത്തിൽ അഭേദ്യ ബന്ധം പുലർത്തേണ്ട സ്ഥലങ്ങളാണ് ദേവാലയങ്ങൾ. കൃപാവരത്തിന്റെ അനശ്വര കിരണങ്ങൾ മനുഷ്യാത്മാവിലേക്ക് പകർന്നുനൽകപ്പെടുന്നത് ദേവാലയത്തിൽ നിന്നുമാണ് .

മൂന്നാമതായി മരിച്ച വ്യക്തി പുരോഹിതരോട് യാത്ര ചോദി ക്കുന്നു. കാരണം ദൈവവചനങ്ങളാൽ ആത്മാവിന് പോഷണം നൽകിയത് ആത്മീയ പാലകരായ പുരോഹിതന്മാർ വഴിയാണ്. ദേവാലയത്തിൽ എത്തുന്ന മനുഷ്യന് വചനം പങ്കുവച്ചുകൊ ടുത്ത പുരോഹിതരോടും ആത്മീയ പാലകരോടും വീണ്ടും കണ്ടുമുട്ടുന്നതുവരെ എനിക്കുവേണ്ടി പ്രാർത്ഥിക്കണം

എന്നാവശ്യപ്പെട്ടുകൊണ്ടാണ് അദ്ദേഹം ദേവാലയത്തിന്റെ പടിയിറങ്ങുന്നത്. അതുകൊണ്ട് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നത് പുരോഹിതകർത്തവ്യമാണ്.

## 1. മരണം നീതിയുടെ കിരീടം ചൂടലാണ്.

ഒരു ക്രൈസ്തവന്റെ ജീവിതത്തിൽ മൂന്നു പ്രാവശ്യം അവൻ കിരീടം ചൂടിക്കപ്പെടുന്നുണ്ട്. സാധാരണ രാജാക്കന്മാർക്ക് കിരീടം അണിയിക്കുന്നതുപോലെ രാജകീയ പൗരോഹിത്യത്തിൽ പങ്കുചേരുന്ന ക്രൈസ്തവനും കിരീടം ചൂടിക്കപ്പെടുന്നു. മാമ്മോദീസയുടെ സമയത്ത് പുരോഹിതൻ അർത്ഥിയുടെ ശിരÊ nÂ 'ജീവന്റെ കിരീടം' അണിയിക്കുന്നു. നിത്യജീവന്റെ കിരീടമാണത്. മിശിഹായുടെ ഭൗതിക ശരീരത്തിൽ അംഗംമാകുന്നതോടെ ഒരുവൻ ജീവന്റെ കിരീടത്തിന് അവകാശിയായി മാറുന്നു എന്നാണ് സൂചന.

രണ്ടാമത് വിവാഹ വേളയിൽ വരനും വധുവും 'മഹിമയുടെ കിരീടം' അണിയിക്കപ്പെടുന്നു. രാജപുത്രിയെപ്പോലെ അണിഞ്ഞൊരുങ്ങി വന്നിരിക്കുന്നവൾ അണിയുന്നത് മഹിമയുടെ കിരീടമാണ്. മൂന്നാമത് നീതിയുടെ കിരീടമാണ്. നീതി എന്ന വാക്കിന്റെ അർത്ഥം തന്നെ അർഹതപ്പെട്ടവർക്ക് അർഹതപ്പെട്ടത് കൊടുക്കുക എന്നതാണ്. ദൈവത്തിനും മനുഷ്യനും അർഹതപ്പെട്ടവ കൊടുത്ത് ജീവിച്ചവർക്കാണ് നീതിയുടെ കിരീടത്തിന് അവകാശമുള്ളത്. അത് വിശ്വസ്തരായ ഭൃത്യർക്ക് വാഗ്ദാനം ചെയ്യപ്പെട്ട നിത്യാനന്ദത്തിലേക്ക് യാത്ര പുറപ്പെടുന്നതിന് മുമ്പ് അണിയാനുള്ളതാണ്. ഈ നീതിയുടെ കിരീടം ചൂടണമെങ്കിൽ ഓട്ടം പൂർത്തിയാക്കണം. വിശ്വാസം കാത്തുസൂക്ഷിക്കണമെന്നാണ് വിശുദ്ധ പൗലോസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നത്.

## 2. മരണം പൂർണ്ണതയിലേക്കുള്ള യാത്രയയപ്പ്.

ശാന്തിമന്ത്രത്തിൽ ഇപ്രകാരം കോറിയിട്ടിരിക്കുന്നു:

"ഓം പൂർണമദ പൂർണമിദം പൂർണാദ് പൂർണ മുദിച്യതേ"... അതും പൂർണം ഇതും പൂർണം  പൂർണതയിൽ നിന്നു തന്നെയാണ് പൂർണത ഉണ്ടാകുന്നത്.  ഇതു തന്നെയാണ് വിശുദ്ധ ആഗസ്തിനോസ്  "അല്ലയോ ദൈവമേ അങ്ങ് എന്നെ അങ്ങേക്കായി സൃഷ്ടിച്ചിരിക്കുന്നു. അങ്ങിൽ ലയിക്കുന്നതുവരെ എന്റെ മനസ്സ് അസ്വസ്ഥമാണ് " എന്ന് വിലപിക്കുന്നതിൽ കാണുന്നതും. പൂർണനായ ദൈവത്തിന്റെ പൂർണതയുടെ ചൈതന്യം പേറിനടക്കുന്ന മനുഷ്യജന്മങ്ങൾ ഈ പൂർണതയിൽ വിലയം പ്രാപിക്കാൻ അദമ്യമായി ആഗ്രഹിക്കുന്നു. എന്ന് മനുഷ്യൻ പൂർണനാകുന്നുവോ അന്ന് അവന് മരണം സംഭവിക്കുന്നു. വളരെ ചെറുപ്പത്തിൽ തന്നെ ഈ പൂർണത നേടിയെടുത്തവരാണ് വിശുദ്ധകൊച്ചുത്രേസ്യായും, വി. ഡൊമിനിക് സാവിയോയും മറ്റും.  ഒരു മനുഷ്യന്റെ ജീവിതത്തിലെ അപൂർണത എന്ന് അവസാനിക്കുന്നുവോ അന്ന് മരണം സംഭവിക്കുന്നു.  അകാലത്തിൽ പൊലിയുന്ന പല ജീവിതങ്ങളും പലപ്പോഴും ഈ പൂർണത സ്വന്തമാക്കിയവരാണ്.

കുമാരനാശാൻ 'പ്രരോദനം' എന്ന കവിതയിൽ കുഴിമാടത്തെ വിശേഷിപ്പിക്കുന്നത് ആദ്ധ്യാത്മിക വിദ്യാലയം എന്നാണ്. ധനികനും ദരിദ്രനും രാജാവും പ്രജയും അച്ഛനും മകനും വെറും ആറടി മണ്ണിന്റെ അവകാശികൾ മാത്രമാണ്. ലിയോ ടോൾസ്റ്റോയിയുടെ 'ആറടി മണ്ണ്' എന്ന കൊച്ചു കഥയിൽ പറയുന്നതുപോലെ നമ്മൾ ഈ ഭൂമിയിൽ ജീവിക്കുന്നത് ആറടി മണ്ണിനുവേണ്ടി മാത്രമാണ്. അതുകൊണ്ട് തന്നെ കുഴിമാടങ്ങൾ

മനുഷ്യന്റെ കണ്ണുതുറപ്പിക്കുന്ന ആദ്ധ്യാത്മികതയുടെ ഉറവിടങ്ങളാണ്. അപരന്റെ കുഴിമാടത്തിന്റെ മുമ്പിൽ നിന്ന് നെടുവീർപ്പുകൾ ഉയർത്തുമ്പോൾ അവിടെ അന്ത്യവിശ്രമം കൊള്ളേണ്ടത് താൻ തന്നെയാണെന്ന തിരിച്ചറിവ് ഉണ്ടായാൽ മാത്രമാണ് ശത്രുതയും വക്രതയും ഉപേക്ഷിക്കാൻ നമുക്ക് കഴിയുന്നത്. ജീവിതമെന്നത് മരണത്തിലേക്കുള്ള യാത്രയാണെന്ന തിരിച്ചറിവ് ഓരോ മനുഷ്യനേയും കടമകൾ കൃത്യമായി നിർവ്വഹിക്കാൻ പ്രചോദിപ്പിക്കട്ടെ. നീർക്കുമിളപോലുള്ള ഈ ജീവിതം ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവ് ഒരിവനെ കർമ്മനിരതനാക്കും; നീതിയുടെ കിരീടത്തിന് അർഹനാക്കും.

# 6.

# ആധുനിക സിനിമയും ജീവിതവും

സിനിമ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന വൈദികൻ പറഞ്ഞു, ‘‘വെറുതെ സമയം കളഞ്ഞല്ലോ’’ പൈസകൊടുത്ത് തീയേറ്ററിൽ കയറിയിരുന്ന് ആസ്വദിക്കാനെത്തിയ കലാരൂപം സമയം കളയുന്ന കലാപരിപാടികളായി ഇന്ന് മാറിയിരിക്കുന്നു. ഉയർന്ന ചിന്തകളും ഉന്നതങ്ങളായ ദർശനങ്ങളും നൽകുന്ന കഥകളോ പശ്ചാത്തല ചിത്രീകരണമോ ഇല്ലാത്ത പല സിനിമകളും ഇന്ന് പുറത്തിറങ്ങി ഏതാനും ദിവസങ്ങൾക്കുള്ളിൽ ചരിത്രത്തിന്റെ ഇരുണ്ട കോണിലേക്ക് വലിച്ചെറിയപ്പെടുന്നു. സിനിമാ നിർമ്മാതാക്കൾ പലരും പാപ്പരായി മാറുന്നു. അഭിനയ ചക്രവർത്തിമാർ പടച്ചുകാണിക്കുന്ന പേക്കൂത്തുകൾ അവജ്ഞയോടെ ജനം പുറന്തള്ളുന്നു. എന്താണിതിനു കാരണം? മലയാള സിനിമ നേരിടുന്ന വെല്ലുവിളികൾ എന്താണ്?

## 1. സിനിമ ജീവിത ഗന്ധിയായിരിക്കണം.

സാധാരണ ജീവിത ചിത്രീകരണം ഇന്ന് സിനിമയിൽ നിന്നും അന്യം നിന്നുപോയിരിക്കുന്നു. ജീവിതവുമായി ബന്ധപ്പെടു ന്നതിനു പകരം അടിപൊളി ജീവിതത്തിന്റെ സന്ദേശങ്ങൾ സിനി മയിലൂടെ പ്രചരിക്കപ്പെടുമ്പോൾ അതിന് ഏതാനും ചിലരെ മാത്രമെ തൃപ്തിപ്പെടുത്താൻ കഴിയുകയുള്ളു. ആധുനികയുവ ത്വത്തിന്റെ മാസ്മരികതയെ ചൂഷണം ചെയ്യുന്നതിനുള്ള ശ്രമ ത്തിന്റെ ഫലമായി ജീവിതവുമായി ബന്ധമുള്ള കഥകളോ ചിത്രീ കരണമോ ആധുനിക സിനിമകളിൽ ബോധപൂർവ്വം വിസ്മരി ക്കപ്പെടുന്നു. വിദേശ രാജ്യങ്ങളിൽ നടമാടുന്ന പേക്കൂത്തുകൾ സാംസ്കാരികാനുരൂപണം എന്ന പേരിൽ മലയാളത്തിലേക്ക് പറിച്ചു നടാനുള്ള ശ്രമം ജനം തള്ളിക്കളയുന്നുണ്ട് എന്ന യാഥാ ർത്ഥ്യം ഇനിയെങ്കിലും തിരിച്ചറിയേണ്ടിയിരിക്കുന്നു.

## 2. സിനിമ ആസ്വാദന ക്ഷമമായിരിക്കണം.

ആസ്വാദനം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്, അനുഭ വസാഫല്യം എന്നാണ്. കാണുന്ന കലാരൂപം പകർന്നു നൽ കുന്ന അനുഭവ സാഫല്യം ഏറിയിരുന്നാൽ മാത്രമാണ് അത് കലാമൂല്യമുള്ളത് എന്നു പറയാൻ കഴിയൂ. കലാമൂല്യം നഷ്ട പ്പെട്ട സിനിമകൾ വെറും സമയം കളയുന്ന ചടങ്ങുകൾ മാത്ര മായി അവശേഷിക്കുന്നു. മാതാപിതാക്കളും മക്കളും ഒരുമിച്ചി രുന്ന് ജീവിതത്തിന്റെ ആയാസം കുറക്കുന്നതിനായി സിനിമ കാണാനിരിക്കുമ്പോൾ അത് പിരിമുറുക്കത്തിന്റെയും വികല ജീവിതത്തിന്റെയും സന്ദേശമാണ് പകരുന്നതെങ്കിൽ അവിടെ അനുഭവസാഫല്യം ഒട്ടുംതന്നെ ലഭിക്കുന്നില്ല എന്നുപറയാം.

## 3. സിനിമ മൂല്യബോധം നൽകണം

കലകൾ എപ്പോഴും മൂല്ല്യബോധത്തിന്റെ ചാനലുകളായിരിക്കണം. ജീവിതാനുഭവങ്ങളേക്കാൾ ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചകൾ ഒരുവനെ മാനസിക പക്വതയിലേക്ക് നയിക്കാൻ പ്രാപ്തിയുള്ളവയാണ്. കാണുകയും കേൾക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന കലാരൂപം പകർന്നു നൽകുന്ന മൂല്യബോധം മനുഷ്യമനസ്സിന്റെ അന്തരാളങ്ങളിൽ ചലനങ്ങളും മാറ്റങ്ങളും ഉണ്ടാക്കാൻ സഹായിക്കുന്നവയാണ്. വിശ്വോത്തര സിനിമകൾ പലതും കാലാനുവർത്തിയായി നിൽക്കുന്നത് അവ പകർന്നു നൽകുന്ന ഉന്നതമായ ദർശനങ്ങളുടെ ആഴം കൊണ്ടാണ്. എന്നാൽ ഇന്നത്തെ പല സിനിമകളും ദർശനത്തേക്കാൾ പ്രാധാന്യം അടിപൊളി ജീവിതത്തിനാണ് നൽകുന്നത്. 'എന്തുവന്നാലും ആസ്വദിക്കണം മുന്തിരിച്ചാറുപോലീ ജീവിതം' എന്ന ചിന്താ തരംഗം ഉയർത്തിവിടുകയാണ് ഇന്നത്തെ പല സിനിമകളും. ഭാരതത്തിന്റെ ഉന്നതമായ സാസ്കാരിക തനിമയും സന്ദേശങ്ങളും ബോധപൂർവ്വം അവഗണിക്കപ്പെടുന്ന ചിത്രങ്ങളാണ് ഇന്നത്തെ പല സിനിമകളിലും നാം കാണുന്നത്.

## 4. സിനിമ സംസ്ക്കാര ചാനലുകളായിരിക്കണം

ഭാരതത്തിന്റെ മഹത്തായ സംസ്ക്കാരവും പാരമ്പര്യവും ഇന്നത്തെ സിനിമകൾ പലതും പഴഞ്ചനെന്ന രീതിയിൽ അവഗണിച്ചതിന്റെ പരിണിതഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. 'മാതൃദേവോ ഭവഃ പിതൃ ദേവോ ഭവഃ ആചാര്യദേവോ ഭവഃ അതിഥി ദേവോ ഭവഃ' എന്നത് ഭാരത സംസ്ക്കാരത്തിന്റെ മാത്രം പ്രത്യേകതയാണ്. അമ്മയേയും അപ്പനെയും ആചാര്യനേയും അതിഥിയെയും ദൈവമായിക്കണ്ട് സ്വീകരിക്കാനുള്ള

മനോഭാവം ഭാരതസംസ്ക്കാരത്തിന്റെ തനിമയാണ്. എന്നാൽ ഇന്നത്തെ പല സിനിമകളിലും തകർത്തെറിയപ്പെടുന്ന കുടുംബബന്ധങ്ങളും നിഷേധിക്കപ്പെടുന്ന ഗുരുചിന്തകളും അപരന്റെ നേരെ മുഖം തിരിഞ്ഞുനിൽക്കുന്ന ചിത്രീകരണങ്ങളും ഭാരത സംസ്കാരത്തിന്റെ ഉന്നത ദർശനങ്ങൾക്ക് നേരെയുള്ള ചോദ്യ ചിഹനങ്ങളായി മാറിയിരിക്കുന്നു. ചവിട്ടിമെതിക്കപ്പെടുന്ന സംസ്ക്കാര മൂല്യങ്ങളും ചിന്തകളും ആദർശവത്കരിക്കാനുള്ള നിഗൂഢനീക്കങ്ങളും ഇന്നത്തെ പല സിനിമകളും ഏറ്റെടുത്തിരിക്കുന്നതിന്റെ ദുരന്തഫലങ്ങൾ നാളത്തെ തലമുറ ഏറ്റെടുക്കേണ്ടിവരുമെന്നതിൽ യാതൊരു സംശയവുമില്ല.

## 5. സിനിമ വികാര വിമലീകരണത്തിന്റെ ഉപാധിയായിരിക്കണം.

ഉള്ളിന്റെയുള്ളിൽ അടിഞ്ഞുകൂടിയിരിക്കുന്ന വികാര വിക്ഷോഭങ്ങൾ ബഹിർഗമിച്ച് മനസ്സിന് ശാന്തത പ്രദാനം ചെയ്യുന്ന പ്രക്രിയയാണ് വിമലീകരണം. പ്രധാന കഥാപാത്രത്തിന്റെ ദുരന്തം സ്വന്തം ജീവിതവുമായി ബന്ധിപ്പിച്ച് കണ്ണിൽക്കൂടി ഇറ്റിറ്റ് വീഴുന്ന കണ്ണീർക്കണങ്ങൾ ഉള്ളിൽ പതഞ്ഞുപൊങ്ങുന്ന നൊമ്പരങ്ങളുടെ ബഹിർഗമനമാണെന്ന തിരിച്ചറിവാണ് വികാര വിമലീകരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഗ്രീക്കിലെ ദുരന്ത നാടകങ്ങൾ പലതും ജനങ്ങളുടെ വികാരവിമലീകരണത്തിനുള്ള ഉപാധികളായിരുന്നു. കഥാർസിസ് അനുഭവത്തിലൂടെ  ഒരുവനെ കടത്തിവിടാൻ പ്രാപ്തമാക്കുന്ന സിനിമകൾ മാത്രമെ കാലത്തെ അതിജീവിക്കുന്ന ഉത്തമകലാസൃഷ്ടികളാണ് എന്ന് പറയാൻ കഴിയൂ.

## 6. സിനിമ അഭിനയത്തികവുള്ളതായിരിക്കണം.

കഥാപാത്രവുമായി ഇഴുകിച്ചേരുന്ന വ്യക്തിക്ക് മാത്രമെ നല്ല അഭിനേതാവായി മാറാൻ കഴിയൂ. കച്ചവടത്തിന്റെ കണ്ണുകളും പ്രതിഫലത്തിന്റെ ഏറ്റക്കുറച്ചിലുകളും ഇന്ന് മലയാള സിനിമയെ ഏറെ ബാധിച്ചിരിക്കുന്നു. വെച്ചുകെട്ടില്ലാത്ത ജീവിതത്തിന്റെ അഭിനയമാണ് സാധാരണ മനുഷ്യൻ പ്രതീക്ഷിക്കുന്നത്. അതിനുപകരം ആഭാസത്തരങ്ങളെ ഉൾക്കൊള്ളുവാൻ ഇന്നു പലർക്കും സാധിക്കുകയില്ല എന്നതാണ് വാസ്തവം. ഭരതമുനിയെപ്പോലുള്ള ഉന്നതഗുരുക്കന്മാർക്ക് ജന്മം നൽകിയ ദേശമാണിത്. പച്ചയായ ജീവിതത്തിന്റെ ചിത്രീകരണം സ്വന്തം ജീവിതത്തിലേക്ക് ആവാഹിച്ചെടുക്കുന്നവർക്ക് മാത്രമാണ് നല്ല കലാകാരനാവാൻ കഴിയുകയുള്ളു. തന്റെ മുന്നിൽ സിനിമ കാണാൻവന്നിരിക്കുന്ന സാധാരണക്കാരന്റെ ചിന്തകളും ചിത്രങ്ങളും ബോധപൂർവ്വം മനസ്സിലേക്ക് കൊണ്ടുവരാൻ കഴിയുന്നവർക്ക് മാത്രമാണ് നല്ല അഭിനേതാവാകുവാൻ സാധിക്കുക. പ്രപഞ്ചമാകുന്ന അരങ്ങിലെ കലാകാരന്മാരാണ് ഓരോ മനുഷ്യനും എന്ന ചിന്തയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ഉത്തമ സിനിമകൾക്ക് സാധിക്കണം.

# 7.

# ഒരു അവസരം കൂടി

'ഈ പ്രാവശ്യം അവനെ ഡിസ്മിസ് ചെയ്യണം' കോളേജ് കൗൺസിൽ ഒന്നടങ്കം ഇപ്രകാരം ആവശ്യപ്പെട്ടു. കാരണം കോളേജിൽ മൂന്നാംവർഷം പഠിക്കുന്ന ഒരു വിദ്യാർത്ഥിയിൽ നിന്നും ഇത്ര മോശമായ പ്രതികരണം ആരും പ്രതീക്ഷിച്ചിരുന്നില്ല. മാത്രമല്ല ഈ കുട്ടിക്ക് ഒന്നാംവർഷവും രണ്ടാംവർഷവും അദ്ധ്യാപകർ ആവശ്യമായ തിരുത്തലുകൾ നൽകിയിട്ടുള്ളതാണ്. ഒന്നാംവർഷം ക്ലാസിലെ ബെഞ്ചിലും ഡെസ്കിലും വൃത്തികേട് എഴുതിവച്ചതിന്റെ പേരിൽ നടപടി എടുത്തിട്ടുള്ളതാണ്. രണ്ടാംവർഷം കോളേജിന്റെ ടോയ്ലറ്റിൽ തെറി എഴുതിയതുകൊണ്ട് അപ്പോളജി എഴുതിത്തന്നവനുമാണ്. അവൻ തന്നെ ലഹരിവിരുദ്ധ ദിനത്തിൽ ലഹരിവിരുദ്ധ സന്ദേശത്തിൽ പങ്കാളിയാവുക എന്ന ബാനറിലാണ് ഇത്ര മോശമായ വാക്കുകൾ എഴുതി ഇട്ടിരിക്കുന്നത്. അതുകൊണ്ടാണ് ശക്തമായ നടപടിതന്നെ വേണമെന്ന് കൗൺസിൽ ആവശ്യപ്പെട്ടത്. എന്നാൽ

പിറ്റേദിവസം അവന്റെ തോളിൽ തട്ടിക്കൊണ്ട് പ്രിൻസിപ്പൽ ഇങ്ങനെ പറയുന്നത് കേൾക്കാൻ ഇടയായി. മോനേ ഇത് അവസാനവർഷമല്ലേ. നന്നാകാൻ ഒരവസരംകൂടി ഞാൻ നിനക്ക് നൽകുന്നു. കോളേജിനുപോലും നിന്നെ വേണ്ടാത്തപ്പോൾ ഒരവസരം കൂടി നിനക്ക് നന്നാവാൻ ഞാൻ നൽകുന്നു. ഈ കാഴ്ച കണ്ടപ്പോൾ ഞാൻ അറിയാതെ മുന്തിരിത്തോട്ടത്തിൽ നിൽക്കുന്ന അത്തിമരത്തെ ഓർത്തുപോയി. ഉടമസ്ഥൻ പോലും വെട്ടിക്കളയാൻ ആവശ്യപ്പെട്ടപ്പോൾ ഒരവസരത്തിനുവേണ്ടി യാചിക്കുന്ന വേലക്കാരൻ. ഫലം ചൂടാൻ ലഭിച്ച ഒരവസരത്തെപ്പറ്റി നമ്മൾ ചിന്തിക്കാറുണ്ടോ? നമ്മുടെ യഥാർത്ഥ അവസ്ഥയെപ്പറ്റി നമുക്ക് ഓർക്കാം.

**1. സ്ഥാനം എവിടെയാണെന്ന് ചിന്തിക്കണം.**

ഓരോ വ്യക്തിയും ഫലം ചൂടണമെങ്കിൽ തന്റെ സ്ഥാനം എവിടെയാണെന്ന അവബോധം ഉണ്ടാകണം. മുന്തിരിത്തോട്ടത്തിൽ നിൽക്കുന്ന അത്തിമരത്തിൽ നിന്ന് കാട്ടിൽ നിൽക്കുന്ന അത്തിമരത്തേക്കാൾ കൂടുതൽ ഫലം ഉടമസ്ഥൻ പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ട് പുരോഹിതന്റെ സ്ഥാനം എവിടെയാണെന്ന തിരിച്ചറിവ് ഉണ്ടായാൽ മാത്രമേ പൗരോഹിത്യത്തിന്റെ ഫലം പുറപ്പെടുവിക്കാൻ പുരോഹിതന് കഴിയൂ. സന്യാസത്തിന്റെ തിരഞ്ഞെടുപ്പിനെപ്പറ്റി അവബോധം ഉള്ള വ്യക്തിക്കാണ് സന്യാസത്തിന്റെ ഫലം പുറപ്പെടുവിക്കാൻ സാധിക്കുക. കുടുംബജീവിതത്തിൽ അപ്പനും അമ്മയും മക്കളും തങ്ങളുടെ സ്ഥാനം എവിടെയാണെന്ന് മനസ്സിലാക്കുമ്പോൾ മാത്രമാണ് തങ്ങൾക്ക് ചേർന്ന ഫലം പുറപ്പെടുവിക്കാൻ കഴിയുക. ദൈവത്തെ അറിയാൻപോലും കഴിയാത്ത സമൂഹത്തിൽ നിന്നും

തമ്പുരാനെ അറിയാനും അനുഭവിക്കാനും എനിക്ക് സാഹചര്യമുണ്ടെങ്കിൽ ഞാൻ തീർച്ചയായും മുന്തിരിത്തോട്ടത്തിൽ നിൽക്കുന്ന അത്തിമരം തന്നെയാണ്. ദൈവാനുഗ്രഹത്തിന്റെ വെള്ളവും വളവും ആവോളം ഉൾക്കൊണ്ടതിനുശേഷം ഞാൻ യഥാർത്ഥഫലം നൽകുന്നില്ല എങ്കിൽ എന്റെ സ്ഥാനം എവിടെയാണെന്ന് ഞാൻ മറന്നുപോകുന്നതുകൊണ്ടാണ്.

## 2. യജമാനൻ ഫലം പ്രതീക്ഷിക്കുന്നു.

മുന്തിരിത്തോട്ടത്തിൽ നിൽക്കുന്ന അത്തിമരത്തിൽ നിന്ന് കാലാകാലങ്ങളിൽ ഫലം ശേഖരിക്കാൻ യജമാനൻ വരുന്നതുപോലെ, എന്റെ ജീവിതത്തിന്റെ നല്ല ഫലം കാണാൻ എന്റെ ഉടയവൻ എത്തുമെന്ന ചിന്ത എനിക്ക് ഉണ്ടാകണം. ഓരോ ജീവിതാവസ്ഥയ്ക്ക് ചേർന്ന ഫലങ്ങളാണ് ഉടമസ്ഥൻ പ്രതീക്ഷിക്കുന്നത്. ഇത് ഉടമസ്ഥന്റെ അവകാശമാണ്. അല്ലാതെ മരത്തിന്റെ ഔദാര്യമല്ല. ജീവദാതാവായ ദൈവത്തിന്, ജീവൻ കൊടുത്ത സൃഷ്ടികളിൽ നിന്ന് അർഹമായ ഫലം അന്വേഷിക്കാനും ഫലം കൊണ്ടുപോകാനും അവകാശമുണ്ട്. എന്റെ കൗദാശിക ജീവിതവും പ്രാർത്ഥനകളും യജമാനന്റെ ഫലം തേടിയുള്ള യാത്രയിൽ അവന്റെ മുമ്പിലുള്ള അർപ്പണങ്ങളാണ്. ജീവിതാവസ്ഥയ്ക്ക് ചേർന്ന ഫലങ്ങളാണ് ഉടയവൻ പ്രതീക്ഷിക്കുന്നത്. സാധാരണക്കാരനേക്കാൾ തികച്ചും വ്യത്യസ്തമായ ഫലം തിരഞ്ഞെടുക്കപ്പെട്ടവരിൽ നിന്ന് തമ്പുരാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഫലം ചൂടണമെന്ന ബോധ്യം ഈ ഒരവസരം ലഭിച്ചപ്പോൾ നമുക്ക് തോന്നേണ്ടിയിരിക്കുന്നു.

## 3. എന്റെ ജന്മം നിലം പാഴാക്കലാണോ?

വേദനയോടെ യജമാനൻ തിരികെ പോകുന്നതിനു മുമ്പ് മരത്തെനോക്കി പറയുന്നുണ്ട്. 'എന്തിന് ഇത് നിലം പാഴാക്കുന്നു' എന്ന്. തമ്പുരാനെ നിന്റെ മുമ്പിൽ അത്തിമരം പോലെ സംരക്ഷിക്കപ്പെടുന്ന, ദൈവാനുഗ്രഹമാരി സ്വീകരിക്കുന്ന എന്റെ മുമ്പിലും നീ വരുമ്പോൾ നിലം പാഴാക്കുന്ന ജന്മം എന്ന് കേൾക്കാൻ എനിക്ക് ഇടയാകരുതേ. നിലം പാഴാക്കുന്നതിന് ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെടുന്നു. വെട്ടിമുറിച്ച് പുറം തള്ളാനുള്ള ഗതികേട് ഉണ്ടാകാതിരിക്കാൻ നാം ഓരോരുത്തരും പരിശ്രമിക്കേണ്ടിയിരിക്കുന്നു. പൗരോഹിത്യജീവിതത്തിൽ അനുദിനം വിശുദ്ധിയുടെ ഫലം തേടിവരുന്ന തമ്പുരാന്റെ മുമ്പിൽ ഉണക്കമരം പോലെ നിൽക്കുന്ന എന്നെ നോക്കി പൗരോഹിത്യത്തിന്റെ നിലം പാഴാക്കുകയാണോ എന്ന് ചോദിക്കാനിടയാകാതിരിക്കട്ടെ. സന്യാസത്തിന്റെ നിലം പാഴാക്കുന്ന വ്യക്തിയാണോ ഞാനെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കുടുംബജീവിതത്തിൽ അപ്പനും അമ്മയും തങ്ങളുടെ നിലംപാഴാക്കുന്നവരാകുന്നുണ്ടോ? മക്കളുടെ ജന്മംതന്നെ നിലം പാഴാക്കിയതിന് തുല്യമാണെന്ന് പറയുന്നത് കേൾക്കാൻ ഒരിക്കലും ഇടയാകാതിരിക്കട്ടെ. ഓരോ വ്യക്തിയും തങ്ങൾ നിലം പാഴാക്കുന്നവരാണോ എന്ന് ആത്മാർത്ഥമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

## 4. ഇതാ ഒരവസരംകൂടി നൽകപ്പെട്ടിരിക്കുന്നു

നിലം പാഴാക്കുന്നതിനെ വെട്ടിയെറിയാൻ ആവശ്യപ്പെട്ടപ്പോൾ തോട്ടക്കാരൻ അതിനുവേണ്ടി വാദിക്കാൻ എത്തുന്നു. ഒരവസരംകൂടി നമുക്ക് അതിന് കൊടുക്കാം. സത്യത്തിൽ

നമ്മുടെ ഓരോ ദിവസവും ഒരവസരംകൂടി കൊടുക്കാൻ മറ്റു പലരും യാചിച്ചതിന്റെ, പ്രാർത്ഥിച്ചതിന്റെ ഫലമല്ലേ? ഫലം ചൂടാൻ എനിക്ക് ഇന്ന് ഒരവസരംകൂടി ലഭിച്ചിരിക്കുന്നു. അത് തോട്ടക്കാരന്റെ ഔദാര്യമാണെന്ന ചിന്ത നമുക്ക് ഉണ്ടാകണം. അനുദിന ജീവിതത്തിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നത് എന്റെ ആദ്ധ്യാത്മിക പിതാക്കന്മാരായിരിക്കാം: എന്റെ മാതാപി താക്കളായിരിക്കാം: എന്റെ ഗുരുഭൂതരായിരിക്കാം: എന്റെ മക്ക ളായിരിക്കാം. അപരന് അവസരം കൊടുക്കാൻ യാചിക്കാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. എന്റെ യാചനയുടെ, പ്രാർത്ഥ നയുടെ ഫലമായിരിക്കാം അയൽപ്പക്കത്തുള്ളവൻ മദ്യപാനം അല്ലെങ്കിൽ പുകവലി നിർത്തിയത്. എന്റെ പ്രാർത്ഥനയുടെ ഫല മായിരിക്കാം അവന്റെ ആർത്തി കുറഞ്ഞത്. അവസരം കിട്ടിയ വരെ സംബന്ധിച്ച് മറ്റുള്ളവർക്ക് ഒരവസരം കൂടി നൽകണമെന്ന് യാചിക്കാനുള്ള കടമയും ഉണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് ഈ ഉപമ നമുക്ക് നൽകുന്നത്. ഒരവസരംകൂടി ലഭിച്ച പാഴ്ത്തടി മാത്രമാണ് ഞാനെന്ന ചിന്ത മനസ്സിൽ കാത്തുസൂക്ഷിക്കാം.

# 8.

## ഭോഷനായ ധനികൻ

കഴിഞ്ഞ ക്രിസ്തുമസ്സിന് രാത്രിയിലെ തിരുക്കർമ്മങ്ങൾ കഴിഞ്ഞ് വന്ന് അല്പം വിശ്രമിക്കാമെന്ന് കരുതിയപ്പോഴാണ് അമേരിക്കയിൽ നിന്ന് ബറ്റി വിളിക്കുന്നത്. 'അച്ചാ ക്രിസ്തുമസ് ആശംസകൾ പതിവില്ലാത്ത അവളുടെ ആശംസ സ്വീകരിച്ച് വിശേഷം തിരക്കിയപ്പോൾ ബറ്റി അവരുടെ പുതിയ വീടു പണിയെ സംബന്ധിച്ച് വിവരിക്കാൻ തുടങ്ങി. അച്ചാ ആ നാട്ടിലെ ഏറ്റവും വലിയ വീടാണ് ഞങ്ങൾ പണിയാൻ പോകുന്നത്. തറവലിച്ചപ്പോൾ തന്നെ 40 ലക്ഷം രൂപയായി. നടുമുറ്റവും നാലുകെട്ടും കൂടിയാണ് അത് പണിയുന്നത്. 12 ബെഡ്റൂമുകൾ അതിനുണ്ട്. മുൻവശം മുഴുവൻ ഗ്ലാസിടാനാണിരിക്കുന്നത്. അടുത്ത ക്രിസ്തുമസ്സിന് ഞങ്ങൾ നാട്ടിൽവരുമ്പോൾ അത് വെഞ്ചരിക്കണം. വെഞ്ചരിപ്പിന് മെത്രാനെ വിളിക്കാനാണ് ഇരിക്കുന്നത്. അച്ചൻ തന്നെ മെത്രാന്റെ ഡയറിയിൽ ഒരു ഡേറ്റ് കുറിച്ചിടണേ. നാട്ടുകാരെ മുഴുവൻ ഞങ്ങൾ വിളിക്കും. ഇനി

അമേരിക്കയിൽനിന്ന് കുറേ നാളുകൾക്ക് ശേഷം ഞങ്ങൾക്ക് അവിടെ വന്ന് അടിപൊളിയായി ജീവിക്കണം. അങ്ങോട്ട് ഒന്നും പറയുവാൻ സമ്മതിക്കാതെ ബറ്റി തന്റെ വീടിനെക്കുറിച്ചുള്ള ദീർഘവിവരണം തന്നുകഴിഞ്ഞിരിക്കുന്നു. രണ്ടുകുട്ടികൾ മാത്ര മുള്ള ബറ്റിക്കും ബൈജുവിനും താമസിക്കാൻ 12 ബെഡ്റൂമുകൾ ആവശ്യമുണ്ടോ തമ്പുരാനെ.... അറിയാതെ എന്റെ മനസ്സിൽ ഇങ്ങനെ ചോദിച്ചുപോയി.

ബറ്റിയുടെ പ്ലാനനുസരിച്ച് ഈ മണിമന്ദിരം അവിടെ ഉയരാൻ തുടങ്ങി. ഈ വർഷത്തെ ഈസ്റ്ററിന് അമേരിക്കയിൽ നിന്ന് ബറ്റിയല്ല ബൈജുവാണ് എന്നെ വിളിച്ചത്. ഞാൻ ചോദിച്ചു ബൈജു ബറ്റി എന്തിയേ? പതറുന്ന സ്വരത്തിൽ ബൈജു പറഞ്ഞു : ‘‘ഈസ്റ്ററിന് പള്ളിയിൽ പോയി വന്നപ്പോൾ മുതൽ ബറ്റിക്ക് ഭയങ്കര തലവേദനയാണ്. തലപൊട്ടിപ്പോകുന്നു എന്ന് പറഞ്ഞു. അവൾ കട്ടിലിൽ കിടന്ന് ഉരുളുകയായിരുന്നു. ആശുപത്രിയിൽ കൊണ്ടുചെന്ന് സെഡേഷൻ കൊടുത്തിരിക്കു കയാണ്. സ്കാൻ ചെയ്യണമെന്നും നാട്ടിലേക്ക് കൊണ്ടുപോ കുന്നതാണ് നല്ലതെന്നും ഡോക്ടർമാർ സൂചിപ്പിച്ചു. അച്ചാ എനിക്ക് പേടിയാകുന്നു’’. ഞാൻ പറഞ്ഞു സാരമില്ല എല്ലാം തമ്പുരാൻ അറിയുന്നുണ്ടല്ലോ. എറണാകുളം അമൃത ആശു പത്രിയിൽ വച്ച് ഡോക്ടർമാർ ആ വിവരം ബൈജുവിനെ അറിയിച്ചു. ബറ്റിയുടെ ബ്രെയിൻ ട്യൂമർ മൂന്നാം സ്റ്റേജിൽ എത്തി യിരിക്കുന്നു. ഒന്നും ചെയ്യാൻ നിവൃത്തിയില്ല. അറിയിക്കേ ണ്ടവരെ അറിയിച്ചുകൊള്ളുക.

ഏതാണ്ട് മൂന്നാഴ്ചത്തെ ആശുപത്രി വാസത്തിനുശേഷം ആരോടും പറയാതെ, വീടുവെഞ്ചരിപ്പിന് നിൽക്കാതെ ബറ്റി ബൈജുവിനോടു വിടപറഞ്ഞു. ശവസംസ്ക്കാര വേളയിൽ

എന്തുപറഞ്ഞ് ബൈജുവിനെ ആശ്വസിപ്പിക്കണമെന്നറിയാതെ എന്റെ അനുശോചനസന്ദേശം ഇടറിപ്പോയി. മനുഷ്യൻ പദ്ധതികൾ ആവിഷ്കരിക്കുന്നു. എന്നാൽ നടപ്പിലാക്കാൻ കഴിയില്ലല്ലോ. ആ വഴിയെപോകുമ്പോൾ ബറ്റിയുടെ സ്വപ്നഭവനത്തെ നോക്കി ഞാൻ അറിയാതെ ചോദിക്കും : തമ്പുരാനെ ഞാനൊരു മണ്ടനായ ധനികനാണോ എന്ന് ?

നമ്മുടെ ജീവിതത്തിലേക്ക്  തിരിഞ്ഞുനോക്കാം. മണ്ടനായ ധനികന്റെ  ഉപമ ജറുസലേം നിവാസികൾക്ക് മാത്രമായി നൽകിയതാണോ അല്ല. ആകാശവും ഭൂമിയും കടന്നുപോയാലും എന്റെ വചനങ്ങൾ കടന്നുപോവുകയില്ല  എന്നു പറഞ്ഞവന്റെ വചനങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്.  പറമ്പിൽ നല്ലതുപോലെ പണിയെടുത്ത് നല്ല വിളവുലഭിക്കുമ്പോൾ, നാട്ടിലും നടുമുറ്റത്തും നിന്ന് ഞാൻ പണിതിട്ട് ഉണ്ടാക്കിയതാണ് ഇതെല്ലാം എന്ന് പറഞ്ഞ് വീമ്പിളക്കുമ്പോൾ ഓർക്കുക ഞാനും ആ മണ്ടനെപ്പോലെയല്ലെ പെരുമാറുന്നത്. ഗൾഫിലും മറ്റുംപോയി അദ്ധ്വാനിച്ച് നാട്ടിൽ പ്രൗഢഗംഭീരമായ മണിമന്ദിരങ്ങൾ കെട്ടിപ്പടുത്തീട്ട് അതിന്റെ മുമ്പിൽ നിന്ന് ഞാൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയതാണ് ഈ കാണുന്നതെല്ലാം എന്നു പറയുന്നതിനുമുമ്പ് തമ്പുരാനെ ഓർക്കണമെന്നാണ് ഈ ഉപമ നമ്മെ പഠിപ്പിക്കുന്നത്. പരീക്ഷയിൽ ഉന്നതവിജയം ലഭിക്കുമ്പോഴും ഉയർന്ന ശമ്പളമുള്ള ജോലി ലഭിക്കുമ്പോഴും ഞാൻ കഷ്ടപ്പെട്ട് നേടിയെടുത്തതാണെന്ന് വീമ്പിളക്കുന്ന മനുഷ്യനും മണ്ടനായി പോകാതിരിക്കണമെങ്കിൽ തമ്പുരാന്റെ കരുണയെപ്പറ്റി, അനുഗ്രഹത്തെപ്പറ്റി വല്ലപ്പോഴും ഓർക്കേണ്ടിയിരിക്കുന്നു. ദൈവസന്നിധിയിൽ സമ്പത്ത് ശേഖരിച്ചു വച്ചവരാണ് ഈ

ലോകത്തിലെ വിശുദ്ധാത്മാക്കൾ എന്ന സത്യം നാം തിരിച്ചറിയണം.

പാരീസ് സർവ്വകലാശാലയിലെ ഉന്നതമായ ഉദ്യോഗം വലിച്ചെറിഞ്ഞ് "എനിക്കാത്മാക്കളെ തരിക" എന്നുപറഞ്ഞ് ഭാരതത്തിലെ തീരപ്രദേശങ്ങളിലൂടെ അലഞ്ഞുതിരിഞ്ഞു നടക്കാൻ ഫ്രാൻസിസ് സേവ്യറിനെ പ്രേരിപ്പിച്ചത് ദൈവസന്നിധിയിൽ സമ്പന്നനാകണമെന്ന കാഴ്ചപ്പാടായിരുന്നു. കൊട്ടാര സദൃശ്യമായ വീടും ആഢംബരങ്ങളും ഉപേക്ഷിച്ച് "കർത്താവെ എന്നെ നിന്റെ സമാധാനത്തിന്റെ ഉപകരണമാക്കണമേ" എന്നു പാടിയ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസും തന്റെ സമ്പത്തിനേക്കാൾ ദൈവസന്നിധിയിലുള്ള സമ്പത്താണ് ശ്രേഷ്ഠമെന്ന് കരുതിയിരുന്നു. കൽക്കട്ടയിലെ തെരുവീഥികളിലൂടെ കുഷ്ഠരോഗികളുടെ കാവലാളായി മാറിയ മദർതെരേസയും ഈ ലോകത്തിലെ സമ്പത്തിനേക്കാൾ വലിയതായി ദൈവസന്നിധിയിലെ സമ്പത്തിനെ തിരിച്ചറിഞ്ഞവളായിരുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തി ശവമഞ്ചത്തിന് ദ്വാരമിട്ട് രണ്ടുകരങ്ങളും വെളിയിലാക്കി ശവസംസ്ക്കാര ശുശ്രൂഷ നടത്തണമെന്ന് ആവശ്യപ്പെട്ടത്, മഹാനായ തനിക്ക് ഒന്നും ഇവിടെ നിന്നും കൊണ്ടുപോകാൻ പറ്റുന്നില്ല എന്ന് ലോകത്തെ ബോധ്യപ്പെടുത്താനായിരുന്നു. നീതിസാരം ഇങ്ങനെ മനുഷ്യനെ ഓർമ്മപ്പെടുത്തുന്നു.

'അർത്ഥം ഗൃഹേ നിവർത്തന്തേ, ശ്മശാനേ പുത്രബാന്ധവ, സുകൃതം ച ദുഷ്കൃതം ഗഛത മനുഗഛതി'. അതായത് നിന്റെ സമ്പത്ത് വീടിന്റെ പടിവാതിൽ വരെയും പുത്രബന്ധുക്കൾ കുഴിമാടം വരെയും നിന്നെ അനുഗമിക്കും. അതിനുശേഷം നിന്റെ കൂടെ വരുന്നത് നീ ചെയ്ത സൽക്കർമ്മങ്ങളോ ദുഷ്ക്കർമ്മങ്ങളോ ആയിരിക്കും.

# 9.

## ധൂർത്തനാക്കിയത് ആരാണ് ?

'അച്ചാ അയാളെ ഞാൻ കുത്തിക്കൊല്ലും, ഞാനും ചാകും'. എളിയിൽ കരുതിയിരുന്ന പിച്ചാത്തിയും ഫ്യുറഡാന്റെ പൊതിയും മേശപ്പുറത്ത് വച്ച് കിതച്ചുകൊണ്ടാണ് ആ മനുഷ്യൻ ഇങ്ങനെ പറഞ്ഞത്. വളരെ നാളുകൾക്ക് ശേഷമാണ് ഞാൻ ജോസുചേട്ടനെ കാണുന്നത്. ഞാൻ മുമ്പ് ജോലിചെയ്തിരുന്ന ഇടവകയിൽ വളരെ സജീവമായി ദേവാലയകാര്യങ്ങളിലും, ഭക്തകൃത്യങ്ങളിലും താല്പര്യം എടുക്കുകയും നേതൃത്വം നൽകുകയും ചെയ്തിരുന്ന ജോസുചേട്ടന് എന്തുപറ്റി? രാത്രി ആരാധനയ്ക്ക് നേതൃത്വം നൽകിയിരുന്ന ജോസുചേട്ടന്റെ മനോഹരമായ സ്തുതിപ്പുകൾ കേട്ട് അന്നു ഞാൻ ഒത്തിരി ആശിച്ചിരുന്നു, എന്റെ ദൈവമേ ജോസുചേട്ടൻ സ്തുതിക്കുന്നതുപോലെ, ജോസുചേട്ടൻ പ്രാർത്ഥിക്കുന്നതുപോലെ നിന്റെ മുമ്പിൽ ലയിച്ചിരുന്ന് പ്രാർത്ഥിക്കാൻ എന്നേയും പഠിപ്പിക്കണമേ എന്ന്. എന്നാൽ ഇതെന്ത് പറ്റിയതാണ്? താടിയും മുടിയും വളർത്തി,

മുഷിഞ്ഞുനാറിയ വസ്ത്രവും ധരിച്ച് മദ്യപിച്ചു ലക്കുകെട്ട് ജോസുചേട്ടൻ വീട്ടിൽനിന്നും ഇറങ്ങിപ്പോന്നിട്ട് ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. എന്തുകൊണ്ടാണ് അപ്പനെ മക്കളാരും അന്വേഷിക്കാത്തത്? ജോസ് ചേട്ടന്റെ പ്രായമായ അപ്പച്ചനും അമ്മച്ചിയും എന്തുകൊണ്ടാണ് ജോസിനെ തിരക്കാത്തത്? അഞ്ച് ഏക്കർ റബർതോട്ടം സ്വന്തമായി ഉണ്ടായിരുന്ന കുടുംബമല്ലേ? എന്തുപറ്റി ജോസ്ചേട്ടാ?

ഏറെ നേരം എന്റെ കണ്ണിലേക്ക് തന്നെ ജോസ് ചേട്ടൻ നോക്കിയിരുന്നു.അന്നത്തെ ദൈവാനുഗ്രഹത്തിന്റെ ഓർമ്മച്ചെപ്പുകൾ തുറന്നപ്പോൾ ആ കണ്ണുകളിൽ നിന്ന് അറിയാതെ കണ്ണുനീർ ചാലുകൾ ഒഴുകി. ജോസുചേട്ടൻ പറയാനാരംഭിച്ചു. അച്ചാ എനിക്ക് വയസ്സ് നാൽപ്പത്തഞ്ചായി. പെൺമക്കൾ മൂന്നുപേരെയും കെട്ടിച്ചയച്ചു. ഇളയവൻ കോളേജിൽ പഠിക്കുന്നു. അവന്റെ പ്രോജക്ടിന് പൈസകൊടുക്കാൻ 75 വയസ്സായ എന്റെ ചാച്ചന്റെ മുമ്പിൽ ഞാൻ കൈനീട്ടുന്നതുകണ്ട് അവൻ ചോദിച്ചു "പപ്പായ്ക്ക് ഇനിയും നാണമില്ലേ. ഒരു രൂപപോലും കൈകാര്യം ചെയ്യാൻ അനുവാദമില്ലാത്ത ജീവിതം" അഭിമാനത്തിനേറ്റ ക്ഷതം കാരണം ഞാൻ മദ്യപിക്കാൻ തുടങ്ങി. പ്രാർത്ഥന ഇല്ലാതായി. വീട്ടിൽ കയറാതായി. എന്നിട്ടും ചാച്ചന്റെ മനസ്സ് മാറിയില്ല. വീട്ടിലിരുന്ന ഷീറ്റ് മുഴുവൻ ചാച്ചൻ തന്നെ കൊണ്ടുപോയി വിറ്റു. സാധനങ്ങൾ ചാച്ചൻ തന്നെ വാങ്ങുന്നു. അച്ചനറിയാമോ ഒരു സോപ്പുവാങ്ങണമെങ്കിൽ, ഒന്നു തലമുടി വെട്ടിക്കണമെങ്കിൽ ഞാൻ ചാച്ചന്റെ മുമ്പിൽ ഇന്നും കൈ നിട്ടേണ്ടിയിരിക്കുന്നു.

ജോസ് ചേട്ടന്റെ അനുഭവം കേട്ടപ്പോൾ ഞാൻ അറിയാതെ ചോദിച്ചുപോയി. തമ്പുരാനെ ഈ പുത്രനെ ധൂർത്തനാക്കിയത്

ആരാണ്? മക്കളുടെ ധൂർത്തജീവിതത്തെപ്പറ്റി പരിതപിക്കുന്ന മാതാപിതാക്കന്മാർ ഒരു നിമിഷം ഓർക്കുക. എന്റെ പ്രവർത്ത നരീതികളാണോ എന്റെ സംസാരശൈലിയാണോ എന്റെ മക്കൾ ധൂർത്തരാകാൻ ഇടയാക്കിയത്? ധൂർത്തപുത്രൻ ഉപമയിലെ ഇളയവനെപ്പോലെ അപ്പനോട് സ്വത്ത് ഭാഗംവെയ്ക്കുവാൻ ആവ ശ്യപ്പെടുന്നതുവരെ കാത്തിരിക്കേണ്ട അവസ്ഥ ഈ അപ്പനു ണ്ടായിരുന്നോ? മക്കൾ പ്രായപൂർത്തിയാകുമ്പോൾ അവർക്ക് അവകാശപ്പെട്ടത് നൽകാതെ ഉണ്ടാക്കിവച്ചിരിക്കുന്ന സ്വത്തിന് അവകാശി താൻ മാത്രമാണെന്ന ചിന്തയിൽ മരണക്കിടക്കയിൽ പോലും അലമാരയുടെ താക്കോൽക്കൂട്ടം തപ്പിനോക്കുന്ന മാതാ പിതാക്കന്മാർ ഓർക്കുക, നിങ്ങളുടെ കുടുംബത്തിൽ ഒരു ധൂർത്തപുത്രൻ ജനിക്കാൻ പോകുന്നുവെന്ന്. മകൻ അപ്പന്റെ നേരെ നിന്ന് അവകാശം എണ്ണിപ്പറഞ്ഞ് മേടിക്കുന്നതിന് മുമ്പ് മക്കൾക്ക് നൽകാനുള്ളത് ഔദാര്യപൂർവ്വം നൽകുമ്പോഴാണ് അപ്പന്റെ ജീവിതം സഫലമാകുന്നത്. അതുകൊണ്ട് ധൂർത്ത പുത്രന്മാർ ഉണ്ടാകുന്നതിന് മുമ്പ് മാതാപിതാക്കന്മാർ തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയി രിക്കുന്നു.

രണ്ടാമതായി ഈ പുത്രനെ ധൂർത്തനാക്കിയതിൽ അവന്റെ കൂട്ടുകാർ പ്രധാന പങ്ക് വഹിക്കുന്നു. ''സുഖത്തിലുണ്ടാം സഖി മാരനേകം,ദുഃഖം വരുമ്പോൾ പുനരാരുമില്ല'' എന്ന് കവി പാടി യതുപോലെ പണമുള്ളവന്റെ കൂടെ കൂടാൻ ഏറെ സുഹൃത്തു ക്കൾ കാണും. അവന്റെ ചെലവിൽ ജീവിതം ആഘോഷിക്കാൻ അവർ എന്തുചെയ്യാനും മടിക്കുന്നില്ല. 'എന്തുവന്നാലും എനി ക്കാസ്വദിക്കണം മുന്തിരിച്ചാറുപോലീ ജീവിതം' എന്നത് അവ രുടെ ജീവിത പ്രമാണമായി മാറുന്നു. ജീവിതം അടിപൊ

ളിയാക്കാൻ കൂടെക്കൂട്ടുന്ന സുഹൃത്തുക്കൾ എന്നെ ധൂർത്തിലേക്ക് നയിക്കുന്നുണ്ടോ? എന്റെ കൂട്ടുകാരുടെ സാന്നിധ്യം എന്നെ തകർച്ചയിലേക്കാണോ നയിക്കുന്നതെന്ന് സുഹൃത്തുക്കളെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മൂന്നാമതായി ഈ മകനെ ധൂർത്തനാക്കിയതിൽ ഒരു പങ്ക് അവന്റെ സഹോദരൻ വഹിക്കുന്നില്ലേ? "സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര വിശിഷ്ടവും മനോഹരവുമാണ്. അഹറോന്റെ തലയിൽ നിന്ന് താടിയിലേക്കും വസ്ത്രത്തിന്റെ വിളുമ്പുകളിലേക്കും ഒഴുകിയിറങ്ങുന്ന അമൂല്യമായ അഭിഷേക തൈലം പോലെയാണ് സഹോദരബന്ധമെന്നാണ് സങ്കീർത്തകൻ വിവരിക്കുന്നത്.

പവിത്രമായ സഹോദരബന്ധങ്ങൾക്കും രക്തബന്ധങ്ങൾക്കും ഇന്ന് കോട്ടം സംഭവിച്ചിരിക്കുന്നു. ഇളയവന്റെ ബലിപീഠത്തിൽ നിന്ന് ആകാശത്തിലേക്ക് അഗ്നിജ്വാലകൾ ഉയരുന്നതു കണ്ട് കായേന്റെ മനസ്സിൽ പൊട്ടിവിടർന്ന പകയുടെ കനലുകൾ ഇന്നും സഹോദരബന്ധങ്ങളിൽ നിഴലിച്ചു കാണുന്നു.തിരികെ വന്ന ഇളയവൻ തന്റെ രക്തബന്ധുവും സഹോദരനുമാണ് എന്ന ചിന്ത മറന്നുകൊണ്ട് അപ്പനുനേരെ ആക്രോശിക്കുന്ന മൂത്ത മകനും ഇവനെ ധൂർത്തനാക്കിയതിൽ നിന്ന് കൈകഴുകി മാറി നിൽക്കാൻ കഴിയുകയില്ല. സഹോദരന്റെ തിരിച്ചുവരവിൽ, സാമ്പത്തികമായ ഉയർച്ചയിൽ പകപൂണ്ട് പരാതിയുമായി നടക്കുന്ന സഹോദരങ്ങളെ നമ്മുടെ മധ്യത്തിലും കാണാൻ കഴിയും. അവർക്കും അവനെ ധൂർത്തനാക്കിയതിൽ പങ്കില്ല എന്നു പറയാൻ കഴിയില്ല.

# 10.

## താലന്തുകൾ തിരിച്ചറിയുക

ദിവസവും ക്ലാസ്സിലെ ഏറ്റവും അവസാനത്തെ ബഞ്ചിൽ ഇരിക്കുന്ന അവളെ ഞാൻ നിരീക്ഷിച്ചിരുന്നു. എല്ലാവരോടും പകയോടെ എന്ന മനോഭാവത്തോടെ ആരേയും ഉൾക്കൊള്ളാതെ തനിയെ നടന്നു നീങ്ങുന്ന അവളെ ഞാൻ എന്റെ മുറിയിലേക്ക് വിളിപ്പിച്ചു. കൗമാരത്തിന്റെ പടിവാതിൽ കടന്ന് യൗവനത്തിലേക്ക് കാലുകുത്തിയിരിക്കുന്ന അവൾക്ക് ഈ ലോകത്തോടു തന്നെ വെറുപ്പാണ്. ജന്മം തന്ന മാതാപിതാക്കന്മാരോട് പകയാണ്. അനുജത്തിയെ കാണുന്നത് തന്നെ ദേഷ്യമാണ്. അനുജനും അനുജത്തിയും നല്ല വെളുപ്പുനിറത്തിലായിരിക്കുമ്പോൾ താൻ മാത്രം എന്തുകൊണ്ടാണ് കാക്ക കറുപ്പ് പേറി സമൂഹത്തിൽ ജീവിക്കുന്നത്. എന്റെ മുമ്പിലിരുന്ന് പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ ചോദിച്ചു. അച്ചാ ഈ കരിപ്പെട്ടിക്കുഞ്ഞിനെ ചെറുപ്പത്തിലേ തന്നെ എന്റെ അമ്മക്ക് കൊന്നുകളയാൻ

പാടില്ലായിരുന്നോ? എന്തിനാണ് അവർ എന്നെ വളർത്തുന്നത്? സമൂഹത്തിന്റെ ശാപം പേറി ഞാൻ ജീവിക്കുന്നത് എന്തിനാണ്?

ഒന്നും മിണ്ടാതെ ഏറെ നേരം അവളുടെ മുഖത്തേക്ക് നോക്കിയിരുന്നതിന് ശേഷം ഞാൻ ചോദിച്ചു. കഴിഞ്ഞ വർഷം കോളേജിലെ ഏറ്റവും മികച്ച പാട്ടുകാരിക്കുള്ള വോയ്സ് ഓഫ് കോളേജ് അവാർഡും ട്രോഫിയും വാങ്ങിച്ചത് മോളല്ലായിരുന്നോ, ഏറ്റവും നല്ല കഥാപ്രസംഗം നടത്തി സർട്ടിഫിക്കറ്റ് വാങ്ങിയത് ആരായിരുന്നു? അതൊക്കെ കോളേജിനുള്ളിലല്ലേ നാണം കെട്ടുഞാൻ മടുത്തു അച്ചാ. വണ്ടിയിൽ കയറുമ്പോൾ വാതിൽക്കൽ നിൽക്കുന്ന വായ്നോട്ടക്കാരൻ കിളിക്കുപോലും എന്നെ കണ്ടിട്ട് ഒന്നും തോന്നുന്നില്ല. അതുകൊണ്ട് ഞാനിനി കോളേജിൽ വരുന്നില്ല. ഏറെ നാളത്തെ ഉപദേശത്തിനുശേഷം തമ്പുരാൻ കൊടുത്ത താലന്തുകളുടെ മഹത്വം മനസ്സിലാക്കാൻ സാധിച്ച ഈ പെൺകുട്ടി ഇന്ന് ഒരു സ്കൂളിൽ നല്ല ഒരു അദ്ധ്യാപികയായി ജോലി ചെയ്യുന്നു.

നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കാം. പലപ്പോഴും നമ്മുടെ മാനദണ്ഡങ്ങൾ മാനുഷികമാണ്. ലൗകിക നേട്ടങ്ങൾക്കും അംഗീകാരങ്ങൾക്കും പിന്നാലെ പായുമ്പോൾ പലപ്പോഴും നമ്മൾ ദൈവം തന്നിരിക്കുന്ന നാണയങ്ങളുടെ മഹത്വം മറന്നുപോകുന്നു. എല്ലാവരേയും സുന്ദരന്മാരും സുന്ദരിമാരുമായല്ല ദൈവം സൃഷ്ടിക്കുന്നത്. എല്ലാവരേയും പാട്ടുപാടുന്നവരോ പ്രസംഗകരോ ആയല്ല സൃഷ്ടിക്കുന്നത്. സൃഷ്ടിയുടെ വൈവിധ്യമാണ് സ്രഷ്ടാവിന്റെ അംഗീകാരത്തിന്റെ അടയാളം. അതുകൊണ്ട് താലന്തുകളെപ്പറ്റിയുള്ള ചില ചിന്തകൾ നമ്മെ കൂടുതൽ പ്രവർത്തനനിരതമാക്കാൻ സഹായിക്കും.

## 1. താലന്തുകൾ ദൈവദാനമാണ്

താലന്തുകൾ നമ്മുടെ അവകാശമല്ല മറിച്ച് അത് ദൈവത്തിന്റെ ദാനമാണ്. ദാനമായി സ്വീകരിച്ചതിനെ ഉൾക്കൊള്ളുകയാണ് സ്വീകർത്താവിന്റെ ധർമ്മം. അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിന് മുമ്പ് എന്നെ അറിയുന്ന എന്റെ ദൈവത്തിന് എന്നെ സംബന്ധിച്ചു ഒരു പദ്ധതിയുണ്ട്. അത് നാശത്തിനുവേണ്ടിയുള്ളതല്ല എന്ന തിരിച്ചറിവ് ഉണ്ടാകുമ്പോൾ മാത്രമാണ് ദൈവദാനത്തോട് വിശ്വസ്തത പുലർത്താൻ നമുക്ക് സാധിക്കുകയുള്ളു. പൂർണ്ണനായ ദൈവത്തിനു മുമ്പിലുള്ള അപൂർണ്ണ ജന്മമാണ് മനുഷ്യൻ എന്ന ബോധ്യം നമുക്കുണ്ടാകണം. പൂർണതയിലേക്കുള്ള യാത്രയിൽ എന്നെ സഹായിക്കുന്ന ഘടകങ്ങളാണ്  ദൈവം ദാനമായി തന്ന താലന്തുകൾ.

## 2. ഞാൻ എന്നെ തന്നെ സ്നേഹിക്കണം.

നിത്യജീവൻ പ്രാപിക്കാനുള്ള ചോദ്യവുമായി തന്റെ മുമ്പിലെത്തിയ നിയമജ്ഞനെകൊണ്ട് കർത്താവുതന്നെ ഉത്തരം പറയിപ്പിക്കുന്നത് ബൈബിളിൽ നാം കാണുന്നുണ്ട്. നിത്യജീവൻ പ്രാപിക്കണമെങ്കിൽ ആദ്യം ദൈവത്തെ സ്നേഹിക്കണം എന്നാണ് തമ്പുരാൻ പഠിപ്പിക്കുന്നത്. രണ്ടാമതായി തന്നെതന്നെ സ്നേഹിക്കണം എന്നാണ് തമ്പുരാൻ പഠിപ്പിക്കുന്നത്. കാരണം തന്നെ തന്നെ സ്നേഹിക്കാതെ അയൽക്കാരനെ സ്നേഹിക്കാൻ കഴിയുകയില്ല.  കഴിവുകളും കഴിവുകേടുകളും ഉൾക്കൊള്ളുക എന്നതാണ് തന്നെതന്നെ സ്നേഹിക്കുന്നതിന്റെ ആദ്യപടി. കാക്കക്കറുപ്പുമായി ജീവിത്തതെ പഴിക്കാതെ ആ സൗന്ദര്യത്തിന്റെ മഹത്വം ദർശിക്കാൻ കഴിയുമ്പോൾ മാത്രമാണ് താലന്തുകളിൽ സംതൃപ്തയാകുന്നത്. മുഖസൗന്ദര്യമല്ല  മനസ്സിന്റെ സൗന്ദര്യമാണ് മദർതെരേസയെ ലോകം മുഴുവൻ ആരാധി

ക്കുന്ന വ്യക്തിയാക്കി തീർത്തത്. അതുപോലെ ശരീരത്തിന്റെ നിറമല്ല മറിച്ച് വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയാണ് ഗാന്ധിജിയെ ലോകം മുഴുവൻ അംഗീകരിക്കാൻ ഇടയാക്കിയത്. ഇതുപോലെ തന്നെതന്നെ സ്നേഹിക്കുന്നവന് മാത്രമാണ് അപരനെ സ്നേഹിക്കാൻ കഴിയുന്നത് എന്ന തിരിച്ചറിവ് അനുദിന ജീവിതത്തിൽ അത്യാവശ്യമാണ്.

## 3. തമ്പുരാൻ ഉള്ളുകാണുന്നവനാണ്

കൊമ്പിൽ നിറച്ച പരിമള തൈലവുമായി ജസ്സെയുടെ കുടുംബത്തിന്റെ പടിവാതിൽക്കൽ നിന്ന് 6 മക്കളേയും മാറ്റി നിർത്തി ആർക്കും വേണ്ടാത്തവനെ വിളിച്ച് അവന്റെ തലയിൽ തൈലാഭിഷേകം നടത്തിയ പ്രവാചകനായ സാമുവൽ വിളിച്ചുപറയുന്നത് ഇപ്രകാരമാണ്. ''മനുഷ്യൻ മനുഷ്യന്റെ പുറം പരിശോധിക്കുമ്പോൾ ദൈവം ഉള്ളു പരിശോധിക്കുന്നവനാണ്. അനുദിന ജീവിതത്തിന്റെ ഉള്ളുപരിശോധിക്കുന്ന ദൈവത്തിന്റെ മുമ്പിലാണ് നമ്മൾ വ്യാപരിക്കുന്നതെന്ന ചിന്ത മനസ്സിൽ സൂക്ഷിക്കേണ്ടിയിരിക്കുന്നു. അന്യനെ വിധിക്കാൻ നമുക്കവകാശമില്ല. അവന്റെ പ്രവൃത്തിയുടെ ശരിയും തെറ്റും തീരുമാനിക്കാനുള്ള അവകാശം ദൈവത്തിന് നമുക്ക് കൊടുക്കാം. കാരണം ഹൃദയം പരിശോധിക്കുന്ന ദൈവത്തിന്റെ മുമ്പിലാണ് ഞാനും നിങ്ങളും ജീവിക്കുന്നത്. അപരനെ വിധിക്കുന്നതിന് മുമ്പ് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാഥാൻ പ്രവാചകന്റെ ചൂണ്ടുവിരൽ ശബ്ദം എന്റെ മുമ്പിൽ അതും മുഖംമൂടി അണിഞ്ഞ എന്റെ നേരെ ദൈവത്തിന്റെ ക്രോധശബ്ദമായി മുഴങ്ങുന്ന കാര്യം വിസ്മരിക്കാതിരിക്കാം.അതുകൊണ്ട് ദൈവദാനമായ താലന്തുകൾ തിരിച്ചറിഞ്ഞ് നമ്മെ സ്നേഹിച്ച് അന്യനെ വിധിക്കാതെ ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.

# 11.

## പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടതല്ലേ?

പതിവില്ലാതെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ വാഹനം പള്ളി മുറ്റത്ത് നിർത്തിയപ്പോൾ ഞാൻ പുറത്തേക്ക് ഇറങ്ങിച്ചെന്നു. എന്നെ കണ്ട ഉടനെ ഫോറസ്റ്റ് ഓഫീസർ ആക്രോശിച്ചു. "അച്ചൻ പള്ളിപ്പണി ചെയ്താൽ പോരെ വൃക്ഷങ്ങളുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. മാത്രമല്ല അച്ചന്റെ പേരിൽ ഞങ്ങൾ നടപടി എടുക്കാൻ പോവുകയാണ് ". വിവരം തിരക്കിയപ്പോൾ മനസ്സിലായി പള്ളിമുറ്റത്ത് റോഡിനോട് ചേർന്നുനിന്ന മഴമരം വെട്ടിയ മഹാ അപരാധത്തിനാണ് അവർ ഇങ്ങനെ ബഹളം വയ്ക്കുന്നതെന്ന്. കഴിഞ്ഞ ദിവസം കോതമംഗലത്തിനടുത്ത് മരം മറിഞ്ഞുവീണ് അഞ്ച് കുരുന്നുബാല്യങ്ങൾ പൊലിഞ്ഞു പോയപ്പോൾ നിയമം മനുഷ്യനുവേണ്ടിയാണെന്ന ചിന്ത അധികാരവർഗ്ഗത്തിന് ഉണ്ടായത് സ്വാഭാവികം മാത്രം. എന്റെ മഴ മരത്തിന്റെ ചരിത്രം പറയട്ടെ. ഞാൻ ഈ മരം വെട്ടിയത് ഒരു ഞായറാഴ്ച വൈകുന്നേരമായിരുന്നു. കാരണമുണ്ട് അന്ന്

രണ്ടാമത്തെ കുർബാനയ്ക്ക് വേണ്ടി ഉണ്ണീശോ കളരിയിൽ നിന്ന് പള്ളിയിലേക്ക് നടന്നുവന്ന മൂന്ന് പിഞ്ചുകുഞ്ഞുങ്ങൾ ദൈവ കൃപകൊണ്ട് മാത്രമാണ് രക്ഷപ്പെട്ടത്. ഇരിഞ്ഞുവീണ കമ്പിന്റെ ഇടയിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട് വാവിട്ടു നിലവി ളിക്കുന്ന കുഞ്ഞുങ്ങളെ മാറോട്ചേർത്ത് കെട്ടിപ്പിടിച്ചുകൊണ്ട് ഞാൻ തീരുമാനിച്ചതാണ് ഇത് ഇവിടെ നിന്നാൽ ഇനിയും ആപത്തുകൾ ഉണ്ടാകുമെന്ന്. തമ്പുരാന്റെ മുന്നറിയിപ്പിനെ അവഗണിക്കാതിരുന്നതുകൊണ്ടാണ് എനിക്കെതിരെ നടപടി എടുക്കാൻ അവർ ഒന്നടങ്കം കടന്നുവന്നത്.

ഹൈറേഞ്ച് സംരക്ഷണസമിതി എന്നും മലയോര സംരക്ഷ ണസമിതിയെന്നും പറഞ്ഞ് അച്ചന്മാർ ഈ പണിക്ക് പോക ണമോ എന്ന് ചോദിക്കുന്ന ചിലരുടെയെങ്കിലും ന്യായമായ സംശയങ്ങൾക്ക് മുമ്പിൽ നാവില്ലാത്തവന്റെ നാവാകാൻ, ശബ് ദമില്ലാത്തവന്റെ ശബ്ദമാകാൻ മാധ്യമങ്ങൾ വന്നാൽ മാത്രമാണ് മാധ്യമധർമ്മം നീതിപൂർവ്വമാകുന്നത്. ആരുടെയെങ്കിലും കൈ പിടിച്ച് ആരെയെങ്കിലും ജയിപ്പിക്കുന്നതിനോ ഏതെങ്കിലും രൂപ തയുടെ സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനോ ഏതെങ്കിലും വൈദി കരുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടിയോ പ്രവർത്തി ക്കുന്ന സംഘടനകൾ അല്ല ഇത്തരം സമിതികൾ എന്ന തിരിച്ച റിവ് അനുദിന ജീവിതത്തിന്റെ ആധികൾ ഒന്നും അനുഭവി ക്കാതെ കഴിയുന്നവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. പച്ചയായ ജീവിതയാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ കണ്ണടച്ചു നിൽക്കാൻ സഭയ്ക്ക് സാധിക്കില്ല എന്ന ബോധ്യമാണ് എന്നെപ്പോ ലെയുള്ളവരെ ഇതിലേക്ക് ആകർഷിച്ചത്. മോശയെപ്പോലെ ജന ത്തിന്റെ സങ്കടങ്ങളും വേദനകളും തിരിച്ചറിഞ്ഞ് വിമോചക നായി വർത്തിക്കേണ്ടവനാണ് പുരോഹിതൻ. അവൻ തന്റെ

കൂടാരമടിക്കേണ്ടത് ജനത്തിന്റെ ആധികൾക്കും വ്യാധികൾക്കും ഇടയിലായിരിക്കണം.

പശ്ചിമഘട്ടത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഒന്നാമത്തെ പ്രശ്നം അവരുടെ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്നതാണ്. പട്ടയമില്ലാത്ത മണ്ണിലെ മരത്തിന് വില കിട്ടില്ല. പട്ടയമില്ലാത്ത മണ്ണിൽ വാസസ്ഥലം പണിയാൻ കഴിയും. എന്നാൽ അതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് നൽകേണ്ട തുകയുടെ എണ്ണം കൂടുതലായിരിക്കണം. മകളെ കെട്ടിച്ചയക്കുന്നതിനുവേണ്ടി വളർത്തിക്കൊണ്ടുവന്ന മരം വെട്ടാനാവാതെ സ്ഥലത്തിനും വില കിട്ടാതെ പ്രായം കവിഞ്ഞ് പുരനിറഞ്ഞുനിൽക്കുന്ന മകളെ നോക്കി നെടുവീർപ്പിടുന്ന പിതാവിന്റെ നൊമ്പരങ്ങൾ കാണാതിരിക്കാൻ പശ്ചിമഘട്ടത്തിൽ ജീവിക്കുന്ന വൈദികന് സാധിക്കുകയില്ല. ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിച്ച മകനെ പഠിപ്പിക്കുന്നതിന് ബാങ്കിൽ നിന്ന് ലോൺ എടുക്കാൻ തനിക്ക് സർക്കാർ നൽകിയ പട്ടയക്കടലാസിന് വിലയില്ല എന്ന് മനസ്സിലാക്കി നെഞ്ചു പൊട്ടുന്ന വേദനയോടെ മകനെയും കൂട്ടി പാരലൽ കോളേജിലേക്ക് പോകുന്ന രക്ഷകർത്താവിന്റെ നെഞ്ചിടിപ്പ് കേൾക്കാതിരിക്കാൻ സഭയ്ക്ക് സാധിക്കുമോ? നീണ്ട നാളത്തെ അധ്വാനത്തിന് ശേഷം സ്വരൂപിച്ച പൈസകൊണ്ട് ഒരു വീട് പണിയുന്നതിനായുള്ള അനുവാദത്തിനായി സർക്കാർ ഓഫീസുകളുടെ പടി കയറി നിരാശയോടെ തിരിച്ചുവരുന്ന കുടുംബനാഥന്റെ കണ്ണീർ കാണാതിരിക്കാൻ സഭാനേതൃത്വത്തിന് കഴിയുമോ?അവിടെയാണ് സംരക്ഷണ സമിതികളുടെ പ്രസക്തി.

പശ്ചിമഘട്ടത്തിലെ ജനങ്ങൾ നേരിടുന്ന മറ്റൊരു വലിയ പ്രശ്നമാണ് ഇവ സംരക്ഷിതമേഖലകളായി പ്രഖ്യാപിക്കാൻ

പോകുന്നു എന്നത്. ഒരു പ്രദേശം സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ തിരിച്ചറിയാൻ ഇവിടെയുള്ള സാധാരണക്കാരന് കഴിയുകയില്ല. ആ തിരിച്ചറിവിലേക്ക് എത്താൻ ഒരുവനെ രാഷ്ട്രീയ പാർട്ടികൾ അനുവദിക്കുകയും ഇല്ല. 'മതികെട്ടാൻ' പോലെയുള്ള സ്ഥലങ്ങളിൽ 60 വർഷമായി താമസിച്ചിരുന്ന അപ്പനേയും പെൺമക്കളെയും യാതൊരു ദാക്ഷിണ്യവുമില്ലാതെ, നഷ്ടപരിഹാരം ഒന്നും കൊടുക്കാതെ ഇറക്കിവിട്ടപ്പോൾ വാദിക്കാൻ ആരും ഇല്ലായിരുന്നു എന്നതുകൊണ്ടല്ലേ അനാഥശാലകളിൽ അവർ അന്തിയുറങ്ങുന്നത്.അവകാശത്തിന്റെ ചെമ്പുപട്ടയത്തിന് വില കൽപിക്കാതെ ആക്രോശിക്കുന്ന അധികാരവർഗ്ഗത്തിന്റെ കാലുപിടിച്ചു കരഞ്ഞ ഈ പിതാവിനെയും നാല് പെൺമക്കളേയും ആട്ടിപ്പായിച്ച ഫോറസ്റ്റുകാരുടെ ധാർഷ്ട്യം കണ്ട് മടുത്തതുകൊണ്ടാണ് ജനസംരക്ഷണം തങ്ങളുടെ കടമയാണെന്ന് ഇടയന്മാർ തിരിച്ചറിഞ്ഞത്.  സംരക്ഷിത മേഖലകളിലെ നിയന്ത്രണങ്ങൾ ഭാവിയിൽ ഡമോക്ലീഷന്റെ വാൾ പോലെ തങ്ങളുടെ ഉറക്കം കെടുത്തുമെന്നുള്ള ജനത്തിന്റെ തിരിച്ചറിവിൽ നിന്നാണ് ഇത്തരം സമിതികൾ രൂപം കൊണ്ടിട്ടുള്ളത്. നീതി നിഷേധിക്കപ്പെടരുത്. മറിച്ച് നീതി നടപ്പാക്കേണ്ടിയിരിക്കുന്നു.

ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും നെറികേടുകളാണ് പശ്ചിമഘട്ടത്തിലെ ജനങ്ങൾ അനുഭവിക്കുന്ന മറ്റൊരു പ്രശ്നം. എന്തിനും നിയന്ത്രണങ്ങൾ. നിയമപരമായി ചെയ്യുന്നതെല്ലാം തെറ്റായി മാറുന്നു. എന്നാൽ പണമുള്ളവനും അധികാരമുള്ളവനും നിയമത്തെ മറികടന്ന് എന്തും നേടിയെടുക്കാൻ കഴിയുന്നു. പാവപ്പെട്ടവന്റെ കൂര പണിയുന്നതിന് മണൽ വാങ്ങണമെങ്കിൽ വില്ലേജ് ഓഫീസ്, പഞ്ചായത്ത്

ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് അനുവാദവും സ്പോട്ട് വേരിഫിക്കേഷനും ആവശ്യമാണ്. എന്നാൽ മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ 30 നിലകളുള്ള റിസോർട്ടുകൾ പണിയുന്നതിന് പണവും സ്വാധീനവുമുള്ളവനായതുകൊണ്ട് പോലീസ് അകമ്പടിയോടെ മണൽവാഹനങ്ങൾ നിരനിരയായി പോകുന്ന കാഴ്ച കാണുന്ന പുരോഹിതൻ നിശബ്ദനായി നിൽക്കേണ്ടവനാണോ? കൂലിപ്പണിക്കാരൻ പറമ്പിലെ കല്ലുപൊട്ടിച്ച് പുരയുടെ തറ കെട്ടുമ്പോൾ പാറ ഖനനം ചെയ്തതിന്റെ പേരിൽ പിഴ അടക്കേണ്ടി വരുമ്പോൾ, അനുദിനം നൂറുകണക്കിന് വാഹനങ്ങൾ പാറമടകളിൽ നിന്ന് കല്ലുമായി പുറത്തേക്ക് വരുന്ന കാഴ്ച കണ്ടുകൊണ്ട് കൈയുംകെട്ടി നിൽക്കാൻ, പശ്ചിമഘട്ട സംരക്ഷണത്തിന്റെ പേരുപറഞ്ഞ് അവരുടെ കൂടെ കൂടാൻ പശ്ചിമഘട്ടത്തിൽ വസിക്കുന്ന ജനത്തിന്റെ നോവും നൊമ്പരവും മനസ്സിലാക്കിയ ഇടയന്മാർക്ക് കഴിയില്ല എന്ന യാഥാർത്ഥ്യം ഇനി തിരിച്ചറിയേണ്ടിയിരിക്കുന്നു. അധികാരത്തെ നോക്കി കൊഞ്ഞനം കുത്താനല്ല, ഇത്തരം സമിതികൾ. മറിച്ച് ഇത് സാധാരണജനത്തിന്റെ വേദനകളിൽ ഉൾച്ചേർന്നിരിക്കുന്ന പൗരോഹിത്യധർമത്തിന്റെ വെളിപാടുകൾ മാത്രം.

# 12.

# പ്രേമം സിനിമയെ വിലയിരുത്തുമ്പോൾ

ജേർണലിസം ഡിഗ്രിക്ലാസ്സിൽ ചെന്നപ്പോൾ കുട്ടികൾ ഒറ്റ സ്വരത്തിൽ ചോദിച്ചു, അച്ചാ പ്രേമം കാണിക്കാൻ കൊണ്ടുപോകാമോ? ഞാൻ ചോദിച്ചു എന്താണ് അതിന്റെ പ്രത്യേകത? ഉടൻ തന്നെ 54 പേരും ഒരേ സ്വരത്തിൽ പറഞ്ഞു നല്ല പടമാ, അടിപൊളി പടമാ അച്ചാ.

ഈ അടിപൊളിപടം കാണാൻ അന്നുതന്നെ ഞാൻ തീയേറ്ററിലെത്തി. രണ്ടാംവാരമായിട്ടും നിറയെ യുവജനങ്ങൾ. ഹൗസ് ഫുള്ളായ തീയേറ്ററിന്റെ മൂലയിലിരുന്നപ്പോൾ പ്രേമം ആസ്വദിക്കുന്ന ഇന്നത്തെ യുവതലമുറയുടെ കാഴ്ചപ്പാടുകളിലെ മാറ്റങ്ങൾ, ആസ്വാദനതലത്തിലെ വൈവിധ്യം, സനാതന സങ്കൽപ്പങ്ങൾ തകിടം മറിയുന്നതിന്റെ സന്തോഷം ആർപ്പുവിളികളിലൂടെ പ്രകടിപ്പിക്കുന്ന കാഴ്ച എന്നിവയൊക്കെ ഞാൻ നോക്കിക്കണ്ടു.

എല്ലാ മനുഷ്യരിലും ഉൾച്ചേർന്നിരിക്കുന്ന ഒരു യാഥാർത്ഥ്യ മാണ് പ്രേമം. മനുഷ്യവംശത്തിന്റെ നിലനിൽപ്പിന്റെ അടി സ്ഥാനം തന്നെ ഈ പ്രേമസങ്കൽപ്പമാണ്. എന്നാൽ അതിശ്രേ ഷ്ഠമായ ഈ ഭാഗത്തെ അവതരിപ്പിച്ചപ്പോൾ ഉണ്ടായ ചില വിക ലതകൾ ഇവിടെ സൂചിപ്പിക്കട്ടെ. ഒന്നാമതായി ഈ ചിത്രത്തിന്റെ ആരംഭം മുതൽ അവസാനം വരെയുള്ള സിഗരറ്റ് വലിയും മദ്യ പാനവും. പുകവലി ആരോഗ്യത്തിനു ഹാനികരം എന്നും മദ്യ പാനം പാടില്ല എന്നും എഴുതിക്കാണിച്ചിട്ട് ആദ്യന്തം ജീവിതം കുടിച്ചും പുകച്ചും ആസ്വദിക്കുന്ന യുവതലമുറയുടെ പ്രതീക ങ്ങളെ ചിത്രീകരിക്കുമ്പോൾ, എഴുതിക്കാണിക്കുന്ന വാക്കുകൾ പോത്തിന്റെ ചെവിയിലോതുന്ന വേദവാക്യങ്ങൾക്കു തുല്യമല്ലേ?

ഇന്നത്തെ യുവതലമുറയുടെ സ്വപ്നങ്ങൾ തല്ലിത്തകർക്കാൻ, ജീവിതവീക്ഷണം മാറ്റി മറിക്കാൻ, ജീവിതം അടിപൊളിയാ ക്കാൻ ഈ സിനിമയുടെ സ്വാധീനം ഭയാനകമാണ് എന്ന യാഥാ ർത്ഥ്യം തിരിച്ചറിഞ്ഞെങ്കിൽ നന്നായിരുന്നു. പരമ്പരാഗത ജീവിത സങ്കൽപങ്ങൾ ചീട്ടുകൊട്ടാരംപോലെ തകർന്നടിയുന്ന കാഴ്ച കണ്ടില്ലെന്നു നടിക്കാൻ നമുക്കു കഴിയുമോ?

രണ്ടാമതായി, ഈ ചിത്രം അവതരിപ്പിക്കുന്ന അധ്യാപക സങ്കൽപം വികലവും അപൂർണവുമാണ്. ചോരയും നീരുമുള്ള ഏതുപെണ്ണും ഒരു പുരുഷന്റെ ആകർഷണവിഷയമാണ് എന്ന തു യാഥാർത്ഥ്യം തന്നെയാണ്. എന്നാൽ കോളേജുകളിൽ പഠി പ്പിക്കുന്ന ഒരു അധ്യാപകന്റെ അധ്യാപനരീതിയെപ്പറ്റി, ചിന്താ രീതികളെപ്പറ്റി എത്ര വികലമായാണ് അവതരിപ്പിച്ചിരിക്കുന്നത്. ആചാര്യദേവോ ഭവ എന്ന പാവനസങ്കൽപ്പം ഇവിടെ തകർന്ന ടിഞ്ഞിരിക്കുന്നു.

കല ആസ്വാദനത്തിനുവേണ്ടിയുള്ളതാണെന്ന സത്യം അംഗീകരിക്കുന്നു. എന്നാൽ അതു സാമൂഹിക ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് എന്തുകൊണ്ടാണ് സിനിമയുടെ അണിയറയിൽ പ്രവർത്തിച്ചവർ ഓർമിക്കാതെ പോയത്. കഴിഞ്ഞ 21 വർഷമായി അധ്യാപകജോലി ചെയ്യുന്ന എന്നെപ്പോലെ ഒരാൾക്ക് ഇപ്രകാരം വികലമായി അധ്യാപകരെ ചിത്രീകരിച്ചതിലുള്ള ശക്തമായ പ്രതിഷേധം അറിയിക്കുന്നു. ആർഷഭാരത സംസ്ക്കാരത്തെ ചപ്പും ചണ്ടിയുമായി കരുതാതിരിക്കുകയാണെങ്കിൽ അത് നാളത്തെ തലമുറയുടെ അസ്തിവാരം ഉറപ്പിക്കുന്ന ആണിക്കല്ലുകളണെന്ന ബോധ്യം വിസ്മരിക്കരുത്.

മൂന്നാമതായി ഇതിൽ ചിത്രീകരിച്ചിരിക്കുന്ന മാതാപിതാക്കളുടെ വികലമായ കാഴ്ചപ്പാടാണ്. പ്രിൻസിപ്പലിന്റെ മുറിയിലിരുന്ന് ജോർജ് എന്ന കഥാപാത്രത്തിന്റെ പിതാവ് പ്രകടിപ്പിക്കുന്ന വികാരം കൈയ്യടിയോടെ സ്വീകരിക്കുന്ന ആധുനിക തലമുറ ആചാര്യസങ്കൽപം തകർത്തെറിയുന്നതിന് എന്തു സമാധാനം പറയാൻ സംവിധായകനു കഴിയും? എന്റെ അടുത്തിരുന്ന കോളേജ് വിദ്യാർത്ഥിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു, ഇതുപോലെ ഒരപ്പൻ എനിക്കുണ്ടായിരുന്നെങ്കിൽ ഞാൻ കാലിൽ കെട്ടിപ്പിടിച്ച് ഉമ്മകൊടുക്കുമായിരുന്നു.

പ്രിൻസിപ്പലിന്റെ മുറിയിലിരുന്ന് അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും മദ്യപാനത്തെ ന്യായീകരിച്ച് ഏത് കൊള്ളരുതായ്മക്കും കൂട്ടുനിൽക്കാൻ പ്രേരണകൊടുക്കുകയും ചെയ്യുന്ന ഒരു പിതാവിന്റെ അവതരണം നമ്മുടെ സനാതന ധർമ്മങ്ങളോടും മൂല്യങ്ങളോടുമുള്ള കൊഞ്ഞനംകുത്തൽ തന്നെയല്ലേ? ഭീക്ഷണി മുഴക്കി എന്തോ നേടിയെടുത്തു എന്ന ഭാവത്തോടെ പ്രിൻസിപ്പലിന്റെ മുറിയിൽ നിന്നു പുറത്തേക്കിറങ്ങി വരുന്ന ഈ

കഥാപാത്രത്തെ കൈയ്യടിയോടെ സ്വീകരിക്കുന്ന യുവതല മുറയെ സംബന്ധിച്ചിടത്തോളം പടം അടിപൊളിയായി മാറുന്നു. ആർക്കും ആരെയും ഇന്നു തിരുത്തുന്നത് ഇഷ്ടമല്ലാതായി മാറിയിരിക്കുന്നല്ലോ.

നാലാമതായി ഈ ചിത്രം അവതരിപ്പിക്കുന്ന സുഹൃദ്സങ്ക ൽപം അപൂർണമാണ്. എപ്പോഴും ഒരുവന്റെ നന്മ മാത്രം കാംക്ഷി ക്കുന്നവരാണു നല്ല സുഹൃത്തുക്കൾ. എന്നാൽ പ്രേമത്തിലെ സുഹൃത്തുക്കൾ നായകനോടൊപ്പം അവന്റെ തകർച്ചകളിലും പരാജയങ്ങളിലും മദ്യത്തിൽ അഭയം തേടാൻ പ്രേരിപ്പിക്കുന്ന കാഴ്ച ഭീതിയോടെ നോക്കിക്കാണാനാണ് എനിക്കു തോന്നി യത്. ഒരുവന്റെ വേദനയിൽ അവനെ ആശ്വസിപ്പിച്ച് പരാജയ ത്തിൽനിന്നു വിജയത്തിലേക്കും കൊണ്ടുവരാൻ സുഹൃത്തു ക്കൾക്കു കഴിയുന്നില്ലെങ്കിൽ സുഹൃദ്ബന്ധത്തിന്റെ അർത്ഥം തന്നെ വികലമാക്കപ്പെടുന്നില്ലേ എന്നുസംശയിക്കുന്നു.

ഇതു വെറും ഒരു ചിത്രം മാത്രമാണ്. യാഥാർത്ഥ്യമല്ല എന്നൊ ക്കെ ഏറെ ന്യായീകരണങ്ങൾ സംവിധായകന് ഉണ്ടാവാം. എങ്കിലും ഇന്നത്തെ തലമുറയെ വികലമായി ചിന്തിക്കാൻ പ്രേരിപ്പിക്കാനും അവരുടെ ജീവിത കാഴ്ചപ്പാടുകൾ തകിടം മറിക്കാനും സനാതനമൂല്യങ്ങളെ പുച്ഛിച്ചുതള്ളാനും ഈ ചിത്രം കാരണമായെങ്കിൽ അതിന്റെ ഉത്തരവാദിത്വം ചിത്രത്തിനു പിന്നിൽ പ്രവർത്തിച്ചവർക്കും പ്രദർശനാനുമതി നൽകിയവർക്കു മുണ്ട്. ഭാരതസംസ്കാരത്തിന്റെ അടിത്തറതന്നെ മാതൃദേവോ ഭവ, പിതൃ ദേവോ ഭവ,ആചാര്യ ദേവോ ഭവ, അതിഥി ദേവോ ഭവ എന്ന സങ്കൽപമാണെന്നു മറക്കാതിരിക്കാം. ആസ്വാദന ത്തിനുവേണ്ടി എന്തും കാണിക്കാമെന്ന ചിന്ത തിരുത്തപ്പെടേ ണ്ടിയിരിക്കുന്നു.

# 13.

## ഉറങ്ങുന്നവനെ ഉണർത്തണം

അച്ചാ ഞാൻ പ്രാർത്ഥിച്ചാൽ ഈശോയ്ക്ക് കേൾക്കാതിരിക്കാൻ കഴിയുമോ? പള്ളിമുറിയിൽ പത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ അവിചാരിതമായിട്ടാണ് മരിയയും പപ്പയും മമ്മിയുംകൂടി എന്റെ മുറിയിലേക്ക് കടന്നു വന്നത്. രണ്ട് വർഷങ്ങൾക്ക് മുമ്പ് തൃശൂർ അമല ആശുപത്രിയിൽ നിന്ന് ഇനി രക്ഷയൊന്നും ഇല്ല മൂന്നാമത്തെ സ്റ്റേജും കഴിഞ്ഞു എന്ന് മരിയയോട് ഡോക്ടർ പറഞ്ഞപ്പോൾ അവൾ തളർന്നില്ല. അവൾ തന്നെ പപ്പക്ക് ധൈര്യം കൊടുത്തു. തിരുവനന്തപുരം ആർ.സി.സി യിലേക്ക് പോകുന്ന വഴിക്ക് അവൾ എന്നെ വിളിച്ചിരുന്നു. അച്ചാ ഈ പ്രാവശ്യം പി.ജി പഠിക്കാൻ ഞാൻ വരുന്നില്ല. അച്ചൻ എനിക്കുവേണ്ടി ഒന്നു പ്രാർത്ഥിക്കണം. എനിക്ക് വിശ്വസിക്കാൻ സാധിച്ചില്ല. കാരണം മൂന്നുവർഷം എന്റെ ക്ലാസിൽ തന്നെ പഠിച്ച മിടുക്കി കുട്ടിയായ മരിയക്ക് ക്യാൻസർ വന്നു എന്നത് ഒരിക്കലും ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. പഠനത്തിലും പാഠ്യേതര രംഗങ്ങളിലും എന്നും മരിയ മുമ്പിലായിരുന്നു.

തിളങ്ങുന്ന കണ്ണുകളും പുഞ്ചിരിക്കുന്ന മുഖവുമായി ഒരു മാലാഖയെപ്പോലെ നടന്ന അവൾ ക്യാമ്പസിന്റെ ഹരമായിന്നു. അവളുടെ മുട്ടുവരെ നീണ്ടുകിടക്കുന്ന മുടി ആരേയും ആകർഷിച്ചിരുന്നു. നെഞ്ചിൽ കൈവച്ചു ഞാൻ തമ്പുരാനോട് പ്രാർത്ഥിച്ചു. ദൈവമെ നീ മരിയയുടെ പ്രാർത്ഥന കേൾക്കണേ. 18 വർഷമായി പള്ളിയിലെ കൈക്കാരനാണ് മരിയയുടെ പപ്പ. മമ്മി മാതൃദീപ്തി പ്രസിഡന്റ്. എന്നിട്ടും എന്തുകൊണ്ടാണ് ദൈവമേ നീ ഈ കുടുംബത്തിന്റെ തോണിയിൽ കിടന്ന് ഉറങ്ങുന്നത്.

## യേശു ജീവിതതോണിയിൽ ഉറങ്ങുകയാണോ?

ക്രൈസ്തവ ജീവിതമെന്നത് യേശുവുമൊത്തുള്ള തോണിയാത്രയാണ്. ഈ യാത്രയിൽ എന്റെ ജീവിത്തിന്റെ തോണിയിൽ ഇരുന്ന് യേശു എപ്പോൾ ഉറങ്ങുന്നുവോ അപ്പോൾ കാറ്റും കോളും ഉണ്ടാകുമെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. ശക്തമായ തിരമാലകൾ തോണിയെ മുക്കാൻ തുടങ്ങുന്നതും യേശു പടവിൽ കിടന്നുറങ്ങുമ്പോളാണ്. സാമ്പത്തിക ഞെരുക്കത്തിന്റെ തിരമാലകൾ ജീവിത വഞ്ചിയെ തകർക്കാൻ തുടങ്ങുമ്പോൾ എന്റെ ജീവിത നൗകയിൽ കിടന്ന് യേശു ഉറങ്ങുകയാണോ എന്ന് പരിശോധിച്ചു നോക്കാം. അസ്വസ്ഥതയുടേയും അസമാധാനത്തിന്റെയും കൊടുങ്കാറ്റ് എന്റെ കുടുംബത്തെ അതിശക്തമായി ബാധിക്കുന്നുണ്ടെങ്കിൽ യേശു എന്റെ തോണിയിൽ കിടന്ന് ഉറങ്ങുകയായിരിക്കും. രോഗങ്ങളും മരണവും ഒന്നിനു പുറകെ ഒന്നായി ജീവിതത്തിലേക്ക് കടന്നു വരുമ്പോൾ എന്റെ യേശു കിടന്ന് ഉറങ്ങുകയാണോ എന്ന് പരിശോധിച്ചു നോക്കാം. പരാജയത്തിന്റെയും പരിത്യക്തതയുടേയും തിരമാലകൾ നമ്മെ ആടി ഉലക്കുന്നുവെങ്കിൽ അതിനു കാരണം യേശു ഉണ്ടായിട്ടും ചിലപ്പോഴൊക്കെ അവിടുന്ന് മയങ്ങിപ്പോകുമ്പോൾ

പ്രതിസന്ധികളും പ്രയാസങ്ങളും ജീവിത നൗകയെ ബാധിക്കുന്നതാണ് ദുരിതങ്ങൾ എന്ന തിരിച്ചറിവും ഉണ്ടാകേണ്ടിയിരിക്കുന്നു.

## ഉറങ്ങുന്നവനെ വിളിച്ചുണർത്തുന്നതാണ് പ്രാർത്ഥനകൾ

മയങ്ങിക്കിടന്ന യേശുവിനെ ഉണർത്തുന്ന ശിഷ്യന്മാരുടെ പ്രകടനം തന്നെയാണ് ഉത്തമപ്രാർത്ഥന. യേശുവേ രക്ഷിക്കണേ എന്നു പറഞ്ഞ് സർവ്വതും മറന്ന് നിലവിളിക്കാൻ ശിക്ഷ്യർ തയ്യാറായപ്പോൾ അവിടുന്ന് ഉണരുകയും ശാന്തത നൽകുകയും ചെയ്യുന്നു. നമ്മുടെ അനുദിന ജീവിതത്തിലെ കുടുംബപ്രാർത്ഥനയും ദിവ്യബലിയും ഒരു സമൂഹം മുഴുവൻ തമ്പുരാനെ ഉണർത്തുന്നതിനുവേണ്ടിയുള്ള നിലവിളികളാണ്. ജീവിതത്തിന്റെ ഏത് പ്രതികൂല സാഹചര്യങ്ങളിലൂടെയാണ് യാത്രചെയ്യുന്നതെങ്കിലും ഉടയവനെ വിളിച്ച് പ്രാർത്ഥിച്ചാൽ അവിടുന്ന് ഉണരുകയും ശാന്തത പകരുകയും ചെയ്യും എന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടിയിരിക്കുന്നു. തോണിയിൽ ഇരുന്നവർ എല്ലാവരും പ്രാർത്ഥിച്ചില്ല എങ്കിലും ഒരുവന്റെ നിലവിളി നിലവിളിക്കാത്തവനെ പോലും രക്ഷപെടാൻ സഹായിക്കുന്നു. കുടുംബത്തിലെ പ്രാർത്ഥനയിൽ വിശ്വാസരഹിതനായവൻ ഉണ്ടെങ്കിലും കുടുംബത്തെ മുഴുവൻ നല്ല തമ്പുരാൻ രക്ഷിക്കുമെന്ന് കണ്ടെത്താൻ കഴിയും. ഇടവകസമൂഹത്തിന്റെ നിലവിളി കേൾക്കുന്ന ദൈവം ആ സമൂഹത്തിൽ ജീവിക്കുന്ന എല്ലാവരിലേക്കും തന്റെ സംരക്ഷണത്തിന്റെ കരം വീശുകയും ശാന്തത പകരുകയും ചെയ്യും. ഓരോ പ്രാർത്ഥനയും യേശുവിനെ വിളിച്ചുണർത്തി അനുഗ്രഹത്തിന്റെ ശാന്തത സ്വീകരിക്കുന്ന അനുഭവമായി മാറേണ്ടിയിരിക്കുന്നു.

## വിശ്വാസം ഉണ്ടായിരിക്കണം

മരിയക്കുവേണ്ടി ഇടവകസമൂഹം മുഴുവൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. ബഹു.വൈദീകരുടെ പ്രാർത്ഥനകൾ നിലവിളിയായി തമ്പുരാന്റെ സന്നിധിയിൽ എത്തിച്ചേർന്നപ്പോൾ തമ്പുരാൻ ഉണരുകയും ആ കുടുംബത്തിന് സൗഖ്യത്തിന്റെ ശാന്തത പകരുകയും ചെയ്തു. 13 പ്രാവശ്യം കീമോ തെറാപ്പി എടുത്തു കഴിഞ്ഞപ്പോൾ ഉറങ്ങിക്കിടന്ന യേശു ആ കുടുംബത്തിൽ ഉണർന്നെഴുന്നേൽക്കാൻ തയ്യാറായി. കീമോ തെറാപ്പി കഴിഞ്ഞപ്പോൾ തലമുടി മുഴുവൻ പൊഴിഞ്ഞുപോയപ്പോൾ അവൾ എന്നെ വിളിച്ചിരുന്നു. അച്ചാ മുടിയില്ലെങ്കിലും ഒരു കുഴപ്പവും ഇല്ല. പള്ളിയിൽ പോകാൻ പറ്റുന്നുണ്ട്. അതെ വിശ്വാസത്തോടെ അവൾ പള്ളിയിൽ നിന്ന് പ്രാർത്ഥിച്ചപ്പോൾ തമ്പുരാൻ ഉണർന്നു പ്രവർത്തിച്ചു. വലിയ ശാന്തത കുടുംബത്തിൽ പകർന്നുകൊടുക്കാൻ തമ്പുരാന് സാധിച്ചു. ഇപ്പോൾ കണ്ണിന്റെ തിളക്കത്തിന് ഒരു കുറവും ഇല്ല. അന്നത്തെ സംസാരം പോലെ തന്നെ. മുടിക്കും ഒരു വ്യത്യാസവുമില്ല. എന്റെ മുമ്പിൽ അവൾ ഇരുന്നപ്പോൾ 5 വർഷം മുമ്പു എന്റെ ക്ലാസിലിരുന്നു പഠിച്ച മരിയ തന്നെ. ഒരു സ്വപ്നം തന്നെയായിരുന്നോ അവളുടെ രോഗം. ഡോക്ടർമാർക്ക് തെറ്റ് പറ്റിയതായിരുന്നോ? അതിശയത്തോടെ അവളുടെ നേരെ നോക്കിയിരുന്ന എന്റെ മുഖത്തേക്കു നോക്കി വീണ്ടും അവൾ പറഞ്ഞു. ‘‘അച്ചാ ഞാൻ പ്രാർത്ഥിച്ചാൽ ഈശോക്ക് ഉറങ്ങാൻ കഴിയുമോ’’ ഇല്ല മോളെ ഈശോ ഉറങ്ങില്ല. ഉറങ്ങിയാലും അവൻ നിന്റെ തോണി അവിടുന്ന് ഒരിക്കലും മുക്കി കളയുകയില്ല. കാരണം നിന്റെ വിശ്വാസം വലുതാണ്.

# 14.

## ബാക്കി ഒൻപതുപേർ എവിടെപോയി ?

സിമിത്തേരിയിൽ നിന്ന് ഒപ്പീസും കഴിഞ്ഞ് മുറിയിലേക്ക് വരുമ്പോൾ ഞാനാ കരച്ചിൽ കേട്ടു. പള്ളിയകത്തുനിന്ന് പതിവി ല്ലാതെ ആരോ തേങ്ങിക്കരയുന്നു. അകത്തുകയറി നോക്കിയ പ്പോഴാണ് ഉണ്ണീശോയുടെ രൂപക്കൂടിനുമുമ്പിൽ തന്റെ പിഞ്ചു പൈതലിനെ കിടത്തിക്കൊണ്ട് അവർ കരയുന്നത് കണ്ടത്. സുരേഷും ബിന്ദുവുമാണല്ലോ ഇത്. പതിവില്ലാതെ അവർ ദേവാലയത്തിൽ എത്തിയിരിക്കുന്നത് വിവാഹം കഴിഞ്ഞ് 11 വർഷം കഴിഞ്ഞീട്ടും ഒരു കുഞ്ഞിക്കാലുകാണാൻ ഭാഗ്യമില്ലാതെ നിശബ്ദമായ തേങ്ങലുകളുമായി കഴിഞ്ഞ വർഷമാണല്ലോ ബിന്ദു സുരേഷിനെ കൂട്ടി എന്റെ അടുക്കൽ എത്തിയത്. ചികി ത്സിച്ചു ചികിത്സിച്ചു മടുത്തച്ചോ എന്ന് സുരേഷ് അന്നു പറഞ്ഞ പ്പോൾ ബിന്ദു കണ്ണുനീർ തൂകിക്കൊണ്ട് മുറിയിൽ നിന്ന് ഇറങ്ങി പ്പോയത് ഇപ്പോഴും പച്ചകെടാതെ മനസ്സിൽ നിറഞ്ഞുനിൽ ക്കുന്നു. എല്ലാ അമ്പലങ്ങളിലും നേർച്ചയിട്ടുനോക്കി. എല്ലാ ഡോ

ക്ടർമാരേയും കണ്ടുനോക്കി. ചികിത്സയുടെ നീണ്ട നാളുകൾ, ഇനി രക്ഷയില്ല എന്ന് ഡോക്ടർമാർ നീണ്ട പരിശോധനയ്ക്ക് ശേഷം ബിന്ദുവിനോട് പറഞ്ഞപ്പോഴാണ് അവർ എന്റെ അടുക്കൽ എത്തിയത്. ഒരുമിച്ച് പഠിച്ചതാണല്ലോ ഒന്നു പറഞ്ഞിട്ട് പോകാൻ വേണ്ടി മാത്രമാണ് ബിന്ദു അന്ന് സുരേഷിനെക്കൂട്ടി എത്തിയത്. ബിന്ദുവിനോടും സുരേഷിനോടും പോകുന്നതിന് മുമ്പ് പള്ളിയിൽ കയറി ഉണ്ണീശോയോട് പറഞ്ഞിട്ട് പോകണമെന്ന് പറഞ്ഞതും ഇപ്പോൾ ഓർത്തു പോകുന്നു.

എന്നെ കണ്ടപ്പോളേ ബിന്ദു കുഞ്ഞിനെ വാരിയെടുത്ത് പുറത്തേക്ക് കൊണ്ടുവന്നു. അച്ചാ ഇത് ഉണ്ണീശോ ഞങ്ങൾക്ക് തന്ന സമ്മാനമാണ്. ഉണ്ണീശോക്ക് നന്ദി പറയുവാൻ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്തപ്പോഴേ പോന്നതാണച്ചാ. അപ്പോഴും അവളുടെ കണ്ണിൽ നിന്നും സന്തോഷത്തിന്റെയും നന്ദിയുടേയും ചാലുകൾ ഒഴുകുന്നുണ്ടായിരുന്നു. ഞാൻ അറിയാതെ ചോദിച്ചു. തമ്പുരാനെ ബാക്കി ഒൻപതുപേർ എവിടെയാണ് പോയത്?

ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ മനുഷ്യന്റെ ജീവിതം കടപ്പാടുകളുടെ ജീവിതമാണ്. അറിഞ്ഞും അറിയാതെയും ലഭിക്കുന്ന നന്മകൾക്കും അനുഗ്രഹങ്ങൾക്കും തമ്പുരാനോട് നന്ദി പറയാൻ കഴിയുന്നുണ്ടോ? മനുഷ്യന്റെ നന്ദി ആവശ്യമില്ലാത്ത ദൈവം പോലും ബാക്കി ഒൻപതുപേർ എവിടെപ്പോയി എന്ന് ചോദിക്കുമ്പോൾ മനുഷ്യജീവിതത്തിൽ പുലർത്തേണ്ട നന്ദി എന്ന മനോഭാവത്തിന്റെ ആവശ്യകതയെപ്പറ്റിയാണ് ലൂക്കാ 17:10. മുതൽ അവിടുന്ന് പ്രതിപാദിക്കുന്നത്. ജീവിതം സന്തോഷകരവും സൗഭാഗ്യപൂർണ്ണവുമാകണമെങ്കിൽ ഒന്നാമതായി നാം തമ്പുരാനെ നോക്കി വിളിക്കേണ്ടിയിരിക്കുന്നു. ജറുസലേമിന്റെ

പാതയോരത്തിലൂടെ കടന്നുപോകുന്ന മനുഷ്യപുത്രനെ നോക്കി പുറംതള്ളപ്പെട്ട കുഷ്ഠരോഗികളാണ് 'ഗുരോ ഞങ്ങളിൽ കനിയേണമെയെന്ന്' ഉറക്കെ നിലവിളിക്കുന്നത്. ജീവിതത്തിന്റെ പ്രതീക്ഷകൾ മുഴുവൻ നഷ്ടപ്പെട്ടവരാണ് ഈ കുഷ്ഠരോഗികൾ. മോശയുടെ നിയമനുസരിച്ച് തലചീകാൻ അനുവാദമില്ലാതെ കീറിയ വസ്ത്രം ധരിച്ച് അശുദ്ധനെന്ന് വിളിച്ചുപറഞ്ഞ് നടക്കേണ്ട ജീവിതങ്ങൾ. ജറുസലേം പട്ടണത്തിൽ നിന്നുപോലും പുറന്തള്ളപ്പെടുന്ന ജന്മങ്ങൾ. ചാരകൂമ്പാരത്തിലിരുന്ന് ഓട്ടുകഷണങ്ങൾകൊണ്ട് ശരീരം മാന്തിക്കീറുന്ന മനുഷ്യക്കോലങ്ങൾ. അവരാണ് കടന്നുപോകുന്നവനെ നോക്കി നിലവിളിക്കുന്നത്. എന്റെ ജീവിതത്തിൽ ഇരുളുമൂടിയ വഴികളിൽ, സാമ്പത്തികഞെരുക്കത്തിന്റെ തേങ്ങലുകളിൽ, പരാജയത്തിന്റെ നീർച്ചുഴികളിൽ അകപ്പെടുമ്പോൾ എല്ലാവരും കൈവിട്ടു എന്ന തോന്നലുകൾ ആവരണം ചെയ്യുമ്പോൾ ഗുരുവിനെ നോക്കി നിലവിളിക്കാം. യേശുവേ ഗുരോ എന്നിൽ കനിയണമേ എന്ന്.

രണ്ടാമതായി അവൻ പറയുന്നത് കേൾക്കുമ്പോഴാണ് ജീവിതത്തിൽ സൗഖ്യം ലഭിക്കുന്നത്. പത്രോസിന്റെ അമ്മായിയമ്മയെ തൊട്ടുസുഖപ്പെടുത്തിയവന്, ലാസറിനെ ഒരു വാക്കുകൊണ്ട് ഉയിർപ്പിച്ചവന്, മഹോദരരോഗിയെ അടുത്തുവിളിച്ച് സുഖപ്പെടുത്തി അയച്ചവന് ഒരു വാക്കുകൊണ്ട് ഈ കുഷ്ഠരോഗികളെ സുഖമാക്കാമായിരുന്നു. അവന്റെ ഒരു കരസ്പർശം അവരുടെ വ്യാധികളിൽ നിന്ന് പൂർണ്ണസൗഖ്യം പ്രദാനം ചെയ്യുമായിരുന്നു. എന്നാൽ അവിടുന്നവരെ യാത്രയാക്കുന്നു. പുരോഹിതന്റെ പക്കലേക്ക് പോകുവാൻ ആവശ്യപ്പെടുന്നു. അവന്റെ വാക്കുകേട്ട് യാത്രയാകുന്നവരാണ് പോകുന്ന വഴി സുഖം പ്രാപിക്കാൻ ഇടയാകുന്നത്.

എന്റെ ജീവിതത്തിൽ ഞാൻ വായിക്കുന്ന ബൈബിൾ വചനമായിരിക്കാം, ഞാൻ കേൾക്കുന്ന പള്ളി പ്രസംഗമായിരിക്കാം, ഞാൻ പങ്കെടുക്കുന്ന ധ്യാനമായിരിക്കാം എന്റെ ജീവിതത്തിന്റെ തകർച്ചകളിൽ അവൻ പറയുന്ന വചനമായി മാറ്റപ്പെടുന്നത്. തമ്പുരാൻ ഇന്നും ജീവിക്കുന്നവനാണ് എന്ന ബോധ്യത്തോടെ അവന്റെ വചനങ്ങളോട് അനുസരണം പുലർത്തുമ്പോഴാണ് എന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കുന്നത് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു.

മൂന്നാമതായി ഒരു തിരിച്ചുവരവ് ദൈവം എപ്പോഴും പ്രതീക്ഷിക്കുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ജനത അകന്നു പോയപ്പോൾ "ആകാശമേ കേൾക്കുക, ഭൂമിയെ ചെവിതരുക...കാള തന്റെ ഉടയവനേയും കഴുത തന്റെ യചമാനന്റെ തൊഴുത്തും അറിയുമ്പോൾ എന്റെ ജനം എന്നെ മനസ്സിലാക്കുന്നില്ല".(ഏശയ്യ 1:2/3). എന്ന് പ്രവാചകനിലൂടെ വിലപിക്കുന്ന ദൈവസ്വരം തിരിച്ചറിയാം. "നന്ദി ആരോടു ഞാൻ ചൊല്ലേണ്ടു" എന്നു പാടുന്ന കവിയും മനുഷ്യജീവിതത്തിന്റെ അടിസ്ഥാന മനോഭാവത്തെപ്പറ്റിയാണ് സൂചിപ്പിക്കുന്നത്. ബാക്കി ഒൻപതുപേരുടെ തിരിച്ചുവരവിനുവേണ്ടി അവൻ സമരിയായുടെ പാതയോരത്ത് കണ്ണുനട്ട് കാത്തിരിക്കുന്നു. വിജാതിയൻ തിരിച്ചുവരുമ്പോൾ തെരഞ്ഞെടുക്കപ്പെട്ടവർ നന്ദികേടിന്റെ പ്രതിരൂപമായി മാറുന്നു. നിറഞ്ഞ മനസ്സോടെ നിറഞ്ഞ മിഴികളോടെ ജന്മം തന്ന ദൈവത്തിന്, നിരന്തരം പരിപാലിക്കുന്ന ദൈവകാരുണ്യത്തിന്, ഉള്ളം കയ്യിൽ പേരെഴുതി കാത്തുസൂക്ഷിക്കുന്ന അവിടുത്തെ കരുതലിന് നന്ദി അർപ്പിക്കുമ്പോഴാണ് ജീവിതം ധന്യമാകുന്നത്. ജന്മം സഫലമാകുന്നത്.

# 15.

## ആരാണ് എന്റെ അയൽക്കാരൻ

**പ**രീഷ് ഹാളിന്റെ മുമ്പിൽ നിന്ന് പണിക്കാരെ നോക്കിക്കൊണ്ടിരുന്ന ഞാൻ പലപ്പോഴും ആ കാഴ്ച കണ്ടിരുന്നു. റോഡിന്റെ മറുവശത്ത് മാടക്കട നടത്തിയിരുന്ന വികലാംഗനായ ശിവൻ ചേട്ടനെ. ശിവൻചേട്ടനെ എല്ലാവർക്കും ഇഷ്ടമാണ്. അതുകൊണ്ട് ശിവൻ ചേട്ടന്റെ കടയിലെ ചായക്ക് നല്ല ചെലവുമാണ്. ദിലവസം 3 പ്രാവശ്യമെങ്കിലും ശിവൻചേട്ടന് ചായക്കാവശ്യമായ വെള്ളം കൊണ്ടുവരണമായിരുന്നു. അദ്ദേഹം താമസിക്കുന്ന സ്ഥലം മാടക്കടയിൽ നിന്ന് വളരെ അകലെയും. എങ്കിലും വികലാംഗനായ ശിവൻചേട്ടൻ തന്റെ വീട്ടിൽ നിന്ന് വലിയ കലത്തിൽ വെള്ളം ചുമന്ന് വിയർത്ത് ഏങ്ങി വലിച്ചു വരുന്ന കാഴ്ച പലരും കണ്ടതുപോലെ ഞാനും പലപ്പോഴും കണ്ടിരുന്നു. പുരോഹിതനായ എനിക്ക് ആ കാഴ്ചകണ്ടിട്ട് ഒന്നും തോന്നിയിരുന്നുമില്ല. എന്റെ കപ്യാരും ആ കാഴ്ച കണ്ടിട്ടുണ്ട്. വികാരിക്ക് തോന്നാത്ത ഒരു വികാരവും കപ്യാർക്കും തോന്നിയതായി കണ്ടിട്ടുമില്ല.

എന്നാൽ എന്റെ പാരീഷ് ഹാൾ പണിതുകൊണ്ടിരുന്നവരിൽ ഒരുവൻ അതും വിജാതീയനായ ഒരുവൻ - വാസുദേവൻ ഒരു ദിവസം വൈകുന്നേരം മേസ്തിരിമാരുടെ കരണ്ടിയും തൂമ്പയും മറ്റു പാത്രങ്ങളും കഴുകിയ ശേഷം വലിയ ജാറിലിരുന്ന വെള്ളം കമിഴ്ത്തിക്കളയുന്നതിന് മുമ്പ് വിയർത്തു കുളിച്ചു കയറിവരുന്ന ശിവൻചേട്ടന്റെ മുഖത്ത് നോക്കിയ ശേഷം എന്നോട് ചോദിച്ചു. "അച്ചാ ഈ മറിച്ചുകളയാൻ പോകുന്ന പച്ചവെള്ളം ഈ പാവം ശിവൻചേട്ടന് കൊടുക്കട്ടെ" എന്ന്?

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് അയൽക്കാരൻ ആരെന്നറിയാൻ ചോദ്യങ്ങളുമായി തമ്പുരാന്റെ പക്കലെത്തിയ നിയമജ്ഞനെക്കൊണ്ടുതന്നെ ഉത്തരം പറയിപ്പിച്ച എന്റെ കർത്താവ് എന്നെയും പഠിപ്പിക്കുകയായിരുന്നു. ശിവൻ ചേട്ടന് വാസുദേവൻ അയൽക്കാരനായതുപോലെ അല്ലയോ പുരോഹിതാ നീ നിന്റെ അയൽക്കാരനെ തിരിച്ചറിയുക എങ്ങനെ അതു സാധിക്കും? കരുണയുടെ മനോഭാവം, അലിവിന്റെ ചിന്ത അപരന്റെ നേരെ പ്രകടിപ്പിക്കുമ്പോൾ മാത്രമാണ് അപരൻ എന്റെ അയൽക്കാരനായി മാറുന്നത്.

മുറിവേറ്റ് കിടക്കുന്നവനെ തേടി നീണ്ടയാത്രകൾ നാം നടത്തേണ്ട ആവശ്യം ഇന്നില്ല. കാരണം മുറിവേറ്റവരെ സഹായിക്കാനും ശുശ്രൂഷിക്കാനും ഇന്ന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രികൾ ഉണ്ട്. എന്നാൽ ഹൃദയത്തിൽ മുറിവേറ്റ് കഴിയുന്നവർക്ക്, അനുദിന ജീവിതത്തിലെ സാധാരണ പ്രതിസന്ധികൾ നേരിടുന്നവർക്ക് ആശ്വാസമാകാൻ, ആശ്വാസമേകാൻ പരിശ്രമിക്കുമ്പോഴാണ് ഞാൻ അയൽക്കാരനായി മാറുന്നത്.

കുടുംബങ്ങളിൽ ഈ നല്ല അയൽക്കാരന്റെ മനോഭാവം എങ്ങനെ വളർത്താം? രാവിലെ മുതൽ വൈകുന്നേരം വരെ പാടത്തും പറമ്പിലും പാറമടയിലും പണിയും കഴിഞ്ഞ് തിരികെ വരുന്ന ഭർത്താവിനെ നോക്കി ഭാര്യ "ചേട്ടൻ മടുത്തല്ലോ അല്പം ചായകുടിക്ക് "എന്ന് സ്നേഹപൂർവ്വം പറയുമ്പോൾ മാത്രമാണ് ഒരു ഭാര്യ തന്റെ ഭർത്താവിന്റെ നല്ല അയൽക്കാരനായി മാറുന്നത്. അതിരാവിലെ പശുവിനേയും കറന്ന് മക്കൾക്ക് കാപ്പി ഉണ്ടാക്കി അടുക്കളപ്പണിയെല്ലാം ചെയ്ത് വൈകുന്നേരമാകുമ്പോഴേക്കും തളർന്ന ശരീരവുമായി തുണി അലക്കാൻ പോകുന്ന ഭാര്യയെ നോക്കി "നീ ഞങ്ങൾക്കുവേണ്ടി ഒത്തിരി കഷ്ടപ്പെടുന്നുണ്ടല്ലേ" എന്ന ഒരു വാക്ക് ഭർത്താവിൽ നിന്ന് കേൾക്കാൻ കൊതിക്കുന്ന ഭാര്യമാരുടെ നെടുവീർപ്പുകൾ നമ്മുടെ കുടുംബങ്ങളിൽ നിശബ്ദ നൊമ്പരങ്ങളായി മുഴങ്ങിക്കേൾക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ പലർക്കും ഇന്ന് കഴിയുന്നില്ല. ഇങ്ങനെ പ്രവർത്തിക്കുന്ന ഭർത്താവ് അവളുടെ നല്ല അയൽക്കാരനായി മാറുന്നു. ജീവിതത്തിന്റെ നല്ലകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് മക്കൾക്കുവേണ്ടി കഷ്ടപ്പെട്ട് തളർന്നുകിടക്കുന്ന മാതാപിതാക്കന്മാരെ നോക്കി നിങ്ങളാണ് അപ്പച്ചാ അമ്മച്ചീ, ഞങ്ങളെ ഇത്രയും വലുതാക്കിയതെന്ന് ഉള്ളുതുറന്ന് പറയുന്ന മക്കൾ മാതാപിതാക്കന്മാരുടെ നല്ല അയൽക്കാരായി മാറുന്നു. കരുണയുടെ മനോഭാവം അപരന്റെ നേരെ പുലർത്തി നമുക്ക് മറ്റുള്ളവരുടെ നല്ല അയൽക്കാരായി മാറാം.

# 16.

# ആരുടെ പാപം നിമിത്തമാണ് ഈ ജന്മം?

‘അച്ചാ ഞങ്ങളുടെ കുടുംബത്തിലും ഇതുപോലെ ഒരു മാനസികരോഗി ഉണ്ട് ’. അപ്പനപ്പൂപ്പന്മാരുടെ ആരുടെയെങ്കിലും തെറ്റിന് ദൈവം ഞങ്ങളെ ശിക്ഷിക്കുന്നതാണോ? 9 വയസ്സായിട്ടും മാനസീകമായി പക്വത എത്താത്ത തങ്ങളുടെ പദ്ധതിയാണ് എന്നു പറഞ്ഞ് ഒഴിവാകാൻ ശ്രമിക്കുമ്പോഴും ഇത് തമ്പുരാൻ നൽകുന്ന സൂചനകളാണ് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു. കാരണം:

## 1. ദൈവം മുന്നറിയിപ്പുകൾ നൽകുന്നവനാണ്

വികൃതമാക്കപ്പെട്ട, വൈകല്യം നിറഞ്ഞ ഓരോ രൂപവും തമ്പുരാൻ നൽകുന്ന മുന്നറിയിപ്പുകളാണ്. എൻഡോസൾഫാൻ ദുരിതം പേറി ജീവിക്കുന്ന കുഞ്ഞുങ്ങൾ, മനുഷ്യൻ പ്രകൃതിയെ നശിപ്പിച്ചതിന്റെ, മനുഷ്യന്റെ ആർത്തിക്ക് ദൈവം കാണിച്ചു കൊടുത്ത സൂചനകളല്ലേ. എല്ലാം സ്വന്തമാക്കണമെന്ന അത്യാ

ഗ്രഹത്തിൽ നിന്നും മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ തുടങ്ങിയപ്പോൾ ദൈവം സൂചനകളിലൂടെ സംസാരിക്കുന്നു. ജനനനിയന്ത്രണം ഏർപ്പെടുത്തിയ ചൈനയിൽ പ്രയോജന രഹിതമായ വൃദ്ധസമൂഹം വർദ്ധിച്ചുവരുന്നത് ദൈവം നൽകുന്ന സൂചനയുടെ പ്രതിബിംബമല്ലേ. തിന്മയുടെ പാതയിൽ ചരിച്ചിരുന്ന സൊദോം ഗൊമോറ ദേശങ്ങളിലേക്ക് അഗ്നിയിറങ്ങി നഗരം മുഴുവൻ നശിപ്പിക്കപ്പെടുന്നത് തമ്പുരാന്റെ സൂചനകളല്ലേ. തല മാത്രം വളരുന്ന വിദ്യാഭ്യാസത്തിന് അമിതപ്രാധാന്യം നൽകുന്നതുകൊണ്ടല്ലേ കേരളത്തിൽ ഹൃദയം ചുരുങ്ങുന്ന വ്യക്തികൾ ഉണ്ടാകുന്നതും ചെറിയ കുടുംബങ്ങളിലെ വലിയ ഭാരങ്ങളായി മാതാപിതാക്കൾ ഇന്ന് മാറിക്കൊണ്ടിരിക്കുന്നതും. അതുകൊണ്ട് ഓരോ അടയാളവും ദൈവം നൽകുന്ന സൂചനയാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

## 2. ദൈവത്തിന്റെ കരുണ വെളിപ്പെടുത്തപ്പെടുന്നു.

മനുഷ്യൻ അനുഭവിക്കുന്ന ഓരോ ദുരിതത്തിനും ഒരു മറുവശം കൂടി കാണാൻ കഴിയുന്നുണ്ട്. അത് ദൈവത്തിന്റെ കരുണയുടെ പ്രതിഫലനമാണ്. എറണാകുളം ലിസി ആശുപത്രിയിൽ മരണത്തോട് മല്ലടിച്ചു കഴിഞ്ഞിരുന്ന മാത്യു ആന്റെണി എന്ന 47 വയസ്സുകാരന്റെ നിസ്സഹായാവസ്ഥയ്ക്കു മുന്നിൽ ഒരു നാടുമുഴുവൻ പ്രാർത്ഥനയോടെ കഴിയുന്നത് ദൈവകരുണയുടെ ഉദാഹരണം തന്നെയല്ലേ. സാമ്പത്തികമായി ഒന്നുമില്ലാത്ത ഈ ഓട്ടോറിക്ഷാക്കാരന് സഹായവുമായി നൂറുകണക്കിനാളുകൾ മുന്നോട്ടു വരുന്നു. ഹൃദയം പറിച്ചു നൽകാൻ തിരുവനന്തപുരം ശ്രീചിത്തിരയിൽ മസ്തിഷ്കമരണം സംഭവിച്ച നീലകണ്ഠശർമ്മയുടെ ഭാര്യ തീരുമാനിക്കുന്നു. നാനൂറ്റി മുപ്പത് കിലോമീറ്റർ

ദൂരെ നിന്നും  ഒന്നര മണിക്കൂർകൊണ്ട് മുറിച്ചുമാറ്റിയ ഹൃദയവുമായി പറന്നെത്തുവാൻ ഗവൺമെന്റ് സഹായിക്കുന്നു. പാതയോരത്തെ തിരക്കേറിയ നിമിഷങ്ങൾ മാറ്റിവയ്ക്കുവാൻ വഴിയാത്രക്കാരും വാഹനങ്ങളും പരിശ്രമിക്കുന്നു. ദൈവ പദ്ധതിയെന്നു പറഞ്ഞ്, ഓപ്പറേഷൻ വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം ഡോക്ടർമാർ. ഇതെല്ലാം ദൈവത്തിന്റെ കരുണയുടെ അടയാളങ്ങളല്ലേ.

## 3. ദൈവം സിലോഹായിലേക്ക് അയക്കുന്നവനാണ്

ദുരിതപൂർണ്ണമായ ജീവിത യാത്രയിൽ ദൈവം നമ്മെ സിലോഹായിലേക്ക് അയക്കുന്നുണ്ട് എന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. അന്ധനെതൊട്ടു സുഖപ്പെടുത്തുന്നതിനു പകരം അവനെ കുളത്തിലേക്കു പറഞ്ഞയക്കുന്നു. ഓരോ രക്ഷാകര അനുഭവത്തിനു പിന്നിലും ഒരു യാത്രയാക്കൽ ഉണ്ട് എന്നതാണ് യാഥാർത്ഥ്യം. സിലോഹായിലേക്ക് പോകാൻ പറയുന്നത് ചിലപ്പോൾ ഞാൻ കൂടുന്ന ഒരു വാർഷിക ധ്യാനമായിരിക്കാം. ചിലപ്പോൾ ഞാൻ പള്ളിയിൽ കേൾക്കുന്ന ഒരു പ്രസംഗമായിരിക്കാം.  ചിലപ്പോൾ ഇത് ഒരു അപകടമായിരിക്കാം. ഒരു പക്ഷെ എന്റെ കുടുംബത്തിനുണ്ടാകുന്ന ഒരു രോഗമായിരിക്കാം.

അദൃശ്യമായി തമ്പുരാൻ എന്നെ സീലോഹായിലേക്ക് അയക്കുന്നതിന്റെ ഉദ്ദേശം രക്ഷപെടണമെങ്കിൽ മനുഷ്യന്റെ സഹകരണം കൂടി ആവശ്യമാണ് എന്ന് ഓർമിപ്പിക്കുന്നതിനാണ്. പരീക്ഷ എഴുതുമ്പോൾ പഠിക്കാതെ പ്രാർത്ഥിച്ചാൽ മാത്രം മതി എന്നു പറഞ്ഞ് അൽഫോൻസാമ്മയുടെ രൂപത്തിനു മുമ്പിൽ രാവും പകലും ഇരുന്നതിനുശേഷം പരീക്ഷ എഴുതാൻ പോയാൽ പാസ്സാകില്ലയെന്ന് നമുക്കറിയാം. പറമ്പിൽ

പണിയാതെ പ്രാർത്ഥനാഗ്രൂപ്പുകളിൽ രാത്രിയും പകലും ചെലവഴിച്ചാൽ പറമ്പിൽ നിന്നും ഒന്നും ലഭിക്കില്ല. മറിച്ച് നമ്മുടെ അദ്ധ്വാനത്തോടൊപ്പം ദൈവ കരുണകൂടി ലഭിക്കുമ്പോഴാണ് ഫലം ചൂടാൻ കഴിയുന്നത്. അതുകൊണ്ട് ഓരോ ദുരിതത്തിന്റെയും പിന്നിൽ ലയിച്ചിരിക്കുന്ന രഹസ്യം മനസ്സിലാക്കണം.

# 17.

## നിലവിളി കേൾക്കുന്ന ദൈവം

എല്ലാ ദിവസവും വിശുദ്ധകുർബാനക്കുശേഷം ഏറെ സമയം ഉണ്ണീശോയുടെ രൂപത്തിനു മുമ്പിൽ തിരികത്തിച്ചുവെച്ചു കണ്ണു നീർ തൂകി പ്രാർത്ഥിക്കുന്ന അവളെ ഞാൻ ശ്രദ്ധിച്ചിരുന്നു. ഏകാന്തതയുടെ നിശബ്ദതയിൽ തന്റെ ഹൃദയവേദനകളും നൊമ്പരങ്ങളും അവന്റെ മുമ്പാകെ അവൾ അർപ്പിക്കുമായിരുന്നു. മുഴുക്കുടിയനായ ഭർത്താവിന്റെ കഠിനമായ മർദ്ദനത്തിന്റെ അടയാളങ്ങൾ അവളുടെ കൈകളിലും മുഖത്തും നിഴലിച്ച് കാണാമായിരുന്നു. ഭർത്താവിന് ഒരു ധ്യാനത്തിന് പോകുന്നതിനുള്ള തോന്നലുണ്ടാക്കുന്നതിനായിട്ടാണ് അവൾ നിരന്തരമായി പ്രാർത്ഥിക്കുന്നത്. ഈജിപ്തിലെ ദുരന്തഭൂമിയിൽ നിന്ന് കരമുയർത്തി നിലവിളിച്ച ദൈവജനത്തിന്റെ നെടുവീർപ്പുകൾ ആകാശത്തേക്ക് ഉയർന്നപ്പോഴാണ് "എന്റെ ജനത്തിന്റെ നിലവിളിയുടെ ശബ്ദം എന്റെ കാതുകളിൽ പതിച്ചിരിക്കുന്നു". എന്നു പറഞ്ഞുകൊണ്ട് പുറപ്പാടിന്റെ പുസ്തകത്തിൽ വിമോചകനായ മോശയെ ഈജിപ്തിലേക്ക് ദൈവം അയക്കുന്നത്. അടിമത്ത

ത്തിന്റെ നാട്ടിൽ നിന്ന് തേനും പാലും ഒഴുകുന്ന സ്വപ്ന ഭൂമിയിലേക്ക് ദൈവജനത്തെ നയിക്കാൻ ഹോറെബിലെ കത്തിയെരിയുന്ന മുൾപ്പടർപ്പിൽ നിന്ന് മോശയെ ദൈവം വിളിച്ചത് , അവരിൽ നിന്ന് ഉയർന്നുവന്ന രോദനം കേട്ടതുകൊണ്ടാണ്. ദൈവം നിലവിളി കേൾക്കുന്നവനാണ്.

നിലവിളിക്ക് പ്രത്യുത്തരം ലഭിക്കണമെങ്കിൽ ആദ്യം വേണ്ടത് വിശ്വാസമാണ്. ജറീക്കോയുടെ പാതയോരങ്ങളിൽ, തന്റെ ഭിക്ഷാപാത്രത്തിനു നേരെ വലിച്ചെറിയപ്പെടുന്ന ചില്ലിക്കാശിനു വേണ്ടി ആർത്തിയോടെ കാത്തിരുന്ന അന്ധനായ മനുഷ്യന് തന്റെ ചാരെ കടന്നുപോകുന്നത് രക്ഷകനാണെന്ന തിരിച്ചറിവ് ഉണ്ടായപ്പോഴാണ് ഉറക്കെ നിലവിളിക്കുന്നത്. കാരണം മറ്റുപല അന്ധരിൽ നിന്നും അവൻ നസറായനായ യേശുവിനെക്കുറിച്ച് കേട്ടിരുന്നു. പള്ളിമുറ്റത്ത് തന്റെ കൂടെയിരുന്നു ഭിക്ഷയെടുത്തിരുന്ന അന്ധനാണ് കൂടാരത്തിരുന്നാൾ ദിവസം യേശു പറഞ്ഞതുകേട്ട് സിലോഹായിൽ പോയി കഴുകി സുഖം പ്രാപിച്ചത്. മലയുടെ അടിവാരത്തിൽ ഇരുന്നപ്പോഴാണ് അവൻ ആശീർവ്വദിച്ചുകൊടുത്ത അപ്പക്കഷണത്തിന്റെ ബാക്കിയുമായി ഭാര്യ എത്തിയത്. മരിച്ച മനുഷ്യനെപ്പോലും ഉയിർപ്പിച്ച നസറായനെക്കുറിച്ച് ടൗണിലിരുന്ന് ആളുകൾ പറയുന്നതും അവൻ കേട്ടിരുന്നു.ജറുസലേം മതിലിന് വെളിയിലേക്ക് പുറം തള്ളപ്പെട്ട കുഷ്ഠരോഗികളെയും അവൻ തൊട്ട് സുഖപ്പെടുത്തിയ വാർത്ത കാട്ടുതീ പോലെയാണ് ജറീക്കോ പട്ടണത്തിൽ പടർന്നത്. അന്ന് ആഗ്രഹിച്ചതാണ് അവൻ എന്റെ അടുക്കൽ ഒന്ന് വന്നിരുന്നെങ്കിൽ അപ്പോഴാണ് ജനക്കൂട്ടത്തിന്റെ ആർപ്പുവിളി ഉയർന്നു കേട്ടത്. നസറായനായ യേശു കടന്നുവരുന്നു.

വിശ്വാസത്തിന്റെ അടയാളമാണ് തമ്പുരാനെ നോക്കിയുള്ള നിലവിളി. ബാബിലോൺ നദിയുടെ തീരത്തിരുന്നുകൊണ്ട് സെഹിയോനെ ഓർത്തു വിലപിക്കുന്ന തിരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം വിമോചകനെ അയക്കുമെന്ന വിശ്വാസം ഉണ്ടായിരുന്നു. ഈജിപ്തിലെ മണലാരണ്യത്തിലൂടെ കാനാൻ തേടിയുള്ള യാത്രയിൽ വിശന്നുപൊരിഞ്ഞ ജനം ദൈവത്തെ നോക്കി നിലവിളിച്ചപ്പോഴാണ് അവിടുന്ന് അവർക്ക് മന്നായും കാടപ്പക്ഷിയും നൽകുന്നത്. പാപഭാരവും പേറി സമാഗമ കൂടാരത്തിന്റെ വാതിൽക്കലിരുന്ന് ''ദൈവമേ എന്നോട് കരുണ തോന്നണമേ'' എന്ന് നിലവിളിച്ചു പ്രാർത്ഥിക്കുന്ന ദാവീദിന്റെ വംശത്തിൽ നിന്നാണ് രക്ഷകൻ പിറക്കുന്നത്. ''ഞാൻ ദുർഭഗനായ മനുഷ്യൻ, ആഗ്രഹിക്കുന്ന നന്മയല്ല, ഇഷ്ടമില്ലാത്ത തിന്മ പ്രവർത്തിച്ചു പോകുന്നു''. എന്നു പറഞ്ഞു പ്രാർത്ഥിച്ച പൗലോസിനോടാണ് ''നിനക്ക് എന്റെ കൃപമതി''യെന്ന് അവിടുന്ന് അരുളിചെയ്യുന്നത്. ദാവീദിന്റെ പുത്രനെ നോക്കി അന്ധനായ മനുഷ്യൻ നിലവിളിച്ചു പ്രാർത്ഥിച്ചപ്പോഴാണ് അവനെ തന്റെ അടുക്കലേക്ക് വിളിച്ച് അവിടുന്ന് സൗഖ്യം നൽകുന്നത്. നമ്മുടെ ജീവിതത്തിന്റെ തകർച്ചകളിൽ ,നിരാശയിൽ, സാമ്പത്തിക ഞെരുക്കങ്ങളിൽ ഒറ്റപ്പെടുത്തലുകൾക്കിടയിൽ ഏകാന്തതയുടെ തടവറയിൽ പരാജയത്തിന്റെ പടുകുഴിയിൽ തമ്പുരാനെ നോക്കി നിലവിളിക്കുമ്പോഴാണ് അവിടുന്ന് നമ്മെ അവന്റെ അടുക്കലേക്ക് വിളിക്കുന്നത്.

അടുത്തതായി, നിലവിളി വ്യക്തിപരമായ ബന്ധത്തിലേക്ക് നയിക്കുന്നു. തന്റെ അടുക്കൽ നിലവിളിയുമായി നിൽക്കുന്ന അന്ധന്റെ തോളിൽ തട്ടി നസറായൻ ചോദിക്കുന്നത് മറ്റൊന്നുമല്ല. ''ഞാൻ നിനക്കുവേണ്ടി, നിന്റെ കുടുംബത്തിനുവേണ്ടി എന്തു ചെയ്തു തരണം? ഒരു സുഹൃത്തിനെപ്പോലെ ദൈവം

നമ്മുടെ തകർച്ചകളിലേക്ക് കടന്നുവരുന്നതിന്റെ ഉദാഹരണ മാണ് നാമിവിടെ കാണുന്നത്. ജീവിതത്തിന്റെ തകർച്ചകളിൽ അവനെ നോക്കി ബലിയർപ്പണ സമയത്ത് നിലവിളിക്കുമ്പോൾ അപ്പത്തിന്റെ രൂപത്തിൽ ഓരോ ദിവസവും എന്റെ ഹൃദയക വാടത്തിൽ മുട്ടിവിളിച്ച് സജീവനായ ദൈവം ഇന്നും ചോദി ക്കുന്നു ''ഞാൻ നിനക്കുവേണ്ടി എന്തു ചെയ്തുതരണമെന്നാണ് നീ ആഗ്രഹിക്കുന്നത്''. വിണ്ണിലിരുന്ന് ഉറങ്ങുന്ന ദൈവമല്ല അവി ടുന്ന്, മറിച്ച് മണ്ണിൽ ഇഴയുന്ന മനുഷ്യന്റെ വേദനകളോട് താദാത്മ്യപ്പെട്ടവനാണ് അവിടുന്ന്.

വ്യക്തിപരമായ ബന്ധം മാനസാന്തരത്തിലേക്ക് നയിക്കുന്ന തായും നാമിവിടെ കാണുന്നു. സൗഖ്യം ലഭിച്ച അന്ധനായ മനു ഷ്യൻ തന്റെ പുറങ്കുപ്പായം വലിച്ചെറിഞ്ഞ് അവനെ അനുഗമി ക്കാൻ തയ്യാറാകുന്നു. ജറീക്കോയുടെ തകർച്ചയിൽ നിന്ന് ജറുസ ലേമിന്റെ രാജവീഥിയിലേക്ക് യേശുവിന്റെ ശിഷ്യനായി മാറി അവൻ കടന്നു പോകുന്നതായാണ് ഇവിടെ കാണുന്നത്. തന്റെ ഭിക്ഷാപാത്രവും അന്ധതയുടെ കുപ്പായവും വലിച്ചെറിയാൻ അന്ധനായ മനുഷ്യൻ തയ്യാറായതുപോലെ അനുദിന ജീവിത ത്തിൽ അവിടുന്ന് നൽകുന്ന നിരവധിയായ അനുഗ്രഹങ്ങൾ സ്വന്തമാക്കുന്ന എന്റെ ജീവിതത്തിൽ ചെറുതായ മാറ്റമെങ്കിലും ഉണ്ടാക്കാൻ തയ്യാറായാൽ മാത്രമാണ് ഞാൻ അവന്റെ ശിഷ്യ \ mb n X œ p¶ X v ''കർത്താവിന്റെ സ്നേഹത്തിൽ നിന്ന് ആർ ക്കെന്നെ വേർപെടുത്താൻ സാധിക്കും'' എന്ന് പൗലോസ് ശ്ലീഹായ്ക്ക് ചോദിക്കാൻ സാധിച്ചത് തന്റെ പുറങ്കുപ്പായം വലിച്ചെറിയാൻ തയ്യാറായപ്പോഴാണ്. പരിശുദ്ധമായ ചിന്തക ളോടെ അവന്റെ ബലിയർപ്പണത്തിനു മുമ്പാകെ നിൽക്കാനുള്ള കൃപാവരത്തിനായി അന്ധനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. അവിടുന്ന് നമ്മെ സുഖപ്പെടുത്തട്ടെ..

# 18.

## മുമ്പൻമാർ പിൻപിലാകുമ്പോൾ

"**അ**ച്ചാ ഒന്നു എഴുന്നേൽക്കാമോ" കൊച്ചച്ചന്റെ വാക്കുകൾ ചാട്ടുളിപോലെ ഇന്നും മനസ്സിനെ നീറ്റുന്നു. എല്ലാം നന്നായി കാണണമെന്ന് കരുതിയാണ് ഏറ്റവും മുൻപന്തിയിൽ നിരത്തിയിട്ടിരുന്ന കസേരയിൽ നേരത്തെതന്നെ സ്ഥാനം പിടിച്ചത്. കത്തീഡ്രലിന്റെ വെഞ്ചരിപ്പുമാണല്ലോ. മനോഹരമായി പണിതുയർത്തിയ ദേവാലയത്തിന്റെ അൾത്താരയോട് ചേർന്ന് ഇരിക്കുമ്പോൾ സോളമനെപ്പോലെ ഞാനും ചിന്തിച്ചു. 'ദൈവമെ സ്വർഗ്ഗത്തിനും സ്വർഗ്ഗാധിസ്വർഗ്ഗത്തിനും അങ്ങയെ ഉൾക്കൊള്ളാൻ സാധിക്കാത്തപ്പോൾ മനോഹരമായ ഈ ആലയത്തിൽ അങ്ങയുടെ മഹത്വം ആവസിക്കുന്നതു കാണാനുള്ള ഭാഗ്യം എനിക്ക് നൽകണമേ എന്ന് . കസേരയിൽ എന്റെ അടുത്ത് വന്നിരിക്കുന്ന വല്യച്ചന്മാരോട് ചേർന്ന് ഇരുന്നപ്പോൾ ഞാൻ എന്നെത്തന്നെ ന്യായീകരിച്ചു. പട്ടം കിട്ടിയിട്ട് 20 വർഷം കഴിഞ്ഞതല്ലേ. സീനിയറായി പരിഗണിക്കാം. മാത്രമല്ല

രൂപതയുടെ ഏക കോളേജിന്റെ വൈസ് പ്രിൻസിപ്പലുമല്ലേ. ബഹുമാനം കിട്ടേണ്ടവനല്ലേ. എല്ലാവരും കാണേണ്ടവനല്ലേ. ചിന്തകൾ കൂടുതൽ നീളാൻ കൊച്ചച്ചൻ അനുവദിച്ചില്ല. കോതമംഗലം രൂപതയിൽ നിന്നെത്തിയ സീനിയർ അച്ചനേയും കൊണ്ട് – മാത്രമല്ല അദ്ദേഹം കത്തീഡ്രലിന്റെ മുൻ വികാരിയുമാണ്. കൊച്ചച്ചൻ വന്ന് പറഞ്ഞപ്പോൾ എനിക്ക് ബോധ്യമായി മുൻപന്മാർ പലപ്പോഴും പിൻപന്മാരുമാകുമെന്ന് തമ്പുരാൻ പറഞ്ഞ വചനത്തിന്റെ പൊരുൾ ഇന്നും പ്രസക്തമാണെന്ന്.

മുമ്പന്മാരെന്നു കരുതി അഹങ്കരിക്കുന്നവരെ പിമ്പന്മാരാക്കുന്ന ദൈവപദ്ധതിയുടെ എത്രയോ ഉദാഹരണങ്ങൾ വിശുദ്ധ ഗ്രന്ഥം നമ്മുടെ മുമ്പിൽ വ്യക്തമാക്കുന്നു. 'മനുഷ്യൻ മനുഷ്യന്റെ പുറം നോക്കുന്നു ദൈവമാകട്ടെ ഉള്ളു പരിശോധിക്കുന്നു'. എന്നു പറഞ്ഞ് കൊമ്പിൽ നിറച്ച തൈലവുമായി ജസ്സെയുടെ കുടുംബത്തിന്റെ പടിവാതിലിൽ നിൽക്കുന്ന പ്രവാചകനായ സാമുവേൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ പ്രത്യേകത വ്യക്തമാക്കുന്നു. തന്റെ കുടുംബത്തിൽ നിന്ന് ഒരുവൻ രാജാവാകാൻ യോഗ്യനായിരിക്കുന്നു എന്ന പ്രവാചക വചനം കേട്ടപ്പോൾ കഴിവും സൗന്ദര്യവും പ്രാപ്തിയും ആരോഗ്യവുമുള്ള ഏഴുപേരെ നിരയ്ക്ക് നിർത്തിയ അപ്പന്റെ കണ്ണുതുറപ്പിച്ചുകൊണ്ടാണ് ആടിനെ മേയിക്കാൻ അലഞ്ഞു നടന്ന കൊച്ചുബാലന്റെ ശിരസ്സിൽ തൈലം ഒഴിച്ചുകൊണ്ട് സാമുവൽ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നത്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ തിരഞ്ഞെടുപ്പുകൾ എപ്പോഴും ബലഹീനതയിലും കഴിവുകേടുകളിലുമാണ് നാം കാണുന്നത്. കാരണം ലോകദൃഷ്ടിയിൽ ശക്തരേയോ കുലീനരേയോ അല്ല മറിച്ച് ബലഹീനരെ തിരഞ്ഞെടുത്ത്

ഉയർത്തുന്ന, മുമ്പിൽ നിർത്തുന്ന ദൈവകരുണയുടെ അടയാളങ്ങളാണ് ഓരോ വിളിയും എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രാർത്ഥനാ ജീവിതത്തിലുംന മുൻപന്മാരെന്നു കരുതുന്ന പലരേയും പിൻപന്മാരാക്കുന്ന ദൈവനീതിയുടെ അടയാളങ്ങൾ ബൈബിളിൽ കാണാൻ കഴിയുന്നു. ഞാൻ നിനക്ക് നന്ദി പറയുന്നു കാരണം ഞാൻ അക്രമിയെപ്പോലെയോ, വ്യഭിചാരി കളെപ്പോലെയോ പുറകിൽ നിൽക്കുന്ന പാപിയെപ്പോലെയോ അല്ല ജീവിക്കുന്നത്. മറിച്ച് ദാനധർമ്മം ചെയ്യുന്നുണ്ട്. ഉപവാസം നടത്തുന്നുണ്ട്. ദശാംശം കൊടുക്കുന്നുണ്ട് എന്ന് പറഞ്ഞ് വീമ്പിളക്കിയവനല്ല ദൈവത്തിന്റെ കരുണ അനുഭവിക്കാൻ യോഗ്യത ലഭിച്ചത്. പിന്നെയോ ദൂരെ നിന്ന് മാറത്തടിച്ചുകൊണ്ട് കണ്ണുകൾ ഉയരങ്ങളിലേക്ക് ഉയർത്താൻ പോലുമാവാതെ വിലപിച്ച മനുഷ്യനാണ് കൂടുതൽ നീതീകരിക്കപ്പെട്ട് സമാ ധാനത്തോടെ വീട്ടിലേക്ക് മടങ്ങുന്നത്. ദേവാലയ കർമ്മങ്ങ ളിലുള്ള സാന്നിധ്യത്തേക്കാൾ, ദേവാലയ നിർമ്മാണ ഫണ്ടിലേക്ക് നൽകപ്പെട്ട ഉദാരമായ സംഭാവനയേക്കാൾ ദേവാലയ ഭിത്തികളിലും വസ്തുക്കളിലും എഴുതിവച്ചിരിക്കുന്ന സ്മാരകഫലകങ്ങൾ അല്ല നിന്റെ മുൻപന്തിയിലുള്ള മാനദണ്ഡം എന്ന തിരിച്ചറിവ് ഇനിയും ഉണ്ടാകേണ്ടിയി രിക്കുന്നു.നിന്റെ മുമ്പിൽ നിൽക്കാൻ പോലും യോഗ്യതയില്ല എന്ന് ഏറ്റുപറയുന്നവനെയാണ് കർത്താവ് മുൻപന്തിയിലേക്ക് കൊണ്ടുവരുന്നത്. ജീവിത ചക്രത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കാനും ഈ ചിന്ത നമ്മെ സഹായിക്കട്ടെ.

“ഹാ സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതി തൻ ത്രാസ് പൊങ്ങുന്നതും താണു പോവതും”. എന്ന് കുമാര

നാശാൻ കരുണയിൽ പാടിയിരിക്കുന്നത് എത്രയോ വാസ്തവമാണ്. എന്റെ കഴിവുകൊണ്ട് എന്റെ അപ്പന്റെ സാമർത്ഥ്യം കൊണ്ട് ഞാൻ നേടിയതാണ് ഇതെല്ലാം എന്നു പറഞ്ഞ് വീമ്പിളക്കുന്നവനെ നോക്കി തമ്പുരാൻ പറയുന്നു. മുൻപന്മാർ പിൻപന്മാരാകുമെന്ന്. പണക്കൊഴുപ്പിന്റെയും ധൂർത്തിന്റെയും മേളകൾ നടത്തിയും തിരുനാളുകൾ നടത്തിയും മറ്റാരേയുംകാൾ മുമ്പിലാണ് ഞാൻ എന്നു വിചാരിക്കുന്നവനും ദൈവനീതിയുടെ തിരിച്ചറിവ് ലഭിക്കാതിരിക്കുകയില്ല. എന്നാൽ ദൈവമേ നീ തന്നതല്ലാതെ മറ്റൊന്നും എനിക്കില്ല എന്ന് പറയാൻ സാധിക്കുന്നവനാണ് മറിയത്തെപ്പോലെ ശക്തനായവൻ എനിക്ക് വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന ബോധ്യം ഉണ്ടാകുന്നത്. എളിയവരെ ഉയർത്തുന്ന ദൈവ തിരുമുമ്പിൽ നിൽക്കുമ്പോൾ സങ്കീർത്തകനെപ്പോലെ എനിക്കും പറയാൻ കഴിയട്ടെ ''കർത്താവ് എന്റെ ഇടയനാണ്. എനിക്ക് ഒരു കുറവും ഉണ്ടാവുകയില്ല'' എന്ന്